മലയാള ഖണ്ഡകാവ്യപ്രസ്ഥാനത്തിലെ മറ്റൊരു മഹാരഥനാണ് ഉള്ളൂർ. ക്ലാസിക്ക്സാങ്കേതികതയുടെ ആരാധകനായി രംഗപ്രവേശം ചെയ്ത ഉള്ളൂരാകട്ടെ, കാലഘട്ടത്തിന്റെ പ്രവണതകളെ കണക്കിലെടുത്തുകൊണ്ടുതന്നെ ഖണ്ഡകാവ്യരചനയിൽ നിഷ്ണാതനാവുകയാണ് ചെയ്തത്. 'താരഹാരം', 'കിരണാവലി', 'മണിമഞ്ജൂഷ', 'ദീപാവലി' തുടങ്ങിയ സമാഹാരകൃതികളിൽ ഒന്നാംതരം ഖണ്ഡകൃതികൾ അടങ്ങിയിട്ടുണ്ടെങ്കിലും 'കർണ്ണഭൂഷണം', 'പിംഗള', 'ഭക്തിദീപിക' എന്നിവയാണ് അദ്ദേഹത്തിന്റെ ഈടുറ്റ കൃതികൾ. ഇവയിൽത്തന്നെ 'കർണ്ണഭൂഷണം' ഉള്ളൂർക്കവിതയുടെ മൗലികമാണിക്യമായി പരിലസിക്കുന്നു. ഏതു സമയത്തും ആർഷസംസ്കാരാരാധകനായിരുന്ന ഉള്ളൂരിന്റെ ഖണ്ഡകൃതികൾ ക്ലാസിസത്തിന്റെ ആടയാഭരണങ്ങളണിഞ്ഞിട്ടുണ്ടെന്നു മാത്രമല്ല, അനഭിജ്ഞന്മാക്ക് അനഭിഗമ്യവും കൂടിയാണ്.

ഖണ്ഡകാവ്യപ്രസ്ഥാനത്തിന്റെ ചരിത്രത്തിൽ കവിത്രയത്തെപ്പോലെതന്നെ പ്രാധാന്യമർഹിക്കുന്ന ഒരു നാമമാണ് 'കണ്ണുനീർത്തുള്ളി'യുടെ കർത്താവായ നാലപ്പാട്ടു നാരായണമേനോൻ. ഒരു വിലാപകാവ്യമെന്ന നിലയിൽ മലയാളത്തിലെ മറ്റേതൊരു കാവ്യത്തെയും അതിശയിക്കുന്ന കാവ്യഗുണസമ്പൂർണ്ണതയാണ് കണ്ണുനീർത്തുള്ളിയ്ക്കുള്ളത്. ഉച്ചത്തിലുള്ള കരച്ചിലിനേക്കാൾ ഹൃദയത്തിന്റെ സംഗീതാത്മകമായ അഗാധരോദനമാണ് കണ്ണുനീർത്തുള്ളിയിൽനിന്നും കേൾക്കുന്നത്.[17] (മ: സാ: ച: പി. കെ.) ഹൃദയതന്ത്രികളെ വലിച്ചുമുറുക്കുന്ന ഊഷ്മളമായ വികാരവായ്പും, സാങ്കല്പിക മേഖലയുടെ നാലതിരുകളെ ഉല്ലംഘിക്കുന്ന രീതിയിൽ ഉയർന്നുയർന്നു പോകുന്ന വിചാരധാരയും സമ്മോഹനമായി സമ്മേളിച്ചതിന്റെ പരിണതഫലമാണ് 'കണ്ണുനീർത്തുള്ളി'.

## ഖണ്ഡകാവ്യങ്ങൾ ഇന്ന്

വൈലോപ്പിള്ളി, വെണ്ണിക്കുളം, ബാലാമണിയമ്മ തുടങ്ങിയവർ ആധുനിക ഖണ്ഡകാവ്യപഥത്തിലെ പദം പിഴയ്ക്കാത്ത സഹയാത്രികരാണ്. ആധുനികഖണ്ഡകാവ്യപ്രസ്ഥാനശാഖയിലെ മറ്റൊരു ഉപശാഖയുടെ നേതൃത്വം വഹിക്കുകയാണ് ജി. ശങ്കരക്കുറുപ്പ്. പ്രകൃത്യുപാസകനും സൗന്ദര്യ ഗായകനുമായി രംഗത്തുവന്ന ജിയുടെ കവിതകൾക്കുള്ള സവിശേഷത പ്രതിരൂപാത്മക രീതിയാണ്. ചില കവിതകളിൽ അദ്ദേഹം (അഭിവാഞ്ഛനം, പങ്കജഗീതം) ഒരു യോഗാത്മക കവിയായും പ്രത്യക്ഷപ്പെടാറുണ്ട്. ജിയുടെ കവിതകളുടെ ഏറ്റവും വലിയ പ്രത്യേകത തുല്യയോഗ്യതകളുള്ള പ്രതിരൂപങ്ങൾ മാത്രമേ അദ്ദേഹത്തിന്റെ കവിത തിരഞ്ഞെടുക്കാറുള്ളു എന്നതാണ്. മലയാളമണ്ണിന്റെ മണമൂറുന്ന, അകൃത്രിമമായ ഗ്രാമസൗന്ദര്യമുൾക്കൊള്ളുന്ന ഒരു വചോവിലാസമാണ് പി. കുഞ്ഞിരാമൻനായരുടെ കവിത. അമ്പലക്കുളവും, അരയാൽത്തറയു

MAR IVANIOS COLLEGE LIBRARY DIGITAL REPOSITORY

മൊക്കെ ആ ഭാവനയ്ക്കു വിഹരിക്കാനുള്ള പ്രദേശങ്ങളാണ്; ഓണവും, വിഷുവും, തിരുവാതിരയും, കഥകളിയുമൊക്കെ വർണ്ണനാവിഷയങ്ങളും. അലൗകികമായ ആദ്ധ്യാത്മിക ജ്യോതിസ്സിനെ അതിരററ ആരാധിക്കുന്ന ആ ഭക്ത കവിയുടെ ഖണ്ഡകൃതികളിൽ പലതും ഉത്തമ യോഗാത്മക കവിതകളാണ്.

ആധുനാതനകവിതയിലേക്ക് കടക്കുന്നതിനു മുമ്പു അതിനു മാർഗ്ഗദർശനം നൽകിയ ഇടപ്പള്ളിക്കവികളെ ആദരാഞ്ചിതം സ്മരിക്കേണ്ടിയിരിക്കുന്നു. മലയാളകാവ്യാംഗനയ്ക്കു് അസുലഭമായിമാത്രം മുമ്പു കേൾക്കാൻ കഴിഞ്ഞിരുന്ന ഒരു കളനൂപുര ശിഞ്ജിതമായിരുന്നു ചങ്ങമ്പുഴയുടെ കാവ്യനർത്തകിയിൽ നിന്നും ലഭിച്ചതു്. പലപ്പോഴും ഇടപ്പള്ളിക്കവികൾ വേദനയുടെ ഗായകന്മാരാണ്. ഭാവഗീതികളുടെ ഉദ്ദീപ്തവും മധുരവുമായ മനോഹാരിത അതിന്റെ എല്ലാവിധ വിലാസഭംഗികളോടുംകൂടി പരിലസിക്കുന്നതു കാണണമെങ്കിൽ ഇടപ്പള്ളിക്കവികളുടെ കാവ്യഖണ്ഡങ്ങൾ കണ്ടുപിടിക്കണം.

ഒരു നല്ല സംഘം യുവകവികൾ ഇന്നു് തങ്ങളുടെ കഴിവുകൾ കവിതാരംഗത്തു പ്രയോഗിച്ചു വരുന്നുണ്ടു്. ഖണ്ഡകാവ്യശാഖയെപ്പററി പറയുമ്പോൾ ഇന്നു ഖണ്ഡകാവ്യങ്ങളല്ലാതെ മററൊന്നുംതന്നെ മലയാളത്തിൽ രൂപംകൊള്ളുന്നില്ലെന്നു സമ്മതിക്കേണ്ടിവരും. കാരണം, പതിനാലു വരിയുള്ള ഗീതകങ്ങൾപോലും ഇന്നു ഖണ്ഡകാവ്യങ്ങളാണ്. ഭാവനയെ പണയപ്പെടുത്തിക്കൊണ്ടുള്ള യാന്ത്രികചിന്തയുടെ സന്തതികളാണ് ഇന്നത്തെ കവിതകളിലധികവും. വിപ്ലവത്തിന്റെ കാഹളം മുഴക്കുന്നവരെന്നു സ്വയം ഉദ്ഘോഷിക്കുന്ന പുരോഗാമികളിൽ പലരുടേയും കവിതകൾ പുരോഗമനത്തിന്റെ പട്ടുപാവാടയണിയിച്ച മംഗളഗീതങ്ങളും പ്രചാരണാത്മകങ്ങളായ ലഘുലേഖകളുടെ മണ്ഡലത്തിലേക്കു് അധഃപതിച്ചവയും ആണെന്നു് ഖേദപൂർവ്വമെങ്കിലും പറയാതിരിക്കാൻ നിവൃത്തിയില്ല.

ഏതാണ്ടു മുക്കാൽ ശതവർഷത്തിന്റെ ചരിത്രമുള്ള നമ്മുടെ ഖണ്ഡകാവ്യപ്രസ്ഥാനം ഇന്നു് മലയാളസാഹിത്യത്തിന്റെ ശിഖരിശൃംഗമായി പ്രശോഭിക്കുകയാണ്. സിംബോളിസം, മിസ്റ്റിസിസം തുടങ്ങിയ ഉപശാഖാന്തരങ്ങൾ ആധുനിക ഖണ്ഡകാവ്യത്തെ പരിപോഷിപ്പിക്കുന്നുണ്ടു്. പക്ഷേ, മഹാകാവ്യകാരന്മാർ അലങ്കാരങ്ങൾക്കും സമസ്തപദങ്ങൾക്കുംവേണ്ടി ബുദ്ധിമുട്ടിയതുപോലെ, അർത്ഥവൈചിത്ര്യം നോക്കാതെയുള്ള ആധുനാതനരുടെ ചെത്തിമിനുക്കിയ പദപ്രയോഗവ്യഗ്രതയും, പരിഷ്ക്കരിച്ച 'ഫോർമലിസ'വും ഖണ്ഡകാവ്യപ്രസ്ഥാനത്തിന്റെ കണ്ഠകോടാലിയായി പരിണമിക്കാതിരിക്കട്ടെ.

---

സൗന്ദര്യത്തിൽ കുടികൊള്ളുന്ന സത്യമാണ് കവിത —ജിൽഫിലാൻ.

നിങ്ങളുടെ കവിത 9 കൊല്ലത്തോളം സൂക്ഷിച്ചു വയ്ക്കുക —ഹൊറേസ്.

പ്രേമാവിഷ്ടനായ നായ് കുരയ്ക്കുക പ്രാസത്തോടുകൂടിയായേക്കാം

—ജോൺ ഫ്ളെച്ചർ.

MAR IVANIOS COLLEGE LIBRARY DIGITAL REPOSITORY

# സഹ്യാദ്രിസാനുക്കളിൽ

(കുളത്തൂപ്പുഴ എം. ജെ. ലാൽ, പി. യു. സി.)

കേരളത്തിന്റെ കിഴക്കേ അതിർത്തിരേഖയായി പരിലസിക്കുന്ന സഹ്യപർവ്വതത്തിന്റെ മനോഹാരിതയും ഐശ്വര്യസമൃദ്ധിയും പ്രസിദ്ധമാണല്ലോ. നീണ്ടുനിവർന്നു്, പച്ചപുതച്ചു് കിടക്കുന്ന സഹ്യൻ കേരളീയർക്കു് ഒരനുഗ്രഹം തന്നെയാകുന്നു. സഹ്യപർവ്വതസാനുക്കളിൽ നിന്നും എന്തെന്തു വിഭവങ്ങളാണു് നമുക്കു ലഭിക്കുന്നതു്! നമ്മുടെ വ്യവസായങ്ങൾക്കും കൃഷിയ്ക്കും ഗതാഗതത്തിനും സഹായകമായ നദികളെല്ലാം സഹ്യനിൽനിന്നുമാണല്ലോ ഉത്ഭവിക്കുന്നതു്. കേരളത്തിലെ ഒരു പ്രധാന ആദായമാർഗ്ഗമായ തടിവ്യവസായം മുഴുവനും അവിടെയാണു നടക്കുന്നതു്. ഇപ്രകാരം പല രീതിയിലും വ്യവസായപ്രാധാന്യമുള്ള സഹ്യന്റെ അതിപ്രധാനമായ ഒരു ഭാഗമാകുന്നു കുളത്തൂപ്പുഴ മലകൾ.

കുളത്തൂപ്പുഴമല ഇന്നു് തമിഴരുടെയും മററും ഒരു ആദായകേന്ദ്രമായി മാറിയിരിക്കുകയാണു്. പ്രസ്തുത മലകളിൽ സുലഭമായ നല്ലയിനം തടികൾ (തേക്കു്, ഈട്ടി, ചെമ്മരുണി ഇത്യാദി), ഏലയ്ക്കാ, കുന്തിരിയ്ക്കം, തേൻ, പൊന്നൻപൂവു്, വയണപ്പട്ട, കുരക്കാ മുതലായ അപൂർവ്വ സാധനങ്ങളാണു് വിദേശികളായ തമിഴരെ അവിടേയ്ക്കു് ആകർഷിച്ചതു്. തുച്ഛമായ വിലയ്ക്കു് നമ്മുടെ വിഭവങ്ങൾ തട്ടിയെടുത്തു് പുറദേശങ്ങളിൽ കൊണ്ടുപോയി കൊള്ളലാഭമടിച്ചു് കോളുപിടിച്ചിരിക്കുന്ന പാണ്ടി വ്യവസായികൾ ഇപ്പോൾ മലയാള വ്യവസായികൾക്കു് ഒരു തീരാശ്ശല്യമായി മാറിയിരിക്കുകയാണു്.

കുളത്തൂപ്പുഴ മലയിലെ വിഭവസമൃദ്ധിയെ വിവരിക്കുന്നതിനല്ലാ ഈ ലേഖനം. പ്രസ്തുത മലകളിൽ എനിക്കു കണ്ടെത്തുവാൻ കഴിഞ്ഞ പ്രകൃതി രമണീയതയെയും, വന്യമൃഗങ്ങളെയും പററിയുള്ള ഒരു ലഘുവിവരണമാണു് ഈ ലേഖനത്താലുദ്ദേശിക്കുന്നതു്. പല ദേശങ്ങളിൽനിന്നുമായി ഞങ്ങൾ പതിനഞ്ചോളം വിദ്യാർത്ഥികൾ ഒരു വനയാത്ര ആസൂത്രണം ചെയ്തു. കുളത്തൂപ്പുഴ മലകൾ ശരിയ്ക്കും അറിയാവുന്ന രണ്ടുപേരെ ഞങ്ങൾക്കു വഴികാട്ടികളായും ലഭിച്ചു. ഒരു ഞായറാഴ്ച രാവിലെ ഞങ്ങൾ യാത്രയാരംഭിച്ചു. ഒരാഴ്ചക്കാലത്തേക്കു് ആവശ്യകമായ ആഹാരസാധനങ്ങൾ, ആത്മരക്ഷാർത്ഥം തോക്കുകൾ, ഫോട്ടോ ക്യാമറാകൾ മുതലായവ ഞങ്ങൾ വഹിച്ചിരുന്നു.

കല്ലടയാററിന്റെ തീരത്തുകൂടി അതിന്റെ ഉത്ഭവസ്ഥാനത്തെ ലക്ഷ്യമാക്കിയാണു് യാത്ര ആരംഭിച്ചതു്. പാറക്കെട്ടുകളോടും നീലനിർമ്മലമായ ജലത്തോടുംകൂടിയ കല്ലടയാററിന്റെ ഇരുകരകളും ചൂടൽ മരത്താലും ഈററപ്പടർപ്പുകളാലും അലങ്കരിക്കപ്പെട്ടിരുന്നു. അല്പമായുള്ള മണൽത്തിട്ടയിൽക്കൂടി ഞങ്ങൾ മുന്നോട്ടു നീങ്ങി. കുളത്തൂപ്പുഴയിൽ നിന്നും രണ്ടു മൈൽ സഞ്ചരിക്കുന്നതിനുമുമ്പു് ഞങ്ങൾ തേടിയ വള്ളി കാലിൽ ചുററി—ഒരു വലിയ ആനക്കൂട്ടം; വലിയ കൊമ്പനാനകൾ, പിടികൾ, കൊച്ചുകുട്ടികൾ അങ്ങനെ പല വലിപ്പത്തിലും പ്രായത്തിലുമുള്ളവ. ആററുതീരത്തു് അവ കളിക്കുകയായിരുന്നു. കുറേപ്പേർ വെള്ളം കുടിയ്ക്കുന്നു; മററു ചിലർ തങ്ങളുടെ തുമ്പിക്കരങ്ങളിൽ വെള്ളം നിറച്ചു് പീച്ചാംകുഴലിൽനിന്നെന്നപോലെ പമ്പുചെയ്തു് കുട്ടികളെ കളിപ്പിക്കുന്നു. ഏറെനേരം ഞങ്ങൾ പ്ര

MAR IVANIOS COLLEGE LIBRARY DIGITAL REPOSITORY

സ്തുത രംഗം വീക്ഷിച്ചു. ക്യാമറാവാഹകർ പലവിധ ഫോട്ടോകൾ എടുത്തു.

ഞങ്ങളുടെ യാത്ര തുടരുവാൻ ആനകളെ വഴി മാറേറണ്ടതുണ്ടായിരുന്നു, അതിനുള്ള എളുപ്പ വഴിയായ 'വിരട്ടി ഓടിക്കൽ'തന്നെ ഞങ്ങളും അവലംബിച്ചു. പ്രതീക്ഷിക്കാത്തവണ്ണം നിഷ്കപടരായ ആ വനജീവികൾ ഞങ്ങൾക്കു വഴി മാറിത്തന്നു. അതിനുശേഷം ഞങ്ങൾ യാത്ര തുടർന്നു. ഞങ്ങളുടെ വഴികാട്ടികൾ പ്രസ്തുത മലയിലെ ആനശല്യത്തിനുദാഹരണമായി അടുത്ത കാലത്തു സംഭവിച്ച ഒരു അത്യാഹിതത്തെപ്പററി ഞങ്ങൾക്കു വിവരിച്ചുതന്നു.

ഒരു തടി ലോഡിംഗുകാരനും ഒരു ഫോറസ്ററുദ്യോഗസ്ഥനുംകൂടി ആറു കടന്നു് മറുകരയ്ക്കു പോകാനായി പ്രസ്തുത മലയിൽക്കൂടി നടക്കുകയായിരുന്നു. അപ്രതീക്ഷിതമായി ഒരു ഒററയാൻ അവരെ കടന്നാക്രമിച്ചു. ആക്രമണാസക്തനായ ഒററയാനെ കണ്ട പഥികർ ഭയന്നോടി. ഓട്ടത്തിനിടയ്ക്കു് ഫോറസ്ററുദ്യോഗസ്ഥൻ കാലു തട്ടി ഒരു മുൾക്കാട്ടിലേക്കു് മറിഞ്ഞു. ലോഡിംഗുകാരനു പിറകേ ആനയും ഓട്ടം തുടർന്നു. ഓടിക്കിതച്ച ലോഡിംഗുകാരൻ ഒരു മരത്തിലിടിച്ചു് തെറിച്ചു വീണു. അപ്പോഴേയ്ക്കും ആന അയാളെ സമീപിച്ചിരുന്നു. കോപാക്രാന്തനായ കാട്ടാന ആ സാധുമനുഷ്യന്റെ തല ചവിട്ടിപ്പൊളിച്ചു കളഞ്ഞു. വയർ കുത്തിപ്പൊട്ടിച്ചു. അസ്ഥികളെല്ലാം ചവിട്ടി ഞെരിച്ചു. അങ്ങനെ അയാളുടെ കഥ കഴിച്ചു. വഴിയിൽ കാലു തട്ടി മുൾക്കാട്ടിൽ വീണ ഫോറസ്ററുദ്യോഗസ്ഥൻ നിസ്സാരമായ പരുക്കുകളോടെ രക്ഷപ്രാപിച്ചു. പക്ഷേ, അയാൾക്കു് അന്നു പിടിപെട്ട പനിയും പേ പറച്ചിലും വളരെനാൾ നിലനിന്നു.

ഉച്ചയായപ്പോഴേയ്ക്കും ഞങ്ങൾ കുറേ മൈലുകൾ സഞ്ചരിച്ചുകഴിഞ്ഞിരുന്നു. ഉച്ചഭക്ഷണത്തിനായി ആററുതീരത്തു ഞങ്ങൾ വട്ടംകൂട്ടി. കുറേ റെഡിമെയിഡ് ഭക്ഷണസാധനങ്ങൾ ശേഖരിച്ചിരുന്നതുമൂലം വിഷമംകൂടാതെ ആഹാരം കഴിച്ചു. ഭക്ഷണാനന്തരം വിശ്രമത്തിനായി മണൽപ്പുറത്തു് വൃക്ഷത്തണലുകളിൽ അങ്ങുമിങ്ങുമായി എല്ലാപ്പേരും കിടപ്പായി. എനിക്കുറക്കം വന്നതേയില്ല. ചിന്താമൂകനായിരുന്ന എന്നെ കാട്ടരുവിയുടെ 'ളുളു' ശബ്ദമോ, കാട്ടുപക്ഷികളുടെ ശബ്ദകോലാഹലമോ ആകർഷിച്ചില്ല. അശ്രദ്ധനും ചിന്താഗ്രസ്തനുമായിരുന്ന എന്നെ ഞെട്ടിപ്പിയ്ക്കുമാറു് പെട്ടെന്നു് ചില പൊട്ടിച്ചിരികളും കൂകലുകളും പുറകിൽനിന്നും കേട്ടു. ഭയവിഹ്വലനായ ഞാൻ, വല്ല കള്ളന്മാരുമായിരിക്കുമെന്നു ശങ്കിച്ചു് വേഗം തോക്കു കയ്യിലെടുത്തുകൊണ്ടു് ശബ്ദം കേട്ട ഭാഗത്തേക്കു് നോക്കി. പൊട്ടിച്ചിരികൾ തുടർന്നുകൊണ്ടിരുന്നു. ആക്രമണാസക്തരായി എനിക്കു തോന്നിയ ആളുകളെ കണ്ടപ്പോൾ ലജ്ജ തോന്നിപ്പോയി. നമ്മുടെ പൂർവ്വികരെന്നവകാശപ്പെടുന്ന കുറേ വാനരന്മാർ, വൃക്ഷക്കൊമ്പുകളിലിരുന്നു് എന്നെ നോക്കി പല്ലിളിയ്ക്കുന്നു. അവരുടെ പല്ലിളിപ്പു കണ്ടാൽ മനുഷ്യരെക്കാളും പരിഷ്ക്കാരികളാണു് തങ്ങളെന്നു് അവരഭിമാനിക്കുന്നുണ്ടെന്നു തോന്നും. ഇതികർത്തവ്യതാമൂഢനായിത്തീർന്ന ഞാൻ തോക്കു് പൂർവ്വസ്ഥാനത്തു വെച്ചിട്ടു് വീണ്ടും കിടന്നു.

മൂന്നു മണിയോടുകൂടി പിന്നെയും യാത്ര തുടർന്നു. പ്രസ്തുത യാത്രയുടെ തുടക്കംതന്നെ നല്ലൊരു കാഴ്ചയോടുകൂടിയായിരുന്നു. ഞങ്ങളുടെ വഴി മുമ്പിൽ ആറടിയകലെയായി, പെട്ടെന്നു് ഒരു മൃഗം ആററിലേക്കു ചാടി. അപ്രതീക്ഷിതമായ പ്രസ്തുത സംഭവരംഗത്തേക്കു് ഞങ്ങൾ ഉൽക്കണ്ഠാഭരിതരായി ഉററുനോക്കി. ഓടിക്കിതച്ചു വന്നു് ആററിലേക്കു ചാടിയ മൃഗത്തിന്റെ തൊട്ടു പുറകേ, അതിനോടൊപ്പം വലിപ്പമില്ലാത്ത മറെറാരു മൃഗവും ആററുതീരത്തു് ചാടിയെത്തി. അപരിചിതർക്കു് ശ്വാവാണെന്നു തോന്നിയ്ക്കുന്ന ഒരു ചെന്നായായിരുന്നു രണ്ടാമതു വന്നതു്. ആററിലേക്കു ചാടിയതു് ചെന്നായുടെ വായിലക

MAR IVANIOS COLLEGE LIBRARY DIGITAL REPOSITORY

പ്പെടാതിരിക്കാൻ, ആത്മരക്ഷാർത്ഥം ഓടിയ ഒരു മ്ളാവായിരുന്നു. മ്ളാവു വളരെ കഷ്ടപ്പെട്ട് മറുകര കയറി വീണ്ടുമോടി. ഇര നഷ്ടപ്പെട്ട കോപത്താൽ ചില അപശബ്ദങ്ങൾ പുറപ്പെടുവിച്ചുകൊണ്ട്, ചെന്നായ് വന്ന വഴിയേ തിരിച്ചുപോയി. അതിനുശേഷം ഞങ്ങൾ യാത്ര തുടർന്നു.

അഞ്ചു മണിയോടുകൂടി ഞങ്ങൾ ഒരു വെള്ളച്ചാലിന്റെ സമീപമെത്തി. കുറേ ചെറിയ മൃഗങ്ങൾ അങ്ങകലെ മണൽപ്പുറത്തു് നിൽക്കുന്നതു ഞങ്ങൾക്കു കാണാമായിരുന്നു. ശബ്ദമുണ്ടാക്കാതെ സാവധാനം നടന്ന ഞങ്ങൾ അവ നിന്നിരുന്നതിനടുത്തു് മരച്ചോടുകളിൽ മറഞ്ഞു നിന്നു. അതു് ഒരു മാൻപറ്റമായിരുന്നു—പല പ്രായത്തിലും വലിപ്പത്തിലുമുള്ളവ. മാൻപേടകൾ തങ്ങളുടെ കണവന്മാരുടെ മേലുരുമ്മി കുട്ടികളെ കളിപ്പിക്കുന്നു. പ്രസ്തുത രംഗം ഞങ്ങളെ എല്ലാപേരെയും ആകർഷിച്ചു. ഒരു കവിയായിരുന്നു ആ രംഗം കണ്ടിരുന്നതെങ്കിൽ സാഹിത്യത്തിൽ നല്ലൊരു കലാശില്പംകൂടി രംഗപ്രവേശം ചെയ്യുമായിരുന്നു.

വൈകുന്നേരം ആറരമണിയോടുകൂടി അന്നത്തെ യാത്ര പര്യവസാനിച്ചു. ആററരികത്തു് സൗകര്യമായ ഒരു സ്ഥലം തിരഞ്ഞെടുത്തു് ക്യാമ്പുചെയ്തു. അത്താഴം കഴിഞ്ഞു് കുറേപ്പേർ ചീട്ടു കളിക്കാനായി പാറപ്പുറത്തു വട്ടംകൂടി. ഞാനും മററു ചില കൂട്ടുകാരുംകൂടി, ഞങ്ങളുടെ വഴികാട്ടികളായി വന്നവരുടെ കഥപറച്ചിലും കേട്ട് മണൽപ്പുറത്തു കിടന്നു. നല്ല ചന്ദ്രികയുള്ള രാത്രി. പാറകളിൽ തട്ടിത്തെറിച്ച് ധവളനിറമായി പതിക്കുന്ന ആ ഭാഗത്തെ നദീജലം വളരെ നയനാനന്ദകരമായിരുന്നു. ചില രാത്രിഞ്ചരന്മാരായ വന്യമൃഗങ്ങളുടെ ആകാശം ഭേദിക്കുമാറുള്ള അട്ടഹാസങ്ങളും, ചീവീടിന്റെ കർണ്ണഭേദകമായ അന്ത്യശ്വാസം വലിക്കലും, വേഴാമ്പലിന്റെ ഭയജനകമായ കരച്ചിലും അന്തരീക്ഷത്തിൽ മുഴങ്ങിക്കേട്ടിരുന്നു. എന്നാൽ ക്ഷീണാധിക്യത്താൽ കഥപറച്ചിൽ കേട്ടുകേട്ട്, ഞാനറിയാതെതന്നെ ഉറങ്ങിപ്പോയി.

രണ്ടാംദിവസം ഉറക്കമുണർന്നപ്പോഴാണ്, തലേരാത്രി ഞങ്ങളുടെ പാളയത്തിനടുത്തു് ഒരു കൂട്ടം ആന വന്നിരുന്ന വിവരം ഞാനറിഞ്ഞതു്. അന്നു് ഞങ്ങൾ യാത്ര വനാന്തരത്തിലേക്കു് തിരിച്ചു വിട്ടു. പലപ്രാവശ്യം പന്നിക്കൂട്ടങ്ങൾ, അപ്രതീക്ഷിതമായി, ഞങ്ങളെ ഭയപ്പെടുത്തിക്കൊണ്ടു് കടന്നുപോയിരുന്നു. പന്നിയെയും മ്ളാവിനെയും മററും കണ്ടപ്പോൾ അവയുടെ മാംസക്കൊഴുപ്പിൽ അസൂയാലുക്കളായിത്തീർന്ന ചില സ്നേഹിതന്മാർ പല പ്രാവശ്യം തോക്കിന്റെ നിറയൊഴിക്കാൻ ശ്രമിക്കയുണ്ടായി. ഈശ്വരാനുഗ്രഹത്താൽ അവരുടെ ശ്രമങ്ങളെല്ലാം വിഫലമായതേയുള്ളു. ഒരു മരച്ചോട്ടിലിരുന്ന തേൻകൂട്ടിൽനിന്നും കുറേ തേൻ ശേഖരിക്കാൻ ഞങ്ങൾക്കു കഴിഞ്ഞു.

അങ്ങനെ പലവിധ കഷ്ടപ്പാടുകൾ സഹിച്ചുകൊണ്ടും പല കാഴ്ചകൾ ആസ്വദിച്ചുകൊണ്ടും ഞങ്ങൾ മുന്നോട്ടു നീങ്ങി. രണ്ടാംദിവസം ഉച്ചയോടുകൂടി കാപ്പി, ഓറഞ്ചു്, ഏലക്കാ മുതലായ ഫലവർഗ്ഗങ്ങൾ ധാരാളമായുണ്ടായിരുന്ന ഒരു പ്രദേശത്തെത്തി. അന്വേഷണത്തിൽ അവിടമൊരു വലിയ തോട്ടമായിരുന്നെന്നും, എന്തോ ചില കുഴപ്പങ്ങളാൽ ഉടമസ്ഥനായിരുന്ന ധ്വര ഉപേക്ഷിച്ചിട്ടു പോയതാണെന്നും അറിയാൻ കഴിഞ്ഞു. ഇടിഞ്ഞു പൊളിഞ്ഞ ബംഗ്ളാവുകളും, ഫാക്ടറിയും കാണാമായിരുന്നു. അവിടെ അങ്ങിങ്ങായി തല ഉയർത്തി നിന്നിരുന്ന ഫലവൃക്ഷങ്ങൾ ഏറെ വർഷത്തെ പ്രായം വിളിച്ചറിയിക്കുന്നുണ്ടായിരുന്നു. അന്നു് ഉച്ചഭക്ഷണം പ്രസ്തുത തോട്ടത്തിൽ വെച്ചായിരുന്നു. അവിടെനിന്നും കിട്ടിയ പലയിനം പഴവർഗ്ഗങ്ങൾ ഞങ്ങളുടെ ഭക്ഷണത്തിനു രുചി കൂട്ടി.

വിശ്രമാനന്തരം യാത്ര തുടർന്നു. ഞങ്ങൾ ഒരു വലിയ പുൽക്കാട്ടിൽ എത്തിച്ചേർന്നു. അവിടെ

MAR IVANIOS COLLEGE LIBRARY
DIGITAL REPOSITORY

തല ഉയർത്തി നിന്നിരുന്ന വിസ്തൃതമായ ഒരു പാറപ്പുറത്ത് കയറിനിന്നു ഞങ്ങൾ നാലുപാടും ഒന്നു കണ്ണോടിച്ചു. പെട്ടെന്നു ഞങ്ങളുടെ ശ്രദ്ധ ഒരു ഭാഗത്തേക്ക് ആകർഷിക്കപ്പെട്ടു: ഒരു കടുവാ പുൽക്കാട്ടിലൂടെ ഇറങ്ങിപ്പോകുന്നു. കടുവാ നടന്നു മറഞ്ഞപ്പോൾ ഞങ്ങളുടെ പാർട്ടിയിലെ രണ്ടു സഖാക്കൾ ആദ്യം അതിനെ കണ്ട സ്ഥലത്തേക്കു നടന്നുപോയി. പെട്ടെന്ന് അവർ ഞങ്ങളെ കൈകാട്ടി വിളിച്ചു. ചത്ത്, തലയും പൊട്ടി, വയറും കീറി, മലർന്നു കിടക്കുന്ന ഒരു മൃഗത്തെയാണ് ഞങ്ങൾക്കു അവിടെ കാണാൻ കഴിഞ്ഞത്. തലച്ചോറും കരളും തിന്ന്, രക്തവും കുടിച്ച് വിശപ്പടക്കിയ കടുവായ്ക്ക് ശേഷിച്ച മാംസഭാഗം അരോചകമായതിനാലാണ് അതിനെ ഉപേക്ഷിച്ചിട്ടു പോയത്. കടുവായുടെ സാധാരണ ആഹാരം സാധു മൃഗങ്ങളുടെ കരളും രക്തവുമാണ്. ആ വനഭാഗം കടുവായുടെ സങ്കേതമാണെന്ന് മനസ്സിലായതിനാൽ വേഗം ഞങ്ങൾ അവിടെ നിന്നും സ്ഥലം വിട്ടു.

രാത്രികൾ അതിവേഗം നീങ്ങിക്കൊണ്ടിരുന്നു. നാലാംദിവസം നാലു മണിയോടുകൂടി ഞങ്ങൾ 'റാക്കവുഡ്തോട്ടം' എന്ന വനശൃംഗത്തിലെത്തിച്ചേർന്നു. അതു ഒരു വലിയ തേയിലത്തോട്ടമാണ്. അവിടെ ഞങ്ങൾക്കു ധാരാളം പരിചയക്കാരുണ്ടായിരുന്നു. അന്ന് അവിടെത്തന്നെ കഴിച്ചുകൂട്ടാൻ ഞങ്ങൾ തീരുമാനിച്ചു. മൂന്നടി ഉയരത്തിൽ വട്ടത്തിൽ ക്രോപ്പുചെയ്ത് നിരത്തിയിരിക്കുന്ന തേയിലച്ചെടികളുടെ ഭംഗി ഒന്നു വേറെ തന്നെയാണ്. തേയിലക്കാട്ടിലെ ഇടപ്പാതകളിലൂടെ ഞങ്ങൾ ഏറെനേരം അങ്ങോട്ടുമിങ്ങോട്ടും നടന്നു. അവിടെയും ഞങ്ങൾ ഓറഞ്ചു, പേരയ്ക്കാ മുതലായവയാൽ സൽക്കരിക്കപ്പെട്ടു.

ഞങ്ങളുടെ ദീർഘമായ ആ യാത്രയ്ക്കിടയിൽ ഞങ്ങളെ ഏററവും കൂടുതൽ ആകർഷിച്ചത് അന്നു വൈകുന്നേരത്തെ (നാലാം ദിവസം) ചില കാഴ്ചകളായിരുന്നു. കേരളത്തിന്റെ ഏററവും ഉയരം കൂടിയ സഹ്യന്റെ തലയെടുപ്പുള്ള ആ ഭാഗത്തു നിന്നുകൊണ്ട് അങ്ങു പടിഞ്ഞാറോട്ട് ഒരു ദീർഘവീക്ഷണം നടത്തിയപ്പോൾ എന്തു പ്രകൃതി ഭംഗിയാണ് ദർശിക്കാൻ കഴിഞ്ഞത്! അസ്തമയ സൂര്യന്റെ ചെങ്കതിരുകളേററ് മിന്നിത്തിളങ്ങുന്ന കടൽ ഒരു വെള്ളിരേഖപോലെ ശോഭിച്ചു കാണാറായി. കടൽപ്പുറത്തു നിന്നു കാണുന്നതിനെക്കാളും ഭംഗിയായി അവിടെ നിന്നുകൊണ്ടു സൂര്യാസ്തമയവും കാണാമായിരുന്നു. ഇരുട്ടായപ്പോഴേയ്ക്കും അനേകം ഗ്രാമങ്ങളും പട്ടണങ്ങളും ദീപാലങ്കാരങ്ങളാൽ മിന്നിത്തിളങ്ങുന്നതും ഞങ്ങൾക്കാനന്ദകരമായ കാഴ്ചയായിരുന്നു.

അഞ്ചാംദിവസം ഉച്ചയോടുകൂടി ശേഷിച്ച പരിപാടികൾ റദ്ദുചെയ്ത് വീട്ടിലേക്കു തിരിക്കാൻ തീരുമാനമെടുത്തു. അങ്ങനെ ഞങ്ങൾ റാക്കവുഡു തോട്ടത്തിൽനിന്നും കുളത്തൂപ്പുഴയിലേയ്ക്കു മടക്കയാത്രയായി. 'ട' ആകൃതിയിൽ വളഞ്ഞു വളഞ്ഞ് ഇറങ്ങിപ്പോകുന്ന ഒരു ഇടുങ്ങിയ റോഡാണ് ഏകഗതാഗതമാർഗ്ഗം. പലവിധ വള്ളിക്കുടിലുകളാലും വിശേഷതരത്തിലുള്ള മരങ്ങളാലും വഴിയുടെ ഇരുഭാഗവും അലങ്കരിക്കപ്പെട്ടിരുന്നു. മൈന, തത്ത, വേഴാമ്പൽ മുതലായ പക്ഷികളും കുരങ്ങ്, അണ്ണാൻ തുടങ്ങിയ ചെറു ജന്തുക്കളും ധാരാളമായി അവിടെ കാണ്മാനുണ്ടായിരുന്നു.

ഞങ്ങളുടെ യാത്രയ്ക്കിടയിൽ "കാണിയ്ക്കാർ" എന്ന മലവാസികളെ പല ഭാഗത്തുവെച്ചും കണ്ടുമുട്ടുകയുണ്ടായി. അപരിഷ്കൃതരെങ്കിലും കാണിയ്ക്കാർ വനയാത്രക്കാർക്കും ഫോറസ്റ്റുദ്യോഗസ്ഥന്മാർക്കും ഒരനുഗ്രഹം തന്നെ. മലയാളത്തിനോടു സാമ്യമുള്ള ഒരിനം ഭാഷയാണ് അവർ സംസാരിക്കുന്നത്. കുളത്തൂപ്പുഴ മലകളിൽ കാണിയ്ക്കാരെ ധാരാളമായി കാണാം.

നിരവധി അത്യാഹിതങ്ങൾക്ക് കളമൊരുക്കിയിട്ടുള്ള, ദുഷ്ടമൃഗസങ്കേതവും ഭയാനകവുമായ വനാന്തരങ്ങളിലെ ഞങ്ങളുടെ സഞ്ചാരത്തിനിടയിൽ യാതൊരനിഷ്ടസംഭവങ്ങളും ഉണ്ടാകാതെ കാത്തു രക്ഷിച്ച സർവ്വശക്തനെ പുകഴ്ത്തിക്കൊണ്ട് ഞങ്ങൾ വീടുകളിലേയ്ക്കു മടങ്ങി.

MAR IVANIOS COLLEGE LIBRARY
DIGITAL REPOSITORY

# സ്വപ്ന ജീവി

(കെ. ജി. വിജയകുമാരൻ പി. യു. സി.)

നിശ്ചലമായി നിൽക്കുന്ന പ്രകൃതി; നേരിയ നീലിമയാർന്ന നിലാവ്; മുല്ലപ്പൂക്കളുടെ വികാരോത്തേജകമായ സുഗന്ധം; എല്ലാററിനും ഉപരിയായി ആ ഗാനം. പുൽക്കൊടിപോലും അനക്കാത്ത പ്രകൃതിയുടെ ഭാവം എന്നിലേക്കു പകന്നപോലെ ഞാൻ നിശ്ചലനായി നിന്നു. ഞാനവിടെ താമസിക്കുവാൻ വന്ന ദിവസം മുതൽ കേൾക്കുന്നതാണ് ആ ഗാനം. ശോകച്ഛായ കലർന്ന സുന്ദരമായ സ്വരം. എന്തൊരു മായികമായ വശ്യശക്തി! അല്ലാ! പ്രകൃതിപോലും ആ പാട്ടുകേട്ട് ഒന്നും മിണ്ടാതെ നിൽക്കുകയാണോ? നീലാകാശത്തിൽ മന്ദഗമനം ചെയ്യുന്ന വെൺമേഘത്തൊത്തുകൾ നിന്നുപോയതു് ആ പാട്ടു കേട്ടാണോ? ചന്ദ്രൻ മേഘശകലങ്ങളെ തള്ളിമാററിയിട്ട് ഒരു പടികൂടി മുന്നോട്ടു കയറിയതും ഈ പാട്ടു കേൾക്കാനാണോ? അപ്പോൾ സകല ചരാചരങ്ങളുടെയും സവിശേഷമായ ശ്രദ്ധ ഈ പാട്ടിലാണോ? അത്രയ്ക്കു പ്രശാന്തഗംഭീരമാണോ ആ ഗാനം?

ഞാൻ ആ വാതിൽക്കൽ ചെന്നു നിന്നു. ആ ഗാനവീചികൾ തങ്ങിത്തങ്ങി വരികയാണ്. എന്തൊരവർണ്ണനീയാനുഭൂതി!

ഈ അന്ധകൂപങ്ങളുടെ ലോകത്തിൽനിന്നും ഞാൻ നീലിമയുറന്ന വിശാലതയിലേക്ക് ഉയന്നുപോലെ തോന്നുന്നു. നക്ഷത്രങ്ങൾ നിറഞ്ഞ നൂതനലോകത്തിൽ, ഞാനും നക്ഷത്രങ്ങളും മാത്രം. ഓ! തെററിപ്പോയി. ക്ഷമിക്കണം. ഒരവ്യക്തരൂപം കൂടിയുണ്ട്: പതിനേഴിന്റെ പടിവാതിൽക്കൽ നിലയുറപ്പിച്ചിരിക്കുന്ന ഒരു കനകാംഗി. മുററി നിൽക്കുന്ന അവളുടെ വികാരം തൊട്ടാൽ പൊട്ടുന്ന പളുങ്കുമണിപോലെ. ആ വികാരത്തിന്റെ പൊട്ടിത്തെറിക്കലല്ലേ ആ ഗാനം–മന്ദ്രമധുരമായ ആ ഗാനം?

ഞാനാ ഭാഗത്തേക്കുതന്നെ നോക്കി. മനോഹരമായ മാവിൻ തൈകൾ മുല്ലവള്ളികൾക്ക് അഭയംകൊടുത്തു് ചന്ദ്രികാചർച്ചിതമായ ആ രാത്രിയിൽ തെളിഞ്ഞു നിൽക്കുന്നു; കല്യാണമണ്ഡപത്തിലിരിക്കുന്ന കോമളാംഗിയെപ്പോലെ. അതിനപ്പുറത്തു് ദുർഗ്ഗന്ധവാഹികളായ കൊന്നപ്പൂക്കളെയും വഹിച്ച് കൊന്നമരങ്ങൾ കാണപ്പെടുന്നു; രാത്രിയിൽ വിലസുന്ന യക്ഷികളെപ്പോലെ. കാമുകസവിധത്തിലേക്കു ചെല്ലുന്ന കാമുകിയെപ്പോലെ, ഒരു കൈത്തോട് കുണുങ്ങിക്കുണുങ്ങി ഒഴുകുന്നു.

ഇവയ്ക്കിടയിൽക്കൂടി ഒരവ്യക്തരൂപം. ഞാൻ വിചാരിച്ചു, മേഘത്തൊത്തുകൾ വഴിതെററി വന്നതായിരിക്കാം. ശ്ശെടാ! ഞാൻ വാതിലിൽനിന്നും എത്തി വലിഞ്ഞു നോക്കി. അങ്ങോട്ടും ഇങ്ങോട്ടും അനങ്ങുന്നു; അങ്ങനെയാണ് ഞാൻ ആദ്യം കണ്ടതു്. വ്യക്തമായി സൂക്ഷിച്ചു നോക്കി. ഓ! ശരി, എനിക്കു ആൾ മനസ്സിലായി. അവൾ വികാരഭരിതയായി പാടി നടക്കുകയാണ്, ഒരു പൊട്ടിപ്പെണ്ണിനെപ്പോലെ.

നിശ്ചലമായ പ്രകൃതി; നേരിയ നീലിമ കലർന്ന നിലാവ്; മുല്ലപ്പൂവിന്റെ വികാരോത്തേജകമായ പരിമളം; കൊന്നപ്പൂക്കൾ, കൈത്തോട്. എല്ലാററിനും ഉപരി കോൾമയിർ കൊള്ളിക്കുന്ന ആ ഗാനവും. ഒന്നോർത്തുനോക്കൂ. എന്തൊരു രംഗം!

പെട്ടെന്നാ ഗാനം നിലച്ചു; സ്തംഭിപ്പിക്കുന്ന നിശ്ശബ്ദത ബാക്കിയായി. അമ്പിളി മേഘപാളി

യിൽ ഒളിച്ചു. ഞാൻ ചെന്നു കിടന്നു. എങ്ങനെ ഉറങ്ങും? എൻെറ ഉറക്കം സ്വപ്നങ്ങളുടെ ഒരു മഹാസമ്മേളനം. ഞാൻ പിറേറന്നു് ആ വീട്ടിൻെറ പരിസരങ്ങളിൽക്കൂടി ഒന്നു നടന്നു നോക്കി. എന്തിനു്? എനിക്കൊന്നു കണ്ടുപിടിക്കണം. എന്തൊന്നു്? ഇവളങ്ങനെ ആടിയും, പാടിയും എന്തിനു കഴിഞ്ഞുകൂടുന്നു ശോകമൂകയായി? ഒരുദിവസം വൈകുന്നേരം ഞാൻ പതുങ്ങിപ്പതുങ്ങി അവളുടെ വീട്ടിനകത്തുകൂടി നടന്നുപോയി. എന്നെ കാണരുതു്. എന്നാൽ അവിടെയുള്ള കാര്യങ്ങൾ എനിക്കു് ഗ്രഹിക്കുകയും വേണം. പക്ഷേ, എന്തുഫലം? ആശമാത്രം മിച്ചം; നടന്നതും. സത്യം പറഞ്ഞാൽ ഒരൊററ കുഞ്ഞിനെപ്പോലും ആ പരിസരങ്ങളിൽ ഞാൻ കണ്ടില്ല. സാമാന്യം ഭേദപ്പെട്ട ഒരു വീടാണതു്. കറച്ചുകലെയുള്ള മാവിൻകൂട്ടങ്ങളുടെയും കൊന്നമരങ്ങളുടെയും മൂട്ടിൽ എന്തൊരു ഭംഗി? അവിടെയുള്ള ചരലും മണ്ണും ഒക്കെ ഭംഗിയായി അടിച്ചുവാരി ഓരോന്നിൻേറയും മൂട്ടിൽ ഒതുക്കിയിരിക്കുകയാണു്. എന്തോ എന്നെ വല്ലാതാകർഷിച്ചു. അതോ, എൻെറ തോന്നലോ? ഛേ്ഛ, അങ്ങനെ വരാൻ തരമില്ല. മുല്ലപ്പൂക്കളിൽ തേൻ കുടിച്ചിട്ടു് വണ്ടുകൾ മൂളിക്കൊണ്ടു് പോകുന്നു. അവിടം ഒരു കൊച്ചു ദേവാലയം തന്നെ. പക്ഷേ, ദേവതയെ മാത്രം കാണാനില്ല.

അന്നു രാത്രിയും ആ പാട്ടുകേട്ടു. ദിവസങ്ങൾ കഴിഞ്ഞുകൊണ്ടിരുന്നു. പകൽ പടിഞ്ഞാറേക്കരയിൽ ചെന്നിരുന്നു് വിശ്രമിച്ചു. ദിനകരൻ അവളെ പിടിച്ചുണർത്തി എന്നിട്ടും ആ ഗായികയെ എനിക്കൊന്നു കാണുവാൻ കഴിഞ്ഞില്ല. ആ വീടും അതിൻെറ പരിസരവും ഏതോ ഒരു മഹാസംഭവം ഒളിച്ചുവച്ചിരിക്കുന്നതുപോലെ എനിക്കു ഒരു തോന്നൽ. അവിടുത്തെ നിശ്ശേഷ നിശ്ശബ്ദത എൻെറ സവിശേഷമായ ശ്രദ്ധയെ ആകർഷിച്ചു.

അന്തിക്കടയിൽ പോകുന്ന പെണ്ണുങ്ങൾ ചിലപ്പോഴൊക്കെ ആ വീടിനെ ചൂണ്ടിപ്പറയുന്നതു കേൾക്കാം. "അവിടെ ഇപ്പും ആക്കും നാക്കും ഇല്ല, മൂക്കറില്ല."

വലിയൊരു പരമാർത്ഥമാണതു്. അവിടെ നിന്നും ഒരു ചീവിടിൻെറ ശബ്ദംപോലും കേൾപ്പാനില്ല (ചീവീടിനുപോലും ഭയമായിരിക്കാം) ചിലപ്പോഴൊക്കെ ഒരു മൂപ്പൻ വരാന്തയിലുള്ള തിണ്ണയിൽ മുട്ടിന്മേൽ കൈയും കൊടുത്തിരിക്കുന്നതു കാണാം. മുറുക്കുവാനെടുക്കുന്ന ചുണ്ണാമ്പും വെററയും കൈയിലങ്ങനെ ഇരിക്കുന്നതു് കാണാം. എന്നാലോ, രാത്രിയാകുമ്പോൾ അവിടെനിന്നൊരു പാട്ടുകേൾക്കാം—വിശ്വത്തെ മുഴുവൻ കോൾമയിർ കൊള്ളിക്കുന്ന ഒരു പാട്ടു്.

എനിക്കു് വലിയ വാശിയായി. എടാ കുഴപ്പമേ! എനിക്കൊന്നു് അറിയണമല്ലോ. അതിനു എന്താണൊരു പോംവഴി? നേരേ അങ്ങോട്ടു് കയറിച്ചെന്നാലെന്താ? ഇല്ല. അതു പാടില്ല. ഞാനാ നഗരത്തിനുതന്നെ അപരിചിതനാണു്. വിശേഷിച്ചും ആ വീടുമായിട്ടു്. പിന്നെങ്ങനെ അങ്ങോട്ടു പോകും? വിശേഷിച്ചും പ്രായമായ പെമ്പിള്ളേരു താമസിക്കുന്ന വീട്ടിൽ, പെരുപ്പക്കാരുടെ സന്ദർശനബാഹുല്യമാണല്ലോ ഇക്കാലത്തു്. നാം സദുദ്ദേശത്തോടെ ചെന്നാലും അവരതു് ദുരുദ്ദേശമായിട്ടേ പരിഗണിക്കൂ. എനിക്കിവരെപ്പററി അറിയാനതിയായ മോഹവും. ഞാനാകെ കുഴങ്ങി.

ചുരുങ്ങിയ ദിവസങ്ങൾക്കുള്ളിൽ എനിക്കാ നഗരത്തിൽ പരിചയപ്പെടാൻ സാധിച്ച ഒരു വ്യക്തിയാണു് ജോസഫ്. ഒരു സാധുമനുഷ്യൻ. ഞാൻ നിത്യവും കാണാറുണ്ട്, കുശലങ്ങൾ ചോദിക്കാറുമുണ്ടു്. ഞാൻ അയാളോടു ചോദിച്ചു മനസ്സിലാക്കാൻതന്നെ ഉറച്ചു. മിക്കവാറും ജോസഫിനിതൊക്കെ അറിയാമായിരിക്കണം.

ഒരുദിവസം ജോസഫിനെ ഞാൻ എൻെറ താമസസ്ഥലത്തേക്കു് ക്ഷണിച്ചു. ഞങ്ങൾ പലതും പറഞ്ഞകൂട്ടത്തിൽ ഈ കാര്യവും ഞാൻ ചോദിച്ചു. (ഇതറിയുക എന്നതാണു് എൻെറ ഉദ്ദേ



MAR IVANIOS COLLEGE LIBRARY DIGITAL REPOSITORY

ശം) അയാൾ പറഞ്ഞ കാര്യങ്ങൾ–അവളുടെ അതുവരെയുള്ള ചരിത്രം–ഏതു കഠിനചിത്തനേയും ഞെട്ടിപ്പിക്കുന്നവയായിരുന്നു.

ഏതാനും ദിവസങ്ങൾകൊണ്ട് ഞാൻ കെട്ടിപ്പൊക്കിയ എന്റെ സ്വപ്നക്കോട്ടകൾ, അവളുടെ ചരിത്രസംഹിതയുടെ കൊടുങ്കാററടിയിൽപെട്ട് തകർന്നുപോയി! ഓ! ആ ജീവിതത്തെക്കുറിച്ച് ഞാൻ കണ്ട കിനാവുകൾ! ഞാനെന്നെത്തന്നെ ശകാരിച്ചു. ആ സായന്തനവേളയിൽ എന്റെ മനോഭാവത്തിനു ഒരു മാററം വന്നു. ഹൃദയത്തിലെ പ്രേമലോലുപത്വം മുഴുവൻ മാഞ്ഞുപോയി. പകരം അമർഷം തെളിഞ്ഞു. ആരോടാണെന്നു് വ്യക്തമായി അറിയുംമുമ്പ് ഞാനൊരു മനുഷ്യനായി.

വികാരസാന്ദ്രമായ ആ കഥ പറഞ്ഞവസാനിപ്പിച്ച ജോസഫ് രോമാഞ്ചകഞ്ചുകനായി കാണപ്പെട്ടു; ഞാനൊരു കൊത്തിവച്ച പാവപോലെയും. എന്തോ? അയാളുടെ നയനങ്ങളിൽ തീക്കനൽ പ്രത്യക്ഷപ്പെട്ടതുപോലെ. അതീവഗാംഭീര്യത്തോടെ അയാൾ എന്നോട് ചോദിച്ചു.

"ഇവനൊക്കെ മനുഷ്യരാണോ? തൊട്ടതിനും പിടിച്ചതിനും ഒക്കെ വെടിപൊട്ടിച്ച്, അതും മനുഷ്യന്റെ നല്ലതിനാണോ? അതൊട്ടല്ലതാനും. അവന്മാരുടെ പള്ളവീർക്കുവാൻവേണ്ടിട്ട്. നശിച്ചവറ്റും. അല്ലെങ്കിൽ എന്തിനേറെ പറയണം. ഇവന്റെയൊക്കെ തൊഴിലല്ല ഇതു്.

* * * * *

അവൾക്കേതാണ്ട് ഇരുപതിനോടടുത്ത പ്രായം വരും. ആ നഗരത്തിന്റെ ജീവനായിരുന്നു അവൾ; അന്നാട്ടിന്റെ മുഗ്ദ്ധതയും പ്രേമലോലുപത്വവും ഉടലെടുത്തതുപോലെ. അവൾ മാത്രമല്ല– ആ വർഗ്ഗീസ്കൂടി. അവരുടെ പ്രേമം അസാധാരണമാംവിധം ആ പ്രദേശം അംഗീകരിച്ചിരുന്നു. അവളുടെ അച്ഛന്റെ ഒരകന്ന ശേഷക്കാരനായിരുന്നു വർഗ്ഗീസ്. അവന്റെ മാതാപിതാക്കൾ ഇന്നുണ്ടായിരുന്നെങ്കിൽ അവളുടെവീട്ടിൽകൂടെ താമസിക്കേണ്ടിവരുകയില്ലായിരുന്നു. അവന്റെ മുറപ്പെണ്ണാണ് ലീലാമ്മ. അവർ രണ്ടുപേരും–ഒരു കൂട്ടിലെ കിളികൾപോലെ–ഒന്നായി ജീവിച്ചു; സ്നേഹിച്ചു. കാലചക്രസൂചികൾക്ക് ഒരിക്കലും, ഒരിക്കലും നിശ്ചലതയില്ലല്ലോ. കാലം ചില കലാവിരുതുകൾ അവളുടെമേൽ നടത്തി; അവന്റെ ഹൃദയത്തിലും. അവർ രണ്ടുപേരും അറിയാതെയാണതു സംഭവിച്ചതു്. പക്ഷെ, അതിലവർക്കു പരിഭവമില്ല. അവർ രണ്ടുപേരും പ്രേമത്തിന്റെ ശ്രീകോവിലിൽ കടന്നുചെന്നു് ഭദ്രദീപം കൊളുത്തി. ആ ദീപംകൊളുത്തലിൽ അവളുടെ അപ്പനും നാട്ടുകാരും അവരെ തിരിച്ചറിഞ്ഞു. അതിവർക്ക് അതിയായ സന്തോഷവുമായി.

കാമിനീകാമുകബന്ധം അവരെ ഒട്ടേറെ വിഷമിപ്പിച്ചു. എങ്ങോട്ടു തിരിഞ്ഞാലും അർത്ഥം വച്ചുള്ള സഖികളുടെയും സഖാക്കളുടെയും സംസാരം.

"നിനക്കിനി ആരേ പേടിക്കണം, അല്ലെടീ ലീലാമ്മേ."

"എടാ, വർഗ്ഗീസേ, നിനക്കിപ്പം കണ്ണൊന്നും കണ്ടൂടാ, ങ്ങേ?"

പക്ഷേ അതൊന്നും അവർ വകവച്ചില്ല. ഉദിച്ചുയർന്ന പൂർണ്ണചന്ദ്രനെകണ്ട് പട്ടി മോങ്ങിയാൽ?

ആ വൃദ്ധന്റെ ഹൃദയം എത്രമാത്രം വികസിച്ചെന്നോ! കാണുന്നവരോടൊക്കെ അദ്ദേഹത്തിനൊരേ ഒരു കാര്യമേ പറയാനുള്ളു. വർഗ്ഗീസും ലീലമ്മയും തമ്മിൽ ചേരും ങ്ങേ?"

"പിന്നെ അവരുടെ കല്യാണമങ്ങ് നടത്തിക്കാത്തതെന്തു്? എന്തിനെന്നേ വച്ചുപിടിക്കണതു്?" അടുത്തുള്ള പണിക്കർ അത്താഴവും കഴിഞ്ഞ് ഒന്നു മുറുക്കാൻവന്നപ്പോൾ ചോദിച്ചതാണ്. മൂപ്പക്ക് ഒരു അഭിപ്രായവുമില്ല. എപ്പഴ വേണോ അപ്പഴങ്ങ് നടത്താം എന്നാണ്. പക്ഷെ, ചെറുക്കനൊരു നിർബന്ധം. "ഒരു ജോലികിട്ടട്ടെ.'' അതാണ് നിർബന്ധം.

MAR IVANIOS COLLEGE DIGITAL LIBRARY REPOSITORY

അവന്റെ പ്രേമസർവസ്വം നഷ്ടപ്പെടുകയില്ലെന്ന് അവന് പൂർണ്ണബോദ്ധ്യമാണ്. അവർ ചെറുപ്പത്തിലെ—വർഗ്ഗീസ് നിക്കറിനകത്തും ലീലാമ്മ പാവാടയ്ക്കകത്തും ആയിരുന്നപ്പോഴേ—ഇണങ്ങിയും പിണങ്ങിയും കഴിഞ്ഞവരാണ്. ഇന്നത്തെപ്പോലെ അല്ലെങ്കിൽ മറെറാരുവിധത്തിൽ കാലം അവരെയും കൂട്ടിക്കൊണ്ടുപോയി. അങ്ങനെ പുതിയ പുതിയ ലോകങ്ങൾ അവർ കണ്ടെത്തി.

ഒരിക്കൽ ആ കൈത്തോടിന്റെ കരയിലിരുന്ന്, തെല്ല് നാണത്തോടെ അവൾ പറഞ്ഞു. "എന്റെ ജീവിതവഞ്ചിയുടെ അമരത്തിലിരിക്കേണ്ടത് അങ്ങാണ്." അന്നുമുതൽ അവരുടെ ഭാവിജീവിതം ശോഭനമാക്കാൻ ആത്മാർത്ഥമായി അവർ ശ്രമിച്ചുകൊണ്ടിരുന്നു. അതുകൊണ്ട് വർഗ്ഗീസിനറിയാം എത്രകാലം വേണമെങ്കിലും തനിക്കുവേണ്ടി കാത്തിരിക്കാൻ അവൾ തയാറാണെന്ന്.

വർഗ്ഗീസ് ഒരു ജോലിക്കുവേണ്ടി പരക്കംപായുകയാണ്. അവന്റെ കയ്യിലിരുന്ന സ്കൂൾഫൈനൽ സർട്ടിഫിക്കററ് വളരെ പഴകിയതായി കാണപ്പെട്ടു. അതിന്റെ പുറംചട്ടക്ക് കൊച്ചുകൊച്ചു തൂവലുകൾ മുളച്ചതുപോലെയും. എന്തിന്, അവന്റെ രക്ഷയുടെ കവാടങ്ങൾ സകലവിധത്തിലും ബന്ധിക്കപ്പെട്ടിരുന്നു.

ഒരു കരുത്തംകെട്ട സ്നേഹിതൻ അവന് ഒരെഴുത്തയച്ചു. അവൻ ഒരു സായ്പിന്റെ തോട്ടത്തിൽ പണിയെടുക്കുന്നു. ഒന്നു രണ്ടുരൂപാക്കൂലി കിട്ടും. ഇവിടെ കിടന്നു നരകിക്കുന്നതിനേക്കാൾ അങ്ങോട്ടു പോകുന്നെങ്കിൽ അതായിരിക്കും നല്ലത്. ഇതായിരുന്നു എഴുത്തിലെ ചുരുക്കം.

അവന്റെ അന്തഃകരണത്തിൽ ഒളിച്ചുവച്ചിരുന്ന ആശകളുടെ തീനാമ്പുകൾ ആളിക്കത്തുവാൻ തുടങ്ങി. അനേകം ദിനരാത്രങ്ങളിൽ അവൻ നുണഞ്ഞിറങ്ങിക്കൊണ്ടിരുന്ന ജീവിതത്തിന്റെ രൂക്ഷത ഇതാ പതുപതുപ്പനാകുന്നു.

ഏതു കൊടിയ രഹസ്യവും അവൻ ലീലാമ്മയെ അറിയിക്കാതിരുന്നിട്ടില്ല. എന്നാൽ ഈ ഒരു കാര്യംമാത്രം അവളെ അറിയിച്ചില്ല. ഏതു വിധത്തിലുള്ള കഷ്ടപ്പാടായാലും ശരി, അതിനെ തൃണവൽഗണിച്ചുകൊണ്ട് മുന്നേറണമെന്നതായിരുന്നു അവന്റെ ആശ. അതുകൊണ്ടായിരിക്കാം അവൻ ആ കാര്യം അവളെ അറിയിക്കാതിരുന്നത്.

ജോസഫിന്റെ കണ്ണുകളിൽനിന്നും രണ്ടുതുള്ളി കണ്ണുനീർ കവിളിൽ, തട്ടിച്ചിതറി; അതിലൊരംശം അടുത്തിരുന്ന എന്റെ ദേഹത്തിലും.

അമ്മാവൻ, പ്രാണസർവസ്വമായ പ്രണയിനി, എന്തു ത്യാഗവും സഹിക്കുവാൻ തയാറുള്ള ആ അമ്മാവി, എന്നിവരെ അറിയിക്കാതെ പോവുക—അതവന് ചിന്തിക്കുവാൻപോലും സാദ്ധ്യമല്ല. ലീലാമ്മ, അവളിതറിഞ്ഞാൽ? ഈ പ്രശ്നങ്ങളിൽ അവൻ അധികസമയം പങ്കെടുത്തില്ല. അവൻ പോയതു തെററല്ല. അവന് ജീവിക്കണം, മാന്യതയുടെ മൂടുപടമില്ലാതെയെങ്കിലും; അത്രമാത്രമോ? ലീലാമ്മ, അതെ, അവളെ വിവാഹം കഴിക്കണം. ഇതിനൊക്കെ പണം വേണം. അതുകൊണ്ട് പോയി. അതവൻ ചെയ്ത കുററമാണോ?

പതിവുപോലെ പിറേറന്നും അർക്കന്റെ അരുണകിരണങ്ങൾ ആ പ്രദേശമാകെ പരന്നു; തന്റെ അഭാവത്തിൽ അവിടെ വല്ലതും സംഭവിച്ചുപോയോ എന്നറിയാൻ. ആ ഗ്രാമമാകെ ഒന്നു ഞെട്ടി. അന്നു മുഴുവനും ലീലാമ്മ ഏങ്ങലടിച്ചു കരഞ്ഞു. പട്ടണത്തിൽ ഏതോ അത്യാവശ്യകാര്യത്തിനാണെന്നുപറഞ്ഞാണ് തലേദിവസം രാത്രിയിൽ അവിടെനിന്നും വർഗ്ഗീസ് പോയത്. ആ പോക്ക് ജീവിതത്തിന്റെ ആദ്യമാണോ, അവസാനമാണോ? എങ്ങനെ അറിയാം? നേരം ഇരുട്ടിയിട്ടും ആളെ കാണാനില്ല. സ്നേഹമയിയായ അമ്മാവിയും മകൾ ലീലാമ്മയുംകൂടി അത്താഴത്തിന് വിളമ്പിക്കാത്തിരിക്കയാണ്—

MAR IVANIOS COLLEGE LIBRARY DIGITAL REPOSITORY

"എന്തെടി അവൻ വന്നില്ലേ?' മൂപ്പർ ഒന്നു് നടുവു നിവർക്കാൻ വട്ടംകൂട്ടിക്കൊണ്ടു ചോദിച്ചു.

"ഇവൻ എവിടെച്ചെന്നു കിടക്കുന്നു?" എന്നായി അവളുടെ അമ്മ. പ്രായം കുറെയൊക്കെ ആയില്ലേ? സമയത്തിനു് ഉറങ്ങണമല്ലോ.

"ഇപ്പഴിങ്ങു് വരുമമ്മേ." എന്നു മാത്രമല്ലാതെ അവൾക്കു് എന്തു പറയാൻ കഴിയും?

"വിളക്കും അണച്ചിട്ടു് കെടയെടി അവിടെ. അവൻ വരണങ്കി വരട്ടെ." അവക്കു് ഉറക്കം കയറി മൂത്തു. അവൾ അതിനും മറുപടി പറഞ്ഞു; "അമ്മ പോയി കിടന്നോ," എന്തുയായാലും അറ്റത്തും അറിഞ്ഞും ജീവിച്ചവരല്ലേ, ലീലാമ്മയും വർഗ്ഗീസും?

സമയം പാതിരാത്രിയായി. കത്തിക്കൊണ്ടിരുന്ന മണ്ണെണ്ണവിളക്കുപോലും ഉറങ്ങിക്കഴിഞ്ഞിരുന്നു. ആരൊക്കെ ഉറങ്ങിയാലും അവൾക്കെങ്ങിനെയാണു് ഉറങ്ങാൻ കഴിയുക?

പലതും പലതും കഴിഞ്ഞു. പാലത്തിനടിയിൽക്കൂടി ജലം ഒഴുകിക്കൊണ്ടിരുന്നു. ലീലാമ്മ ചവച്ചുതുപ്പിയ കരിമ്പിൻ തണ്ടുപോലെ ആയി. അവളുടെ ശരീരത്തിലെ രക്തമെല്ലാം എങ്ങോ പോയി ഒളിച്ചു. പക്ഷേ, ഒളിച്ചതാണോ? അതോ, അവനെത്തേടി നടക്കുകയാണോ? അവൾ ഊണില്ല, ഉറക്കമില്ല.

അന്നാദ്യമായിട്ടാണു് അവരുടെ വീട്ടുമുററത്തു് ഒരു പോസ്ററുമാൻ വന്നതു്. അതൊരു പോസ്റ്റുമാൻ ആണെന്നറിഞ്ഞതുതന്നെ അവൾക്കാ എഴുത്തുകിട്ടിയതിനു ശേഷമാണു്. അവളുടെ പേക്കായിരുന്ന ആ എഴുത്തു്. അവളതു് പൊട്ടിച്ചു വായിച്ചു. ഓ! അവളുടെ പ്രാണനാഥന്റെ എഴുത്താണതു്. അവൾ ഉടനെ ഓടി, അമ്മയുടെ അടുക്കലേക്കു്. ആ എഴുത്തു് വായിച്ചപ്പോൾ അവൾക്കെന്തെന്നില്ലാത്ത ഒരനുഭൂതി! അവൾക്കൊരു നവജീവൻവീണതുപോലെ. ഒരു പക്ഷേ ആ എഴുത്തിലായിരിക്കാം അവളുടെജീവൻഇരിക്കുന്നതു്. തോട്ടത്തിൽ ഒരു ചെറിയ ജോലിയുണ്ടു്. രണ്ടു മൂന്നു നാട്ടുകാരും. ശമ്പളമായി നല്ലൊരു തുക കിട്ടുന്നുണ്ടു്. (അതവൻ കരുതിക്കൂട്ടി എഴുതിയതായിരിക്കണം) ലീലാമ്മക്കു് വിശ്വാസമായി. കാര്യങ്ങൾ ഒക്കെ നേരേ ചൊവ്വേ ആയി എന്നു്.

എഴുത്തുകൾ വന്നുകൊണ്ടും പൊയ്ക്കൊണ്ടുമിരുന്നു. സ്നേഹിതക്കും കിട്ടി എഴുത്തുകൾ; അതിലൊന്നു് ജോസഫിനും. അതിലെ ഒന്നു രണ്ടു വാക്കുകൾ ജോസഫ് എന്നോടു പറഞ്ഞു.

"ഞങ്ങൾക്കു് കിട്ടേണ്ട കുടിശിഖ ശമ്പളം ഇതുവരെ കിട്ടിയില്ല. ഒരു ചെറിയ സമരത്തിലേക്കു് നീങ്ങുകയാണു്. സമരം എന്നു പറഞ്ഞാൽ കിട്ടാനുള്ളതു ചോദിച്ചു വാങ്ങുക. എന്റെ ഹൃദയത്തിൽ പറ്റിപ്പിടിച്ചു കിടക്കുന്ന, ആ ലീലാമ്മയുടെയും എന്റെയും വിവാഹം ഒന്നു മാത്രമാണു് എനിക്കു് ഈ അവകാശം ചോദിക്കലിൽ പ്രചോദനം തരുന്നതു്."

ദിവസങ്ങൾ മാസങ്ങളായി. മാസങ്ങൾ വർഷങ്ങളും.

ഒരു ദിവസം ഒരു കമ്പിവന്നു. അവളുടെ അച്ഛന്റെ പേക്കായിരുന്നു അതു്. മൂപ്പർ മകളുടെ കൈയിൽകൊടുത്തു വായിക്കാൻ.

"എടീ മോളേ! അവൻ എന്നു വരുമെന്നാടീ പറഞ്ഞിരിക്കുന്നെ?" അവളുടെ ശരീരം ആരോ പിടിച്ചു് ഉലയ്ക്കുന്നതുപോലെ അവൾക്കൊരു തോന്നൽ!

"വിശേഷിച്ചൊന്നുമില്ലേ? അവൻ അയച്ചതല്ലേ?" ആ പാവം വൃദ്ധനു് അവനെപ്പററി അറിയാനുള്ള കൗതുകം വർദ്ധിച്ചു.

ലീലാമ്മ, രണ്ടു കൈയും നെഞ്ചത്തടിച്ചു് പിറകോട്ടു മലർന്നു. ഇതെന്തു കഥയെന്നറിയാതെ വൃദ്ധൻ അന്തം വിട്ടു് നിൽക്കുന്നു. അവൾ എങ്ങലടിച്ചു് കരയുന്നു. വിളിയും ബഹളവും കേട്ടു് അയലത്തുകാർ ഓടിക്കൂടി. "അവിടെ എന്തോന്നു്" കളിക്കാൻ പോയിരുന്ന മാതാവു് വിളിച്ചുകൊണ്ടു് ഓടിവന്നു. അവൾ നെഞ്ചോടു ചേർത്തു

MAR IVANIOS COLLEGE LIBRARY DIGITAL REPOSITORY

# യുദ്ധം വേണ്ട

(ജി. സുധാകരൻ, II. D. C.)

**പാ**തയിൽ ചരിക്കുന്ന ലോകരേ, കണ്ടോ നിങ്ങൾ
പാതതൻ വക്കിൽപ്പാർക്കും പാപിയാമീയുള്ളോനെ?
പണ്ടു ഞാൻ യുദ്ധത്തിന്നായ് പോയെന്റെ നാട്ടിൽനിന്നും,
വീണ്ടുമിങ്ങെത്തിച്ചേർന്നു രോഗിയായ് നിരാലംബൻ!
ഇന്നെന്നെ ശുശ്രൂഷിക്കാനാരുമില്ലല്ലോ, ചുററും
നിന്നങ്ങു കുരയ്ക്കുന്ന പട്ടികൾ മാത്രം, കഷ്ടം!
നാളെ ഞാൻ മരിക്കുമ്പോൾ ആരോരും കേഴാനില്ലാ-
തീ വഴിവക്കിൽത്തന്നെ എന്നുടെ ശവം കാണാം!
അന്തിയ്ക്കു സന്ധ്യാദേവി പട്ടുട പണിഞ്ഞപ്പോ-
ളന്തരംഗത്തിൽ പൂത്തു ചിന്തതൻ മുല്ലപ്പൂക്കൾ!
നൂലിലായ് സ്മരണപ്പൂ വന്നണഞ്ഞീടുന്നേരം
മാല കോർക്കുന്നു ചിത്തമെന്തിനോ വൃഥാ കഷ്ടം!

---

വച്ചിരിക്കുന്ന ആ എഴുത്ത് അവർ കണ്ടു. എഴുത്തു നിവർത്തി. അവരറിയാതെ ആ എഴുത്ത് കൈയിൽ നിന്നു താഴെ വീണു. "അയ്യോ! വർഗ്ഗീസേ...." അവർ നിന്നനില്പിൽത്തന്നെ നിന്നുപോയി. അവർക്കു് മൂഴമിപ്പിക്കാൻ കഴിഞ്ഞില്ല. അല്ലെങ്കിൽ ആ സന്ദർഭത്തിൽ ആർക്ക് അതു് മൂഴമിപ്പിക്കാൻ കഴിയും? ചിലർ ലീലാമ്മയെ താങ്ങിയെടുത്തു അകത്തു കിടത്തി ശുശ്രൂഷിച്ചു. ഇടയ്ക്കിടക്കു് കണ്ണു തുറന്നു് അവ്യക്തമായി അവർ എന്തോ പറഞ്ഞുകൊണ്ടിരുന്നു.

"കള്ളം—പച്ചക്കള്ളം."

ആ കണ്ണുകൾ. അവയിലെ പോളകൾ വീർത്തിരിക്കുന്നു. ഒരു കൊടുങ്കാററുതന്നെ ആ കണ്ണുകളിൽ ഒളിച്ചിരിക്കുന്നു.

"വരും. എപ്പോഴെങ്കിലും വരും" അവളുടെ വിശ്വാസമാണതു്.

.... .... .... .... ....

ഇന്നു് അവളൊരു സ്വപ്നജീവിയാണു്. ആ മാവിൻ കൂട്ടങ്ങളെയും, കൊന്നമരങ്ങളെയും, പരിസരങ്ങളെയും അവൾ വൃത്തിയായി സൂക്ഷിച്ചിരിക്കുകയാണു്. അവിടെയിരുന്നാണു് അവർ മിക്ക സമയവും കഴിച്ചുകൂട്ടിയിട്ടുള്ളതു്. അവൻ വരുമ്പോൾ സ്വീകരിക്കാനാണു അങ്ങനെ കാത്തിരിക്കുന്നതു്. അവർ രണ്ടുപേരും പാടാറുള്ള പാട്ടാണു് അവൾ ഇന്നു് ഒററയ്ക്കു പാടുന്നതു്. മോഹനമായ ഗാനം. ആ ഗാനത്തിനു് എന്തൊരു അമേയമായ വശ്യശക്തി!

അവൾക്കൊരു നല്ല നാളയെ **സംഭാവന**ചെയ്ത ആ വസ്തുതയെക്കുറിച്ചു്—ഇതുപോലെയുള്ള അനേകം അനേകം ലീലാമ്മമാരെക്കുറിച്ചു്—ഓർത്തു് അങ്ങകലെ ആകാശനീലിമയിൽ നോക്കി ഞാൻ ചിന്താമൂകനായിരുന്നുപോയി.

അന്നൊരു കാലം ഞങ്ങളുമലങ്കാട്ടിനുള്ളി-
ലെന്തിനോ ശത്രുക്കളെപ്പാർത്തു പാർത്തിരുന്നതും,
തീമല പായുംപോലെ പാഞ്ഞൊരു കാറിൽ നിന്നും
ഭീതിയാൽ വിറയാർന്നു ചാടുവാൻ തുനിഞ്ഞതും,
മുററുമെൻ ക്ഷീണം തീക്കാനന്നു ഞാൻ കൂട്ടിൽനിന്നും
തെററിയാ മണൽക്കാട്ടിലേകനായിരുന്നതും.
എന്നുടെ സുഹൃത്തിൻെറ മൃത്യുവിൽക്കണ്ണീർ തൂകി-
യന്നു ഞാനിരുന്നതുമൊക്കെയിന്നോർമ്മിക്കുന്നു.

ആവണിനിലാവത്തു പൂത്തു നീ മുല്ലപ്പൂ പോ-
ലീവിധം കിനാവിൻെറ പ്രേമമായ്ത്തീരാൻ മാത്രം!
വിരിയും കിനാവിൻെറ പൂക്കളെക്കണ്ടെത്തി നീ
ഗിരിതൻ താഴ്‌വാരത്തിൽ, താമരക്കുളങ്ങളിൽ!
സൗരഭം പരത്തി നീ, പാലാഴി ചമച്ചു നീ
മന്ദം പകർന്നു നീ, പാരിനെച്ചിരിപ്പിച്ചും!
വാടുവാൻവേണ്ടീട്ടന്നു പൂത്തൊരു പൂവേ, നിൻെറ
മേനിയിലാരാണാവോ പനിനീർ തളിച്ചതും!

പൂക്കണിയ്ക്കായി നാളെപ്പൂക്കളെത്തേടുന്നേരം
നിൻ സഖി കണ്ടെത്തുമോ നിൻെറയീ സൗന്ദര്യത്തെ?
യുദ്ധത്തെപ്പുലർകുവിൻ ലോകരേ, മനുഷ്യന്നു
മുക്തിതൻ പാനപാത്രം നുകരാൻ കൊടുക്കുവിൻ
യുദ്ധമാം കോട്ടയ്ക്കുള്ളിലെത്രയോ മനുഷ്യർ തൻ
ശക്തികൾ വൃഥാ ചിന്തിക്കണ്ണുനീർ പൊഴിയ്ക്കുന്നു!
ജീവിതം കിനാവിൻെറ പട്ടടയല്ലെന്നാലു-
മൂഴിയിൽ വസന്തങ്ങൾ പലതുണ്ടെന്നാകിലും,
ഇക്കണക്കാളും ചിന്താതപ്തനായ് ശുഭാപ്തി തൻ,
പൂക്കണി കാണാനായിട്ടെത്രനാൾ ജീവിക്കും ഞാൻ?

# രമണൻ

## —ഒരാസ്വാദനം

(എൻ. എ. കുഞ്ഞ് പി. യു. സി.)

സാഹിത്യത്തിൽ ഗദ്യത്തെക്കാളുപരിയായി ഒരു സ്ഥാനം പദ്യത്തിനുണ്ട്. മലയാളസാഹിത്യത്തിലെ കവികളിൽവച്ച് ഏററവും ശ്രദ്ധേയനായ ഒരു കവിയാണ് മഹാകവി ചങ്ങമ്പുഴ. അദ്ദേഹത്തിൻെറ കവിതാരീതിയുടെ—വിശേഷിച്ച് രമണൻ എന്ന കൃതിയുടെ—ഒരാസ്വാദനമാണ് ഈ ലേഖനംകൊണ്ടു ഞാനുദ്ദേശിക്കുന്നത്.

ആശാൻ, ഉള്ളൂർ, വള്ളത്തോൾ തുടങ്ങിയ കവികളിൽനിന്ന് തികച്ചും വ്യത്യസ്തമായ രീതിയിൽ മലയാള കവിതാമണ്ഡലത്തിൽ നൂതനമായൊരു സരണി വെട്ടിത്തുറന്ന, അങ്ങനെ ഗാനഗന്ധർവനെന്ന അപരനാമധേയത്താൽ അറിയപ്പെടുന്ന മഹാകവിയാണ് ചങ്ങമ്പുഴ. ലളിതകോമളമായ പദാവലികളാൽ സംഗീതസാന്ദ്രമധുരമായ രീതിയിൽ കെട്ടിപ്പടുത്തിട്ടുള്ളതാണദ്ദേഹത്തിൻെറ കവിതകൾ. പണ്ഡിതനും പാമരനും ഒന്നുപോലെ മനസ്സിലാക്കി ആസ്വദിക്കുവാൻ കഴിയുന്ന അക്ലിഷ്ടസുന്ദരവും അയത്നലളിതവുമായ അദ്ദേഹത്തിൻെറ കവിതാസരണി മലയാളികളെ ചുരുങ്ങിയകാലംകൊണ്ട് ആകർഷിച്ചുവെന്നു പറഞ്ഞാൽ അതിൽ വലിയ തെററുണ്ടെന്നു തോന്നുന്നില്ല. ഇങ്ങനെ അക്ഷുണ്ണമായി മുന്നോട്ടുപോകുന്ന കവിതാസരണി മലയാളികളെ വല്ലാതാകർഷിക്കുകയും അങ്ങനെ ചങ്ങമ്പുഴക്ക് തൻേറതായ ഒരു പ്രസ്ഥാനം കെട്ടിപ്പടുക്കുവാൻ കഴിയുകയും ചെയ്തു.

ഒരു പ്രേമഗായകനായി കടന്നുവന്ന ചങ്ങമ്പുഴ ക്രമേണ നിരാശതയിലേക്കും അങ്ങനെ വിഷാദാത്മകതത്തിലേക്കും ചെന്നു പതിക്കുകയാണുണ്ടായത്. ആ കാലഘട്ടത്തിൽ തൻെറ സുഹൃത്തായ ഇടപ്പള്ളി രാഘവൻപിള്ളയുടെ മരണം അദ്ദേഹത്തെക്കൊണ്ടു അന്നത്തെ ദുഷിച്ചു നാറിയ സാമൂഹ്യനീതികളെ വെല്ലുവിളിപ്പിക്കുകയാണ്. അങ്ങനെ സാമൂഹ്യവിരോധന്മാരോടുണ്ടായ തീരാത്ത പക—സന്ധിയില്ലാത്ത സമരപ്രഖ്യാപനം—അദ്ദേഹത്തെ വിപ്ലവപ്രസ്ഥാനത്തിലേക്കു നയിച്ചു. ആ കാലഘട്ടത്തിൽ അദ്ദേഹം രചിച്ചിട്ടുള്ള കവിതകളിൽനിന്ന് നമുക്കു അതു ശരിക്കും മനസ്സിലാക്കാം.

ചങ്ങമ്പുഴ ഒരു കാല്പനിക (റൊമാൻറിക്) കവിയോ, ഒരു റിയലിസ്റ്റിക് കവിയോ എന്നു തീർത്തു പറയുവാൻ കഴിയുകയില്ല. കാല്പനിക പ്രസ്ഥാന കാലഘട്ടത്തിലാണ് ചങ്ങമ്പുഴയുടെ ജീവിതമെങ്കിലും സ്വാനുഭവവും സാമൂഹ്യപരിതഃസ്ഥിതികളും അദ്ദേഹത്തെ റിയലിസ്റ്റിക് പ്രസ്ഥാനത്തിലേക്ക് നയിക്കുകയാണുണ്ടായത്. തൻെറ സുഹൃത്തിൻെറ മരണത്തിനു കളമൊരുക്കിയ സാമൂഹ്യ ചുററുപാടുകളോട് അദ്ദേഹത്തിനുണ്ടായിരുന്ന അമർഷം തീവ്രമാകുന്നു. ദാരിദ്ര്യത്തിൽ ജനിച്ച്, ദാരിദ്ര്യത്തിൽ ജീവിച്ച്, ദാരിദ്ര്യത്തിൽതന്നെ മരണമടഞ്ഞ രണ്ടു സുഹൃത്തുക്കളാണ് ഇടപ്പള്ളി കവികൾ. അങ്ങനെ ചങ്ങമ്പുഴക്ക് അന്നത്തെ ചുററുപാടുകൾ വിദ്വേഷം വളർത്തുകയാണു ചെയ്തുകൊണ്ടിരുന്നത്. അന്ന



MAR IVANIOS COLLEGE LIBRARY DIGITAL REPOSITORY

ത്തെ സാമൂഹ്യവ്യവസ്ഥിതി എല്ലാക്കാര്യങ്ങളിലും തന്നെ അദ്ദേഹത്തെ നൈരാശ്യപ്പെടുത്തിയിരുന്നുവെന്നു കരുതേണ്ടിയിരിക്കുന്നു.

ചങ്ങമ്പുഴയുടെ കവിതകളിൽ ഏററവും മികച്ചുകാണുന്ന ഗുണം മുണ്ടശ്ശേരി പറയുന്നതുപോലെ "ഒന്നങ്ങു പാടിപ്പോയാൽ നാക്കിൻററത്തു പററിപ്പിടിക്കുന്ന" വരികളാണെന്നുള്ളതാണ്.

ചങ്ങമ്പുഴയുടെ കവിതകളിൽവച്ചു ഏററവും പ്രധാനവും കേരളീയരെ ഹഠാദാകർഷിച്ചതുമായ ഒരു പുസ്തകമാണു രമണൻ. ഇത്രയധികം പ്രതികൾ വിററഴിഞ്ഞ മറെറാരു പുസ്തകവും മലയാളത്തിലില്ല. അസമത്വങ്ങളുടെയും അനീതിയുടെയും കാലം മാറി. സാധാരണക്കാരനു വിദ്യാഭ്യാസം ചെയ്യാമെന്നുള്ള അവസ്ഥ വന്നുചേർന്നപ്പോൾ, ചിന്തിക്കുന്നതിനും വായിച്ചു രസിക്കുന്നതിനും അവനു താല്പര്യമുണ്ടായി. അപ്പോഴാണു ചങ്ങമ്പുഴ "ഇന്നത്തെ ബഹുഭൂരിപക്ഷം വായനക്കാരും"—വിശിഷ്യ യുവാക്കന്മാർ "അവരുടെ ഹൃദയത്തിൽ ഒളിച്ചുവച്ചോമനിക്കുന്ന കുറേ ജീവിതാനുഭവങ്ങൾ" അവരുടെ ഹൃദയങ്ങളെ പെട്ടെന്നു പിടിച്ചടക്കത്തക്ക ശീലിലും ശൈലിയിലും വൈകാരികാനുഭവങ്ങളുളവാക്കത്തക്ക രീതിയിലും രമണനെ ഒരുക്കി വായനക്കാരുടെ മുന്നിലേക്കു പറഞ്ഞയക്കുന്നതു്.

"മലരണിക്കാടുകൾ തിങ്ങിവിങ്ങി,
മരതകകാന്തിയിൽ മുങ്ങി മുങ്ങി;
കരളും മിഴിയും കവർന്നു മിന്നുന്ന" ചേതോഹരമായൊരു വനപ്രദേശത്തു്,

"പുല്ലുമൂടൽമഞ്ഞല പുൽകിനീക്കി"ക്കൊണ്ടു, വനാന്തരങ്ങളിൽ ആടുമേച്ചുകൊണ്ടു പാടിയാടി നടക്കുന്ന ഒരു സംഘം ഇടയന്മാർ "അവികലശാന്തിതൻ തിരകളവിടവിടെ തുളുമ്പിനിന്നു" അഴകും, ആരോഗ്യവും, സ്വാസ്ഥതയും കളിയാടുന്ന ആററുവക്കിലെ പുൽത്തടത്തിൽ, ഒരു മരത്തിൻെറ ചുവട്ടിലിരുന്നു സല്ലപിക്കുന്ന രണ്ടാട്ടിടയന്മാരുടെ സമീപത്തേക്കു് നമ്മുടെ ശ്രദ്ധയെ തിരിച്ചുവിടുകയാണു്. അവിടെ നാം ചെന്നുകഴിയുമ്പോൾ ആ മരത്തിൻെറ ചുവട്ടിൽ കിടക്കുന്ന രമണനേയും, അവനോടടുത്തു കൊട്ടുംകൈയും കുത്തിയിരിക്കുന്ന മദനനേയും നമുക്കു കാണാൻ കഴിയുന്നു. ആ ആത്മസുഹൃത്തുക്കളുടെ നർമ്മസംഭാഷണത്തിൽനിന്നു് 'രമണനും ചന്ദ്രികയും തമ്മിലുള്ള പ്രണയകഥ നമുക്കു മനസ്സിലാക്കിത്തരുന്നു. അതോടൊപ്പംതന്നെ മദനനും രമണനും തമ്മിലുള്ള ഹൃദയൈക്യം കവി നമുക്കു കാട്ടിത്തരികയും ചെയ്യുന്നു. അങ്ങനെ ചന്ദ്രികയും രമണനുമൊരുമിക്കുന്ന മുഹൂർത്തം പെട്ടെന്നു പറന്നണയാൻ മദനൻ പ്രാർത്ഥിച്ചുകൊണ്ടിരിക്കുമെന്നു തീരുമാനിച്ചുകഴിയുമ്പോൾ "അരുണൻ പടിഞ്ഞാറേ കൊച്ചുകുന്നിൽ ചെരുവിലല്ലാല്ലമായ്‌ത്താണിരുന്നു'വെന്നു ഒരു സംഘം ഗായകരുണർത്തിക്കുകയാണു്. മറെറാരു സംഘം ഗായകർ, "സമുദായമേ, വളരെ വൈകാതെ തന്നെ നിൻെറ നീതിശാസ്ത്രത്തിൻെറ കെട്ടഴിക്കു"മെന്നു് പ്രഖ്യാപനം ചെയ്യുന്നു.

കവി നമ്മെ, കണ്ണും കരളും കവരുന്ന സുന്ദരമായ പല ഭാഗങ്ങളിൽക്കൂടി സഞ്ചരിപ്പിച്ചു് യഥാവസരം രമണനും മദനനും, ചന്ദ്രികയും ഭാനുമതിയും, ചന്ദ്രികയും രമണനും തമ്മിലുള്ള ആശയാവിഷ്കരണ രംഗങ്ങൾ കാട്ടിത്തരുന്നു. അതോടൊപ്പംതന്നെ ഒരു സംഘം ഇടയഗായകരെക്കൊണ്ടു കാര്യങ്ങൾ വിളിച്ചു പറയിക്കുന്നു. രമണനും ചന്ദ്രികയുമായുള്ള പ്രണയരംഗങ്ങൾ വളരെയധികം ആകർഷകമായിരിക്കുന്നു. അതുപോലെതന്നെ രമണനു തൻെറ കാര്യങ്ങൾ പറയുവാൻ മദനനും, ചന്ദ്രികയ്ക്കു് സുന്ദരസ്വപ്നങ്ങളാവിഷ്കരിക്കാൻ ബുദ്ധിമതിയായ ഭാനുമതിയും അവശ്യംവേണ്ട കഥാപാത്രങ്ങൾ തന്നെയാണു്. ഭുവനപ്രശസ്തമായ ശാകുന്തളം നാടകത്തിൽ നായികാനായകന്മാരായ ശകുന്തളാദുഷ്യന്തന്മാരുടെ പ്രേമത്തിനു കളമൊരുക്കാൻ വിശ്വോത്തരകവിയായ കാളിദാസൻ സമവയസ്യരായുപരമണീയരായ

MAR IVANIOS COLLEGE LIBRARY DIGITAL REPOSITORY

അനസൂയാ പ്രിയംവദമാരെ സൃഷ്ടിച്ചിരിക്കുന്നതു പോലെ ചങ്ങമ്പുഴ ഈ കാര്യത്തിൽ വിജയിച്ചിട്ടുണ്ടെന്നു പറയാം.

രണ്ടാംഭാഗം ആരംഭിക്കുന്നതോടെതന്നെ ഒരു സംഘം ഗായകർ, പ്രണയഭ്രാന്തു പിടിപെട്ടു നടക്കുന്ന ചന്ദ്രികയേയും രമണനേയും വരച്ചു കാണിക്കുകയാണ്. ചന്ദ്രിക തോഴിയായ ഭാനുമതിയോട്ട് തൻെറ പ്രാണനായകനെക്കുറിച്ചു പറഞ്ഞു കേൾപ്പിക്കുന്നു. ചന്ദ്രികയുടെ പ്രണയത്തിൻെറ ന്യൂനതകളെയെല്ലാം കാട്ടിയെങ്കിലും അവസാനം ഭാനുമതി അവരുടെ പ്രണയത്തെ അനുഗ്രഹിക്കുന്നു.

മനോഹരമായ ഒരു രാത്രിയിൽ തൻെറ ഉദ്യാനത്തിൽവച്ചു ചന്ദ്രിക രമണനെ വരിക്കുന്നു. സമയം, പ്രകൃതി, ചന്ദ്രികയുടെയും രമണൻെറയും പ്രേമപ്രകടനങ്ങൾ, എന്നിവയെല്ലാം അനുയോജ്യമായിട്ടുണ്ട്. ചന്ദ്രിക ഒളിച്ചു വച്ചിരുന്ന മാല രമണനെ അണിയിക്കുന്നതോടെ, ഇരുവരുടെയും ഹൃദയവ്യാപാരത്തിനനുസരണമായി പ്രകൃതിയും മാറുന്നു. എല്ലാംതന്നെ വളരെയേറെ യോജിക്കുന്നുണ്ട്. കോഴികൂവിയതുപോലും വളരെ നേരത്തെയാണെന്നവർ സംശയിക്കുന്നു. അങ്ങനെ പുലരുന്നതിനുമുമ്പ്, സ്നേഹമസൃണമായ ഒരു ചുംബനവുംഅർപ്പിച്ചിട്ടു ലോകാപവാദത്തെ ഭയന്നു രമണൻ ഉദ്യാനം വിടുകയാണ്. അതോടെ "കഷ്ടമായി നിന്നാശകളെല്ലാം.... ...." തുടങ്ങി... ......"നിശ്ചയിച്ചു കഴിഞ്ഞു നിൻ വിവാഹോൽസവത്തിൻ സമസ്തവും" എന്നിങ്ങനെ അണിയറയിൽനിന്നുയരുന്ന ഒരു ഗാനമാണു നമുക്കു കേൾക്കുവാൻ കഴിയുന്നതു്.

പിന്നെ നമ്മൾ ചന്ദ്രികയെക്കാണുന്നതു് ക്രുദ്ധമായ ഭാവത്തോടെ ഒരു കാരിയുമായി അവളുടെ മുറിയിൽ ഇരിക്കുന്നതാണ്. അവളാദ്യമായി തനിക്കെതിരെ കരുനീങ്ങിയ എല്ലാററിനുമെതിരായി ക്രുദ്ധയാവുന്നു. എന്നാൽ പെട്ടെന്നു സ്ത്രീസഹജമായ വഞ്ചനയും തൻകാര്യചിന്തയും തലപൊക്കുകയാണ്. കാറവലിച്ചുദൂരത്തെറിഞ്ഞിട്ടു,

"പാടേ തിരശ്ശീല വീണു, ഹാ മൽപ്രേമ-
നാടകം തീർന്നു—ജയിച്ചു, ജയിച്ചു,ഞാൻ
ജീവിതം, ജീവിതം! തേനിനെപ്പോലുള്ള
ജീവിതം! ഹാ ഹാ കിതക്കുന്നു മന്മനം!
ഇല്ല, ഞാനെന്നെ നശിപ്പിക്കയില്ലൊരു
പുല്ലാംകുഴലിനു വേണ്ടിയൊരിക്കലും." എന്നു

തീരുമാനിക്കുകയാണ്.

ഒന്നും തന്നെ സംഭവിച്ചിട്ടില്ലായെന്ന മട്ടിൽ ചന്ദ്രിക ചാരുകസേരയിൽ ഒരു പുസ്തകവും വായിച്ചുകൊണ്ടു കിടക്കുകയാണ്. ഭാനുമതിയും കൂടെയുണ്ട്. ആദ്യമൊക്കെ വളരെയേറെ തെന്നിമാറിയിട്ടും, നിർബന്ധമായി നിന്നു രമണനെ തന്നിലേക്കടുപ്പിച്ച ചന്ദ്രിക കാട്ടിയ വൻചതിയെ ഭാനുമതി എതിർക്കുകയാണ്. ചന്ദ്രിക സ്വയം ന്യായീകരിക്കുന്നു. എന്താണിനി സംഭവിക്കുവാൻ പോകുന്നതെന്നു് ഭാനുമതി ആശങ്കിക്കുകയും നിഷ്കളങ്കഹൃദയനായ രമണനു് ഒന്നും സംഭവിക്കരുതേ എന്നു പ്രാത്ഥിക്കുകയും ചെയ്യുന്നു. എന്നാൽ അതേയവസരത്തിൽത്തന്നെ, അശുഭപ്രതീക്ഷകളൊന്നുമാവശ്യമില്ലെന്നും, അവൻ തന്നെ ഇനിയൊരു കൊച്ചുസഹോദരിയെപ്പോലെ കരുതി സ്നേഹിക്കുമെന്നും ചന്ദ്രികയും വിശ്വസിക്കുന്നു. ഒരു സംഘം ഗായകരെക്കൊണ്ടു രമണൻെറ അവസ്ഥ കവി നമുക്കു മനസ്സിലാക്കിത്തരുന്നു.

മദ്ധ്യാഹ്നസമയത്തു മദനൻ ചിന്താമഗ്നനായി കുന്നിൻെറ ഒരു ചരുവിൽ കിടക്കുകയാണ്. ശോകാർദ്രമായ ഒരു വേണുഗാനം കേട്ടു അവൻ പിടഞ്ഞെഴുന്നേൽക്കുന്നു. ആ ഗാനം ആരുടേതാണെന്നു അവനു മനസ്സിലാകുന്നു. ഗാനത്തിൻെറ വികാരത്തിനനുസരിച്ചു അവനിൽ ഭാവഭേദങ്ങളുണ്ടാകുന്നു—രമണൻ ഏകനായി തൻെറ പൊട്ടിയ ചിത്തമുരളിയുമായി കഴിഞ്ഞ കാലത്തെ അനുഭവങ്ങളോർക്കുകയാണ്. ചന്ദ്രികയുമായുള്ള സമാഗമങ്ങളും പ്രണയത്തിൻെറ കി

ളിർപ്പും വളർച്ചയും അവസാനമായി ചന്ദ്രിക ചാർത്തിയ പൂമാലയുമെല്ലാം രമണൻ കാണുകയാണ്. ഭാവിയെക്കുറിച്ചു കണ്ട സുന്ദരമായ തങ്കക്കിനാവൊക്കെ മാഞ്ഞപ്പോൾ ചന്ദ്രികയെ വിശ്വസിച്ചതിനു രമണൻ സ്വയം കുറ്റപ്പെടുത്തുകയാണ്. കഴിഞ്ഞകാലത്തെ സുന്ദരാനുഭൂതികൾ രമണന്റെ ഹൃദയത്തെ നീററിപ്പുകയ്ക്കുന്നുണ്ട്. അവസാനമായി "ഞാനൊരധഃകൃതനല്ലേ? മമ സ്ഥാനവും നിസ്സാരമല്ലേ? ലോകമേ, യാത്രചൊല്ലുന്നെന്റെ മൂകസംഗീതവും ഞാനും!" എന്നു രമണൻ ലോകത്തോടു യാത്രചോദിക്കുന്ന രംഗത്തിലേക്കു കവി നമ്മെ കൂട്ടിക്കൊണ്ടുപോകുന്നു. രമണന്റെ വേണുഗാനം കേട്ടിട്ട് മദനൻ,

"കാട്ടിനകത്തിപ്പോളെങ്ങുനിന്നീ–
യോടക്കുഴൽവിളിയുൽഭവിപ്പൂ?
ഇതുനാൾകേട്ടപോലല്ലയല്ലോ
പുത്തനായുള്ളോരീ പ്രേമഗാനം."

എന്നു വ്യാകുലനാവുകയാണ്. മദനൻ സ്നേഹത്തിന്റെ മഹിമ വർണ്ണിക്കുന്നു. വളരെ പതുക്കെ മദനന്റെ സമീപത്തേക്കു വരുന്ന വിളർത്തുവിളറിയ രമണനെക്കണ്ടിട്ടു ചന്ദ്രികയോടു ഭാനുമതി പറഞ്ഞപോലെതന്നെ "ഇസ്സങ്കടം കണ്ടുമഴ്കയെന്യേ—നിസ്സാരജീവി ഞാനെന്തു ചെയ്‌വേൻ" എന്നു പറഞ്ഞു പോവുകയാണ്. അപ്പോഴേക്കും വ്യസനം കൊണ്ടു ക്ഷീണഗാത്രനായിത്തീർന്ന രമണൻ പ്രവേശിക്കുന്നു. വളരെ പ്രയാസപ്പെട്ടു മദനനെക്കണ്ടമാത്രയിൽ രമണൻപുഞ്ചിരിക്കുന്നു. തുടർന്നുള്ള അവരുടെ സംഭാഷണം മനുഷ്യഹൃദയത്തിൽനിന്നും ഒരിക്കലും മായാത്ത വരികളാണ്. ഹൃദയം കൊണ്ടു വളരെയധികമടുത്ത അവരുടെ ഹൃദയം തുറന്നുള്ള സംഭാഷണത്തിൽ എല്ലാംതന്നെ യന്തർഭവിച്ചിരിക്കുന്നു. പറയുകയാണെങ്കിൽ അവരുടെ ഈ സംഭാഷണത്തിന്റെ എല്ലാവരികളും തന്നെയെടുക്കേണ്ടിവരും. അതുകൊണ്ടു ഞാനതു വിടുകയാണ്.

ചന്ദ്രികയുടെ വിവാഹദിവസം വ്യസനപരവശനായ മദനനെ നമുക്കു കാണാൻ കഴിയുന്നു.

"ദുർദ്ദിവസമേ വന്നുചേർന്നിതോ–
രഗ്നികുണ്ഡവുമായി നീ!
ഹോമിക്കുമതിലിട്ടു നീയൊന്നൊ–
രോമൽപ്പൂമ്പൂട്ടമാനസം."

എന്നു തുടങ്ങുന്ന വരികളിലൂടെ—കാമത്തിന്റെ സർപ്പക്കാവിൽ പെട്ടു സർവവും മറന്ന ചന്ദ്രികയേയും തന്റെ സുഹൃത്തിന്റെ നാശത്തിനു കളമൊരുക്കിയ ചുററുപാടുകളെയും മദനൻ വെല്ലുവിളിക്കുകയാണ്. "ഈ ശോകനാടകത്തിൽ തന്നെക്കൂടി സാക്ഷിയാക്കുകയും, രമണനെ തന്റെ സുഹൃത്താക്കുകയും ചെയ്ത വിധിവൈഭവത്തെപ്പോലും, ശോകത്തിന്റെ നീർച്ചുഴിയിൽപ്പെട്ട മദനൻ കുററപ്പെടുത്തുന്നു. വഞ്ചനയിലകപ്പെട്ട, ഹൃദയശക്തി നശിച്ചുകഴിഞ്ഞ രമണൻ പിരിച്ചു മുറുക്കിയ കയറുമായി ആത്മഹത്യക്കൊരുങ്ങുകയാണ്.

"കപടതയ്ക്കു കഴിഞ്ഞിട്ടു കാഞ്ചന–
ജയപതാകയിവിടെപ്പാറ്റുവാൻ
ഹൃദയശൂന്യതമാത്രമാണോതൊരു
വിജയലബ്ധിക്കുമേകാവലംബനം
ഇവിടെയാദർശമെല്ലാമനാഥമാ–
ണിവിടെയാത്മാർത്ഥതയ്ക്കില്ലൊരർത്ഥവും."

എന്നു രമണൻ ഹൃദയം തുറന്നു പറയുകയാണ്. അക്രമത്തിന്റെയും അനീതിയുടെയും അസന്മാർഗ്ഗത്തിന്റെയും വഞ്ചനയുടെയും അസമത്വത്തിന്റെയും ലോകത്തോട്,

"മമ ഹൃദയരക്തം കുടിച്ചെങ്കിലും
മലിനലോകമേ, യാശ്വസിച്ചീടു നീ."

എന്നു പറയുന്ന രമണൻ അനുഭവിച്ച വിവിധ വികാരങ്ങൾ ചിന്തിക്കുവാൻ കൂടി കഴിയുന്നില്ല. സകല അനീതികളുടെയും നേരേ വെല്ലുവിളി നടത്തിയിട്ടുള്ള രമണൻ ആത്മഹത്യചെയ്യുന്നു. അങ്ങനെ ഏകനായിത്തീർന്ന മദനൻ രമണന്റെ ആത്മഹത്യയെപ്പററിയൊന്നുമറിയാതെ ആടുകളേയും മേച്ചുമേച്ചു രമണനെത്തേടി വനാന്തരങ്ങളിലൂടെ നടക്കുമ്പോൾ അവിചാരിതമായി രമണന്റെ മൃതശരീരം കാണുകയാണ്.

MAR IVANIOS COLLEGE LIBRARY DIGITAL REPOSITORY

# ഒരു ജയിൽപ്പുള്ളിയുടെ ചിന്തകൾ

(കെ. യതീന്ദ്രനാഥൻ P. U. C.)

സമയം പത്തുമണി. അന്ധകാരാവൃതമായ മുറിക്കകത്തു് ഒരു കീറിപ്പോളിഞ്ഞ പായിൽ കിടക്കുകയാണു് ഞാൻ. എന്നെ നിങ്ങൾക്കറിയാമോ? ഇല്ല. നിങ്ങളെല്ലാം എന്നെ മറന്നു കഴിഞ്ഞു. ഞാനാരു്? അതു പിന്നെപ്പറയാം. അതേ, ഞാൻ കീറപ്പായിൽ കിടന്നുകൊണ്ടു് എന്റെ ഭാവിയെപ്പററി ചിന്തിക്കുകയാണു്. ഇത്രയും നേരം ഭൂതകാലത്തെപ്പററി ചിന്തിച്ചു കഴിഞ്ഞു. ചിന്തിച്ചു ചിന്തിച്ചു മടുത്തു. ഇനി ഭാവി എങ്ങനെയാണു്? മധുരപ്പതിനേഴിൽ നൃത്തം ചെയ്യുന്ന ബാലികബാലന്മാർ ചിന്തിക്കുന്ന മാധുര്യമൂറിയ ഭാവിയാണോ? അല്ല. ഉയർന്ന ഡിഗ്രി എടുത്ത മാന്യദേഹങ്ങൾ ചിന്തിക്കുന്ന ഉദ്യോഗമാകുന്ന ഭാവിയാണോ? അതും അല്ല. മധുവിധു കഴിക്കുന്ന ഭാര്യാഭർത്താക്കന്മാർ ചിന്തിക്കുന്ന സന്താനസൗഖ്യം നിറഞ്ഞ ഭാവിയാണോ? അതും അല്ല. പത്തു നാല്പതു വയസ്സായ മദ്ധ്യവയസ്കന്മാരുടെ ഭീതി നിറഞ്ഞ ആ വാർദ്ധക്യകാലമാകുന്ന ഭാവിയാണോ?

---

അതോടേ മദനൻ സ്തബ്ധനും ശോകമൂകനുമാകുന്നു. പെട്ടെന്നുതന്നെ വികാരവിജൃംഭിതനായ മദനൻ ലോകത്തിലെ സകല അനീതികളുടെയും നേരെ തന്റെ കെട്ടടങ്ങാത്ത പ്രതിഷേധം അഴിച്ചുവിടുകയാണു്.

കവി തന്റെ ഈ കൃതിയിലൂടെ തന്റെ കാലഘട്ടത്തിലെ എല്ലാ അസമത്വങ്ങളുടെയും അനീതികളുടെയും നേരേ തനിക്കുണ്ടായിരുന്ന വെറുപ്പു് പ്രകടമാക്കുകയാണു്. ഇതു് ഒരു പ്രണയകഥയാണെങ്കിലും, അതിനേക്കാളുപരിയായി കൈകാര്യം ചെയ്തിരിക്കുന്നതു് സാമുദായികമായും സാമ്പത്തികമായുമുള്ള അസമത്വങ്ങളുടെ പൊളിച്ചുകാട്ടലാണെന്നു കാണാവുന്നതാണു്. ആകെ മൂന്നു ഭാഗങ്ങളിൽ പതിനാലു രംഗങ്ങളിലും രണ്ടു് ഉപക്രമരംഗങ്ങളിലുമായി വളരെ സരളകോമളമായ വിധത്തിൽ വസ്തുതകൾ പ്രതിപാദിച്ചിരിക്കുന്നു. ഈ കൃതിയിലെ എല്ലാ കഥാപാത്രങ്ങളുടെയും സൃഷ്ടിയിൽ കവി അങ്ങേയററം വിജയിച്ചിട്ടുണ്ടു്. കൂടാതെ സ്ത്രീഹൃദയത്തിന്റെ ചാഞ്ചല്യവും ഉറപ്പില്ലായ്മയും ചന്ദ്രികയെക്കൊണ്ടു് ലോകത്തിനു കവി കാഴ്ച വെയ്പ്പിക്കുകയാണു്.

"കണ്ടിട്ടില്ല ഞാനീവിധംമലർ
ച്ചെണ്ടുപോലൊരു മാനസം
എന്തൊരൽഭുത പ്രേമസൗഭഗം!
എന്തൊരാദർശ സൗരഭം!
ആ നിധിക്കുടനാനാകയാൽ സഖി
ഞാനൊരുഭാഗ്യശാലിനി"

എന്നു തന്റെ സഖിയോടു ആടിപ്പാടിപ്പറയുന്ന ചന്ദ്രിക "ഇല്ല ഞാനെന്നെ നശിപ്പിക്കയില്ലൊരു പുല്ലാംകുഴലിനു വേണ്ടിയൊരിക്കലും" എന്നു് ഒരു കൂസലും കൂടാതെ പറയുകയാണു്. ഇതുകൊണ്ടു കവി ചൊല്ലുന്നതു്, ചെഞ്ചായമണിഞ്ഞ ചെഞ്ചുണ്ടുകളും, അർദ്ധനിമീലിത നയനങ്ങളും, മായാത്ത പുഞ്ചിരിയും, പൗഡറിന്റെ പളപളപ്പും, കൃത്രിമകേശത്തിന്റെ മനംകുളിർപ്പിക്കുന്ന മനോഹാരിതയുമായി നടക്കുന്ന തരുണികളുടെ പിന്നാലെ പ്രേമത്തിന്റെ കൈക്കുമ്പിളുമായി പാഞ്ഞുനടക്കുന്ന യുവകോമളന്മാർക്കു് ഒരു താക്കീതു നൽകുകയല്ലേയെന്നു തോന്നിപ്പോകുന്നു.



MAR IVANIOS COLLEGE LIBRARY DIGITAL REPOSITORY

ഒരിക്കലും അല്ല. പിന്നെ എന്താണ്? അടുത്ത ദിവസത്തെ മരണത്തെക്കുറിച്ച് ഒരു ജയിൽപ്പുള്ളിയുടെ ചിന്തയാണിനിക്കുള്ളതു്. അതു ഭീകരമല്ലേ? നിങ്ങൾ ഞെട്ടുന്നതെന്തിനു്? അതേ, ഞാൻ നാളെ ലോകത്തോടു യാത്ര പറയും. ഏററവും നികൃഷ്ടമായ ഒരു മരണം! ഏററവും നികൃഷ്ടമായ ഒരു യാത്രയയപ്പ്! ഇതാ ആ ക്ലോക്കിന്റെ പെൻഡലം ആടുന്നു. 100 മൈൽ സ്പീഡിൽ ആടുന്നു. ഇതാ ആ സൂചി '6' എന്ന അക്ഷരത്തിനടുക്കലെത്തി. അല്പം കൂടി നീങ്ങിയാൽ ഒരു ശബ്ദം കേൾക്കാം. അതേ, 10½ മണി അടിക്കുകയാണ്. ആ സൂചിയുടെ അവസ്ഥയാണെന്റേതു്. അല്പം കൂടി നീങ്ങിയാൽ മണി അടിക്കും. അതുപോലെ അല്പം കൂടി കഴിഞ്ഞാൽ ഞാൻ ഈ ലോകത്തുനിന്നു യാത്ര പറയും. എന്നെന്നേക്കുമായി ഞാനീലോകത്തുനിന്നു യാത്ര പറയും.

മരണം! മരണത്തെ എനിക്കു ഭയമില്ല. പിന്നെന്തിനാണു ഞാനിങ്ങനെ ഓരോന്നു പറഞ്ഞു വിലപിക്കുന്നതു്? അതിനു കാരണമുണ്ട്. ഞാൻ ഏററവും നികൃഷ്ടമായ രീതിയിൽ മരിക്കും. ആളുകൾ എന്റെ ശവത്തിന്റെ പുറത്തു ചെളിയും ചാണകവും വാരി എറിയും. എന്നെപ്പററി കരയുവാൻ ഈ ലോകത്താരുമില്ല. ഞാൻ മരിക്കുമ്പോൾ എന്റെ മൃതദേഹം ആവശ്യപ്പെടാൻ ഈ ലോകത്താരുമില്ല. എന്നെപ്പററി ചിന്തിച്ചു ദുഃഖിക്കുവാൻ ഈ ലോകത്താരുമില്ല. അതേ, ആരുമില്ല എനിക്ക്. ഹോ! ഞാനിത്ര നികൃഷ്ടനായിപ്പോയല്ലോ. ഞാനിത്ര ദുഷ്ടനായല്ലോ! എന്നെക്കൊണ്ടു ലോകത്തിനു ദോഷമല്ലാതെ ഗുണമൊന്നും ഉണ്ടായിട്ടില്ല. ഈ ലോകത്തിൽ ഞാനൊരധികപ്പററാണ്.

എന്റെ ഭാവി നാളെ പത്തു മണി വരെ മാത്രം. പത്തു മണി കഴിഞ്ഞാൽ എന്റെ മൃതദേഹമായിരിക്കും ശേഷിക്കുന്നതു്. അതിനാരും ഉടമസ്ഥനായില്ല. അനാഥപ്രേതം! മെഡിക്കൽ കോളേജുകാർ പാഞ്ഞെത്തും. അവർക്കു മൃതദേഹം വേണം. അവരുടെ ജീപ്പിൽ എന്നെ ഇടും. മെഡിക്കൽ കോളേജിൽ എന്നെ ചാരായത്തിൽ സൂക്ഷിക്കും. പരീക്ഷണങ്ങൾക്കായി എന്നെ എടുക്കും. മേശപ്പുറത്തു കിടത്തും. ഹോ! ഡോക്ടന്മാർ വരുന്നു—മുഖം മൂടിയ പിശാചുക്കൾ. അവരുടെ പുറകേ വിദ്യാർത്ഥികൾ. നിങ്ങളെന്തിനു മുഖം മൂടുന്നു? എന്നെ ഭയമാണോ? അവരടുക്കുന്നു. ചുറ്റും വിദ്യാർത്ഥികളും, കത്തി സാമഗ്രികൾ. അതാ ഒരു കത്തി എന്റെ വയററിൽ. ഹോ! .... .... .... ....

കൂടുതൽ ചിന്തിക്കുവാൻ എനിക്കു കഴിവില്ല. അങ്ങനെ അനേകമനേകം പരീക്ഷണങ്ങൾക്കു വിധേയനാകുമ്പോൾ എന്റെ മൃതദേഹം ഉണ്ടകൾ നിറഞ്ഞ സൈക്കിൾ ട്യൂബു പോലാകും. അങ്ങനെ ഉപയോഗശൂന്യമായ എന്നെ അവർ കുഴിച്ചിടും.

ഒരു കൊല്ലം കഴിയുമ്പോൾ മണ്ണു തോണ്ടി എന്റെ എല്ലുകളെ അവർ ശേഖരിക്കും. അതു് സ്ക്രൂ വച്ചു ചേർത്തു് ഒരെല്ലിൻ കൂടുണ്ടാക്കും. ഇളിച്ചുകൊണ്ടു നിൽക്കുന്ന ഒരു മനുഷ്യാസ്ഥികൂടം! ആ എല്ലു മനുഷ്യനെ ചില്ലിട്ട കൂട്ടിനകത്തു കെട്ടിത്തൂക്കും. അങ്ങനെ പോകുന്നു എന്റെ മരണാനന്തരകഥ.

ഇതാ രണ്ടു പോലീസുകാർ വെടി പറഞ്ഞു രസിക്കുന്നു. അവരുടെ ജീവിതം എത്ര സുഖകരമാണ്! എന്നെപ്പോലെ കഠിനമായി അവർക്കു ചിന്തിക്കേണ്ട. അവരുടെ ഓരോ മനസ്സിലും സുന്ദരമായ ഒരു നാളെ ശേഷിക്കുന്നുണ്ട്. എന്റെ മനസ്സിലോ? ഏററവുംനികൃഷ്ടമായ ഒരു മരണം, ആളുകളുടെ പരിഹാസം നിറഞ്ഞ ചിരി. പ്രിയ സഹോദരങ്ങളേ, നിങ്ങളൊന്നു ചിന്തിക്കൂ. നിങ്ങളെപ്പോലുള്ള ഒരു മനുഷ്യജീവി കൈയ്യും കാലും ഇട്ടടിച്ചു പിടക്കുന്നതു നിങ്ങൾക്കു സന്തോഷം നൽകുന്നു. ഒരു നല്ല 'ഷോ' കണ്ടതിന്റെ ഫലം തരുന്നു. നിങ്ങൾക്കു ഈ അവസ്ഥ ആയിരുന്നുവെങ്കിൽ നിങ്ങളെന്തു ചിന്തിക്കുമായി

MAR IVANIOS COLLEGE LIBRARY DIGITAL REPOSITORY

രുന്നു? തീർച്ചയായും ഒരു മനുഷ്യന്റെ പിടയലും, മരണ വെപ്രാളവും കണ്ടു ആനന്ദിക്കുന്ന നിങ്ങളുടെ അവസ്ഥ എന്റെ ഈ അവസ്ഥപോലെ ആയിരുന്നെങ്കിൽ നിങ്ങൾ ആത്മഹത്യ ചെയ്യുകയോ ഹൃദയസ്തംഭനം മൂലം മരിക്കുകയോ ചെയ്യുമായിരുന്നു. ഇങ്ങനെ പറയുന്നതിൽ നിന്നും ഞാൻ എന്റെ ആത്മധൈര്യത്തെ പുകഴ്ത്തുകയാണെന്നു വിചാരിക്കരുതു്. പക്ഷേ, ഒരു വിധത്തിൽ അങ്ങനെയും ആകാം. എന്റെ ജീവിതത്തെ ആ മഹാശക്തി തിരിച്ചെടുക്കുന്നതുവരെ ഞാൻ കാത്തിരിക്കും. ഒരിക്കലും ഞാൻ സ്വയം എന്റെ ജീവിതത്തെ നശിപ്പിക്കുകയില്ല.

ഇതാ പതിനൊന്നടിക്കുന്നു. ഓരോ വിലയേറിയ നിമിഷവും നീങ്ങിക്കൊണ്ടിരിക്കുകയാണു്. സാവധാനത്തിലാണോ? അല്ല. എന്റെ ഹൃദയം എത്ര വേഗത്തിൽ സ്പന്ദിക്കുന്നോ അത്രയും വേഗത്തിൽ പെൻഡുലവും ആടുന്നു. ഹേ ഹൃദയമേ, സ്പന്ദിക്കൂ. വളരെ വേഗം സ്പന്ദിക്കൂ. കാരണം, നിനക്കു നാളെ പത്തു മണിവരെ മാത്രമേ സ്പന്ദിക്കുവാൻ സാധിക്കുകയുള്ളു. വീരകഥകളിൽ മരിക്കാൻ പോകുന്ന ജയിൽപ്പുള്ളി മരണത്തെ പുഞ്ചിരിയോടുകൂടി സ്വാഗതം ചെയ്യുന്നതായി കാണാം. പുഞ്ചിരിക്കാനുള്ള സമയം അതാണു്. പുഞ്ചിരിക്കുവാനുള്ള അടങ്ങ അററത്തെ നിലയും അപ്പോഴാണു്. പക്ഷേ, നിങ്ങളൊന്നു ചിന്തിക്കണം. മരണത്തെ നേരിടുന്ന ഏതൊരുത്തനും, അവനെത്ര കേമനായിരുന്നാലും, എത്ര സഹനശക്തി ഉള്ളവനായിരുന്നാലും, ഭയമുണ്ടു്. അവന്റെ ഹൃദയം സാധാരണയിൽ കവിഞ്ഞു സ്പന്ദിക്കും. തീക്കൊള്ളിയാകുന്ന ഭയം പൊതിഞ്ഞ പട്ടുവസ്ത്രമാണു് ആ പാൽപ്പുഞ്ചിരി. എന്നാൽ ചിലരാകട്ടെ, മരണം സമീപിച്ചു എന്നു് അറിഞ്ഞാൽ പൊട്ടിക്കരയും, നിലവിളിക്കും, ബോധം കെട്ടുവീഴും. ശാന്തന്മാർ! പാവങ്ങൾ! അവർ ഇങ്ങനെ വിളിക്കുന്നതു് മരണഭയം കൊണ്ടു മാത്രമല്ല. അവരുടെ ബന്ധുക്കൾ സമീപത്തോ അങ്ങകലയോ അവരെയോർത്തു കണ്ണീരൊഴുക്കുന്നുണ്ടായിരിക്കും. അവരെത്ര നിർഭാഗ്യവാന്മാർ! ആ കാര്യത്തിൽ എനിക്കു സമാധാനിക്കാം. എന്നെ ഓർത്തു ആരും ദുഃഖിക്കുകയില്ല. എന്റെ ശവശരീരത്തെ വാങ്ങാനാരുമില്ല.

എന്നാലെന്റെ മാതാപിതാക്കന്മാർ എവിടെ? എനിക്കറിയാവുന്ന കാലം മുതൽ എനിക്കു മാതാപിതാക്കന്മാർ ഇല്ല. ഞാനേകനായി വളന്നു, ഏകനായി മരിക്കുന്നു. ചിലപ്പോൾ എന്റെ പിതാവു് എന്നെ തൂക്കിക്കൊല്ലാൻ വിധിച്ച ജഡ്ജി ആയിരിക്കാം. യുവത്വത്തിന്റെ ചപലതകളെ നിയന്ത്രിക്കുവാൻ കഴിയാതെ ആ ജഡ്ജി അനേകമനേകം ജീവിതങ്ങളെ പാഴാക്കിയിട്ടുണ്ടു്. സമാധാനപാലകനായി നല്ല ഒരു ധർമ്മപത്നിയോടുകൂടി വാർദ്ധക്യകാലം കഴിക്കുന്ന ആ ജഡ്ജിയെപ്പററി തെരുവിൽക്കൂടി നിരങ്ങിയോ കിടന്നോ യാചിക്കുന്ന അനേകമനേകം സ്ത്രീകൾക്കു് ഓരോ കഥ പറയുവാനുണ്ടു്. എന്നെപ്പോലുള്ളവരല്ലാതെ അവരുടെ കഥകളെ ആരു ചെവിക്കൊള്ളാൻ പോകുന്നു! എന്റെ സുന്ദരമായ മുഖവും ആ ജഡ്ജിയുടെ മുഖവും തമ്മിൽ വളരെ സാമ്യം ഉണ്ടു്. അതിൽ നിന്നും ഞാൻ ചിന്തിക്കുന്നതു് ഞാൻ അദ്ദേഹത്തിന്റെ പുത്രനാണെന്നാണു്. എന്റെ അമ്മയോ? അങ്ങനെ ഒരു സ്ത്രീ ഉണ്ടെങ്കിൽ ആ സ്ത്രീയെ വഞ്ചിച്ച പരമ ദുഷ്ടനാണു് ആ നീതിപാലകനായ ജഡ്ജി. അതേ, ഞാൻ പകരം വീട്ടും. നാളെ ഒമ്പതരമണിയ്ക്കു്, തൂക്കിക്കൊല്ലാനുള്ള കയറിന്റെ അടുക്കൽ, മരണത്തിന്റെ സമീപത്തിൽ വച്ചു് ഞാൻ വിളിച്ചു പറയും "അല്ലയോ നീതിപാലകനായ ജഡ്ജി! നിങ്ങൾക്കും ഒരു കാലം വിധിച്ചിട്ടുണ്ടു്. ആ പരമശക്തി ഉണ്ടെങ്കിൽ നിങ്ങളും ഈ കയറിൽ ഞാന്നു മരിക്കും. നിങ്ങൾ നശിപ്പിച്ച പരിശുദ്ധ സ്ത്രീകളുടെ ജീവിതങ്ങൾ നിങ്ങളെ അലട്ടും. അല്ലയോ മഹാനുഭാവാ! നിങ്ങൾ ഓർക്കുന്നുണ്ടോ ആ പഴയ ചാപല്യങ്ങളെപ്പററി? എന്റെ അമ്മയെ നിങ്ങൾ വഞ്ചിച്ചു. തൽഫലമായുണ്ടായ പുത്രനാണു് മരണത്തിന്റെ സമീപത്തിൽ നിൽക്കുന്ന ഈ ഞാൻ. അതേ, നിങ്ങൾ ഞെട്ടുന്നു. നിങ്ങളുടെ പുത്രനാണു് ഞാൻ" ഇങ്ങനെ ഞാൻ വിളിച്ചുപറയും. ആ ജഡ്ജിക്കു്–എന്റെ അച്ഛനു— ചത്തതുപോലെ തല കുനിക്കേണ്ടിവരും. അങ്ങനെ ഞാൻ പ്രതികാരം ചെയ്യും. എന്തു്! എന്നെ നിദ്രാദേവത അനുഗ്രഹിച്ചുവെന്നോ? പ്രിയ സഹോദരങ്ങളേ, ഈ ചിന്തകളിൽ നിന്നെല്ലാം ഒഴിഞ്ഞു ഞാനൊന്നു വിശ്രമിക്കട്ടെ!

MAR IVANIOS COLLEGE LIBRARY
DIGITAL REPOSITORY

# കോളേജുകളിലെ അദ്ധ്യയനഭാഷ

(ഹുസൈൻ P. U. C.)

**കോ**ളേജുകളിലെ അദ്ധ്യയനഭാഷ എന്നു പറഞ്ഞതു് ലോകത്തിലെ സകല കോളേജുകളേയും ഉദ്ദേശിച്ചല്ല; കേരളത്തിലെ കോളേജുകളെ സംബന്ധിച്ചാണു്. കോളേജുകളിൽ ഇന്നു അദ്ധ്യയനഭാഷയായി സ്വീകരിച്ചിട്ടുള്ളതു് ഇംഗ്ലീഷാണല്ലോ. അദ്ധ്യയനഭാഷ മലയാളമാക്കണമെന്നും അതല്ല, ഇംഗ്ലീഷായി തുടരണമെന്നും രണ്ടുപക്ഷമുണ്ടു്. "അമ്മയെ തല്ലുന്നതിനും ഉണ്ടല്ലോ പക്ഷം രണ്ടു്." ഇരുകൂട്ടരും അവരുടെ വാദത്തെ ന്യായീകരിക്കുവാൻ ഉതകുന്ന ന്യായങ്ങൾ ഉയർത്തിപ്പിടിക്കുന്നുമുണ്ടു്. ന്യായങ്ങൾ എന്തുതന്നെയായിരുന്നാലും കുറേ പ്രയാസങ്ങൾ സഹിച്ചാൽ മലയാളഭാഷക്കു് എതിരായുള്ള അഥവാ ഇംഗ്ലീഷിനനുകൂലമായുള്ള വാദങ്ങൾ നിഷ്പ്രഭമാക്കാൻ സാധിക്കുമെങ്കിൽ മലയാളത്തിലെ അദ്ധ്യയനമായിരിക്കും നന്നു്. ഇംഗ്ലീഷ് അദ്ധ്യയനഭാഷയായി തുടരണമെന്നു് ശാഠ്യത്തോടെ വാദിക്കുന്ന ഇംഗ്ലീഷ്പ്രേമികൾ അവരുടെ വാദത്തെ ന്യായീകരിക്കുവാനുപയോഗിക്കുന്ന യുക്തികൾ എന്താണെന്നു് ആലോചിക്കുന്നതു് രസകരമായിരിക്കും.

മലയാളഭാഷയിലുള്ള സങ്കേതികപദങ്ങളുടെ അഭാവമാണു് അവർ മലയാളഭാഷയ്ക്കു് എതിരായി ഉന്നയിക്കുന്ന ആദ്യത്തെ പോരായ്മ. ശാസ്ത്രപഠനത്തിൽ നമുക്കാവശ്യമുള്ള സാങ്കേതികപദങ്ങൾക്കു് ശരിയായ പരിഭാഷ മലയാളഭാഷയിൽ ഇല്ലെന്നും അതുകൊണ്ടു് അതു് ശാസ്ത്രപഠനത്തിനു് പ്രതികൂലമായി നിൽക്കുമെന്നുമാണു് അവർ പറയുന്നതു്. പക്ഷേ, ആ കുറവു് പരിഹരിക്കാവുന്നതാണോ എന്നാണു് ചിന്തിക്കേണ്ടതു്. മലയാളഭാഷയിലും ഇംഗ്ലീഷ്ഭാഷയിലും ഒരുപോലെ പാണ്ഡിത്യമുള്ളവർ ഭാഗ്യവശാൽ കേരളത്തിലുണ്ടു്. അങ്ങനെയുള്ള കേരളത്തിന്റെ വീരസന്താനങ്ങൾ ഉൾക്കൊള്ളുന്ന ഒരു കമ്മിററിയെ സർവ്വകലാശാലയുടെ കീഴിൽ സംഘടിപ്പിച്ചാൽ അനതിവിദൂരമായ ഒരു ഭാവിയിൽ സാങ്കേതികപദദൗർല്ലഭ്യം ഇല്ലാതാക്കാവുന്നതാണു്. റഷ്യയിൽ മഹാനായ അലക്സാണ്ടർ ചക്രവർത്തി 10000 സാങ്കേതികപദങ്ങളുടെ പരിഭാഷ നിർമ്മിച്ചു അദ്ധ്യയനം റഷ്യൻ ഭാഷയിലാക്കി. അദ്ധ്യയനഭാഷ ഇംഗ്ലീഷല്ലാത്തതുകൊണ്ടു് ശാസ്ത്രരംഗത്തു് റഷ്യക്കു് യാതൊരു കുറവും സംഭവിച്ചിട്ടില്ലല്ലോ. അപ്പോൾ ഇംഗ്ലീഷിലഭ്യസനം നടത്തിയാലേ ശാസ്ത്രരംഗത്തു് വിജയം കൈവരിക്കുവാൻ സാധിക്കുകയുള്ളൂ എന്ന ആദ്യത്തെവാദം ശുഷ്കമാണു്.

അടുത്തതായി അവർ ഉന്നയിക്കുന്ന വാദം അദ്ധ്യയനഭാഷാപരിവർത്തനംകൊണ്ടു് അദ്ധ്യാപകർക്കുണ്ടായേക്കാവുന്ന അസൗകര്യങ്ങളാണു്. ഇംഗ്ലീഷിൽ മാത്രം പഠിപ്പിച്ചു പരിചയിച്ച അദ്ധ്യാപകർക്കു് പെട്ടെന്നുണ്ടാകുന്ന ഈ പരിവർത്തനം ചില വിഷമതകളൊക്കെ വരുത്തിവെക്കുമെന്നുള്ളതു് വാസ്തവമാണു്. വിഷമതകളുടെ മദ്ധ്യേക്കൂടിയാണെങ്കിലും തന്റെ മലയാളത്തിലുള്ള പഠിപ്പിക്കൽ വിദ്യാർത്ഥികൾക്കു് വിശദമായി മനസ്സിലാക്കുവാൻ സഹായിക്കുമെങ്കിൽ സംസ്കാരസമ്പന്നനായ ഒരു അദ്ധ്യാപകനു് അതു് ഏററം സന്തോഷകരമായിരിക്കും. കാലക്രമേണ പരിചയംമൂലം അദ്ധ്യാപകർ മലയാളത്തിൽ പഠിപ്പിക്കുവാൻ പ്രാപ്തരാകയും മലയാള



MAR IVANIOS COLLEGE LIBRARY DIGITAL REPOSITORY

ത്തിൽ പഠിച്ച് പാസായ പുതിയ ആളുകൾ സുലഭമാകയും ചെയ്യുന്നതോടൊപ്പം മേൽ പ്രസ്താവിച്ച കുറവും പരിഹരിക്കാവുന്നതാണ്.

ഇനിയുമുണ്ട് അവർക്കു ന്യായങ്ങൾ. ഉപരിവിദ്യാഭ്യാസത്തിനും ഉദ്യോഗത്തിനും മറുമായി മറുനാട്ടിൽ ജീവിക്കേണ്ടി വരുന്നവർക്ക് മലയാളഭാഷയിലുള്ള അഭ്യസനം ഉപദ്രവകരമായിരിക്കും. അഥവാ മലയാളഭാഷയിലുള്ള അഭ്യസനം വിദേശത്തു പോകാൻ സഹായിക്കയില്ല എന്നുള്ളതാണ് മൂന്നാമത്തെ വാദം. കേരളത്തെസംബന്ധിച്ചിടത്തോളം അങ്ങനെ മറുനാടുകളെ സ്വപ്നം കണ്ടുകൊണ്ടു കഴിഞ്ഞുകൂടുന്നവർ തുലോം വിരളമാണ്. അങ്ങനെയുള്ള കുറേ ആളുകളുടെ ഉദ്ദിഷ്ടകാര്യസാദ്ധ്യത്തിനുവേണ്ടി കേരളത്തിൽ വളർന്നു മരിക്കാൻ സന്നദ്ധരായി നിലകൊള്ളുന്ന കേരളത്തിൻെറ ഓമൽസന്താനങ്ങളെ കൈവെടിയാൻ കൈരളി അനുവദിക്കുമോ? അതു പോരെങ്കിൽ മലയാളം അദ്ധ്യയനഭാഷയാക്കുന്നതോടൊപ്പം ഇംഗ്ലീഷ് ഐച്ഛികഭാഷയായംഗീകരിച്ചാൽ മേൽപ്പറഞ്ഞ കുറവ് നിഷ്പ്രയാസം നികത്താവുന്നതാണ്.

അവസാനമായി ഇംഗ്ലീഷ് ഭാഷാപ്രേമികളുന്നയിക്കുന്ന ഒരു വാദം ഇംഗ്ലീഷ് ലോകമെങ്ങും പ്രചാരമുള്ള ഒരു ഭാഷയായതുകൊണ്ട് അതിൻെറ വളർച്ചയെ തടയുന്നതു നല്ലതല്ലെന്നാണ്. ഇംഗ്ലീഷ് ലോകമെങ്ങും പ്രചാരമുള്ള ഒരു ഭാഷയാണെന്നറിഞ്ഞുകൊണ്ടുതന്നെയല്ലേ നമ്മുടെ രാഷ്ട്രഭാഷയായി ഹിന്ദിയെ രാഷ്ട്രപിതാവ് നിർദ്ദേശിച്ചത്. "ഇംഗ്ലീഷ് വിദ്യാഭ്യാസം വിദ്യാർത്ഥികളുടെ ചിന്താശീലത്തെ നശിപ്പിക്കുമെന്നു" അർദ്ധനഗ്നനായ ആ ഫക്കീർ ഭാരതസന്താനങ്ങളെ അനുസ്മരിപ്പിച്ചിട്ടില്ലേ? ഇംഗ്ലീഷ് അദ്ധ്യയനഭാഷയായി സ്വീകരിച്ചു അഭ്യസിപ്പിക്കുന്നതുകൊണ്ട് കാര്യങ്ങളൊന്നും മനസ്സിലാകാതെ പരീക്ഷയിൽ വിജയിക്കുന്നതിനുവേണ്ടിമാത്രം കാണാതെ പഠിക്കുവാൻ കുട്ടികൾ തയ്യാറാകുമെന്നുള്ളതു് ഒരു പൂർണ്ണസത്യമല്ലേ? ഈ പ്രസ്താവിച്ചതെല്ലാം ഇംഗ്ലീഷ് അദ്ധ്യയനഭാഷയായി തുടരണമെന്നാഗ്രഹിക്കുന്നവർ ഉന്നയിക്കുന്ന ന്യായങ്ങളും അതിനുള്ള മറുപടികളുമാണ്.

മാതൃഭാഷാപ്രേമികളെന്തു പറയുന്നുവെന്നുനോക്കാം. അവരുടെ പരമപ്രധാനമായ ആദ്യത്തെ വാദം പത്തുവർഷം ഇംഗ്ലീഷല്ലാത്തതെല്ലാം മലയാളത്തിൽ പഠിച്ചു പരിചയിച്ച വിദ്യാർത്ഥികൾ പൊടുന്നനവേ മലയാളമല്ലാത്തതെല്ലാം ഇംഗ്ലീഷിൽ പഠിക്കുവാൻ നിർബന്ധിതരാകുന്നതു് വിദ്യാർത്ഥികളുടെ ബുദ്ധിയെ മന്ദീഭവിപ്പിക്കുവാൻ സഹായിക്കുമെന്നുള്ളതാണ്. അതു ശരിയല്ലേ? പഠിപ്പിക്കുന്നതൊന്നും മനസ്സിലാകാതെ ഞാൻ മുമ്പു പറഞ്ഞതുപോലെ പരീക്ഷയിൽ എങ്ങിനെയെങ്കിലും വിജയിക്കുവാൻവേണ്ടി കാണുന്നതെല്ലാം കാണാതെ പഠിക്കുവാൻ വിദ്യാർത്ഥികൾ നിർബന്ധിതരാകും. ഈ ശ്രമത്തിൽ കഷ്ടിച്ചു് പകുതിയോളം പേർ വിജയിക്കും. പരീക്ഷക്കുശേഷം ഒരു വർഷം പഠിച്ചകാര്യങ്ങളെന്താണ് എന്നു് ഒരു ആത്മപരിശോധന നടത്തിയാൽ ആകെക്കൂടി ഒരു രണ്ടുപേജിൽ എഴുതി തീർക്കാവുന്നിടത്തോളം കാണും. ചിന്താശക്തിയെ മുളയിലെ നുള്ളുന്ന ഈ സമ്പ്രദായം പാടേ മാററാതെ വിദ്യാഭ്യാസം നന്നാകാൻ പോകുന്നില്ല. തീർച്ച.

രണ്ടാമതായി അവർ പറയുന്നതു് മലയാളഭാഷ പരിപുഷ്ടമാകാൻ ഈ പരിവർത്തനം പരമാവധി പ്രയോജനപ്പെടുമെന്നുള്ളതാണ്. ഇന്നു മലയാളസാഹിത്യത്തിനുള്ള പ്രധാനമായ ഒരു പോരായ്മ ശാസ്ത്രീയഗ്രന്ഥങ്ങളുടെ ക്ഷാമമാണ്. മലയാള സാഹിത്യത്തിൻെറ വിജ്ഞാനപ്രദമായ ശാഖയെ പുറംതള്ളിക്കൊണ്ട് വിനോദപരമായ ശാഖ പുരോഗമിക്കുകയാണ്. എവിടെയും പ്രേമകഥകൾക്കും ഡിറെക്ടീവുകൾക്കും മേന്മ നൽകുമ്പോൾ "വിജ്ഞാനശകലങ്ങളും" "ശാസ്ത്രദീപികയും" സാഹിത്യഗ്രന്ഥങ്ങളായി ആരും കണക്കാക്കുന്നില്ല. മലയാളസാഹിത്യമാകുന്ന,

MAR IVANIOS COLLEGE LIBRARY DIGITAL REPOSITORY




**BASKETBALL TEAM (1959 – '60)**
**Winners of the Bartholomeo Trophy–the undefeated Champions in Trivandrum District League Tournaments.**

MAR IVANIOS COLLEGE LIBRARY
DIGITAL REPOSITORY



**VOLLEY BALL TEAM (1959–'60)**
**The Kerala University Volleyball Champions & Winners of The Bartholomeo Trophy.**



FOOTBALL TEAM (1959-'60)



HOCKEY TEAM (1959-'60)



CRICKET TEAM (1959-'60)



ATHLET IC C

സ്ത്രീയുടെ മുഖമാകുന്ന വിജ്ഞാനപ്രദമായ ശാഖവികൃതവും ഉടലാകുന്ന വിനോദപരമായ ശാഖ സൗന്ദര്യമുള്ളതും ആണെങ്കിൽ മലയാളസാഹിത്യമാകുന്ന സ്ത്രീ സുന്ദരിയാണെന്ന് ഒരു മൂഢനും പറയുകയില്ല. അങ്ങനെയുള്ള വിജ്ഞാനപ്രദമായ ഗ്രന്ഥങ്ങൾ ഉണ്ടാകുവാൻ ഈ വ്യതിയാനം സഹായിക്കയും തൻമൂലം മലയാള സാഹിത്യം തഴച്ചു വളരുകയും ചെയ്യുമെങ്കിൽ അതു് എത്രയോ നല്ലതാണു്.

ഇങ്ങനെ എന്തുകൊണ്ടു നോക്കിയാലും മലയാളം അദ്ധ്യയന ഭാഷയായി സ്വീകരിച്ചാൽ തെററില്ലെന്നു മനസ്സിലാക്കാവുന്നതാണു്. ഇനിയും ശ്രേഷ്ഠന്മാരായ ആളുകളുടെ അഭിപ്രായം എന്താണെന്നു നോക്കാം. മാതൃഭാഷയിലുള്ള വിദ്യാദാനം ആണു് നല്ലതെന്നു് മഹാത്മജി അഭിപ്രായപ്പെട്ടിട്ടുണ്ടെന്നുള്ളതു് സുവിദിതമാണു്. ഈ അടുത്തകാലത്തു് (1959-നവംബർ 2-ാംതീയതി) മുൻ പശ്ചിമബംഗാൾ മുഖ്യമന്ത്രിയും, ഇപ്പോൾ അവിടുത്തെ പി. എസ്സ്. പി. ചെയർമാനുമായ പി. സി. ഘോഷ് പ്രസ്താവിച്ച അഭിപ്രായം താഴെ ചേർക്കുന്നു.

"സ്വാതന്ത്ര്യഭാരതത്തിന്റെ പുനഃസംഘടനയിൽ വിദ്യാഭ്യാസത്തിനു് അത്യുന്നതമായ ഒരു സ്ഥാനമാണുള്ളതു്. നമ്മുടെ വിദ്യാഭ്യാസത്തിന്റെ ലക്ഷ്യം വെള്ളക്കോളറണിഞ്ഞ മാന്യന്മാരെ സൃഷ്ടിക്കയല്ല. സ്വതന്ത്രചിന്തയുടെ വികാസത്തിനു മാതൃഭാഷയിലൂടെയുള്ള അദ്ധ്യയനം ആവശ്യമാണു്." ഇതിൽനിന്നും ഇംഗ്ലീഷ് ഭാഷയിലൂടെയുള്ള അദ്ധ്യയനം ചിന്താശക്തിയെ ഇല്ലാതാക്കുമെന്നു് സിദ്ധിക്കുന്നു.

ഇനിയും മഹാകവി വള്ളത്തോൾ പറയുന്നതെന്താണെന്നു് നോക്കാം.

"ഏതൊരു വേദവുമേതൊരു ശാസ്ത്രവു-
മേതൊരു കാവ്യവുമേതൊരാൾക്കും
ഏത്തിൽ പതിയേണമെങ്കിൽ സ്വഭാഷതൻ
വക്ത്രത്തിൽനിന്നുതാൻ കേൾക്കവേണം."

ഇങ്ങനെ മഹത്തുക്കളെല്ലാം മാതൃഭാഷയിലൂടെയുള്ള അദ്ധ്യയനത്തെ മാനിക്കുന്നുണ്ടു്. വെള്ളക്കോക്കു് ക്ലാർക്കുകളെ ഉണ്ടാക്കാൻ കരുതിക്കൂട്ടി കരുപ്പിടിപ്പിച്ച ഇന്നത്തെ വിദ്യാഭ്യാസസമ്പ്രദായം സമീപഭാവിയിൽത്തന്നെ ഉടച്ചു വാർത്തു് മഹാത്മജിയുടെ അടിസ്ഥാനവിദ്യാഭ്യാസസമ്പ്രദായം നടപ്പിൽ വരുത്തുമെന്നും കോളേജുകളിലെ അദ്ധ്യയനഭാഷ മലയാളമാക്കുമെന്നും അതിനായി വിദ്യാർത്ഥികളും മററു ബന്ധപ്പെട്ടവരും പരമാവധി പരിശ്രമിക്കുമെന്നും ഉള്ള വിശ്വാസത്തോടു കൂടി ഈ എളിയ ലേഖനം അവസാനിപ്പിച്ചുകൊള്ളട്ടെ.



MAR IVANIOS COLLEGE LIBRARY
DIGITAL REPOSITORY

# ഒരു ജീവിതം ആരംഭിക്കുന്നു

(കെ. സത്യദാസ് II Bsc)

വളരെ ക്ഷീണിച്ചാണ് ഞാൻ ആഫീസിൽ നിന്നു മടങ്ങുന്നതു്. 'ബീച്ചിൽ' പോയി കുറച്ചു കാററുകൊള്ളുകയോ വെടിപറഞ്ഞു രസിക്കുകയോ ചെയ്യുന്നതു് ഒരു വിനോദവൃത്തിയായി 'ലത' തിരഞ്ഞെടുത്തിരിക്കുകയാണു്. പക്ഷേ, അവിടെയും എൻെറ പെരുമാററം എത്രയോ വിചിത്രമായിരുന്നു! എത്രയെത്ര പ്രണയ നാടകങ്ങളാണു് അവിടെ നടക്കുന്നതു്. കാററുകൊള്ളാൻ വരുന്ന കാമിനീകാമുകന്മാർ കൈകോർത്തു ചാടിച്ചാടി നടക്കുന്നതിൽ പ്രതിഷേധിച്ചു് അവിടത്തെ വെള്ളിമണൽ ദൂരെ തെറിച്ചു വീഴുകയാണു്. ആ ഓരോ മണൽത്തരിയും എൻെറ ഹൃദയത്തെ ഭേദിച്ചുകൊണ്ടു കടന്നുപോകും. ലത നിർബന്ധിച്ചിട്ടുപോലും അവളുമായി കൈകോർത്തുനടക്കാൻ ഞാനിഷ്ടപ്പെട്ടില്ല. എങ്കിലും എന്നെരസിപ്പിക്കാനായി അവൾ പലതും പറയും. ഞാൻ മിണ്ടാതിരുന്നു് അതെല്ലാം ശ്രവിക്കും. തിരമാല അടിച്ചുകയറുന്ന ആ വെളുത്ത പതയിൽ തെന്നിത്തെന്നി നടക്കാൻ അവൾക്കുമില്ലേ മോഹം? കഷ്ടം, എന്തൊരു ദാമ്പത്യജീവിതം! പക്ഷേ, നീറുന്ന ഹൃദയങ്ങൾ അറേബ്യൻ കടലിൽ മുഴുവൻ കഴുകിയാൽ പോലും തണുക്കുകയില്ല.

എൻെറ സുഖത്തിനുവേണ്ടി അവൾ എന്തുമാത്രം കഷ്ടതകൾ അനുഭവിക്കുന്നു! ഒരു ഭർത്താവിനു അനുഷ്ഠിക്കേണ്ട കടമകൾക്കപ്പുറം അവൾ പ്രവർത്തിക്കുന്നു. ആഫീസിൽനിന്നു വരാൻ വൈകിയാൽ ഗേററിൽ കാത്തു നിൽക്കുകയായി. കുളിച്ചൊരുങ്ങി പൂവുംചൂടി കാത്തു നിൽക്കുന്ന അവൾ, തൻെറ ചെന്തൊണ്ടിനീർച്ചുണ്ടു് ഒന്നിളക്കിചോദിക്കും, "എന്താ താമസിച്ചതു്?" എന്നു്. ഒപ്പം പ്രത്യക്ഷപ്പെടുന്ന ആ നുണക്കുഴികൾ ഉത്തരംലഭിച്ചില്ലെങ്കിൽ പിന്നെ തെളിയുകയില്ല. വസ്ത്രങ്ങൾ മാറുന്നതിനിടയിൽ കാപ്പി വന്നു കഴിയും. എന്നെ ആനന്ദിപ്പിക്കാനായി, അവൾ ബീച്ചിൽപോകാൻ നിർബന്ധിക്കും.... ....

* * * * *

മുകളിൽ പങ്കാ കറങ്ങുന്നുണ്ടെങ്കിലും, ഉള്ളു് നീറുകയാണു്. രജിസ്റ്റർ ചെയ്തു വന്ന ഒരുകത്തു പോസ്റ്റുമാൻ എന്നെ ഏൽപ്പിച്ചു. വിറയ്ക്കുന്ന കൈകളോടെ ഞാനതു പൊട്ടിച്ചു. എഴുത്തല്ല; സർട്ടിഫിക്കററാണ്. എൻെറ ഹൃദയത്തിൽ വേരൂന്നി, തഴച്ചു വളർന്നു്, കൊഴിഞ്ഞുപോയ ആ ജീവിതത്തിൻെറ അവശിഷ്ടമായിരുന്ന ആ സർട്ടിഫിക്കററു്. എൻെറ ശരീരം തളരുകയാണു്. ഹൃദയം പുകയുകയാണ്. ആ പുക കട്ടിക്കട്ടിയായി മുകളിലോട്ടുയർന്നു.....ഞാനെൻെറ ചുററുമൊന്നു കണ്ണോടിച്ചു. കൂട്ടുകാർ ചുററുമിരുന്നു പണിയെടുക്കുകയാണു്. എൻെറ ഈ അവസ്ഥ അവർ കണ്ടോയെന്നു് ഞാൻ സൂക്ഷിച്ചു. ഇല്ല, ഞാൻ ജോലിചെയ്തുകൊണ്ടിരുന്ന ഫയൽ മടക്കി വച്ചു. ഒരു ലീവ് ലററർ എഴുതി. അടുത്തിരുന്ന രവിയെ ഏല്പിച്ചിട്ടു് വീട്ടിലേക്കു് മടങ്ങി. ആ സർട്ടിഫിക്കററു് എൻെറ കൈയിലിരുന്നു ശ്വാസം മുട്ടുകയാണു്.

പതിവിനു് വിപരീതമായിട്ടാണു് ഞാനന്നു് വീട്ടിൽ വന്നതു്. ലത അടുത്തെത്തി; പ്രേമപൂർവം വിവരമാരാഞ്ഞു. എൻെറ മൂകതയെ ഭഞ്ജിച്ചുകൊണ്ടവൾ പലതും ചോദിച്ചു. എനിക്കു് ദേഷ്യം വന്നു. "എനിക്കു തോന്നീട്ടുവന്നു." അതൊരു ഇടിമുഴക്കമായിരുന്നു.

MAR IVANIOS COLLEGE LIBRARY DIGITAL REPOSITORY

അവൾ കൂടുതൽ സമയം എന്റെയടുത്തു നിന്നില്ല. അവൾ പോകുമ്പോൾ അവളുടെ കണ്ണിൽ നിന്നു് ചുടുനീർക്കണങ്ങൾ എന്റെ കാലിൽ ഇററിററു വീണു. എന്റെ ഹൃദയം പിടഞ്ഞു. അവൾ എന്നെ എന്തുമാത്രം സ്നേഹിക്കുന്നു! എന്നിട്ടു്....? എന്നിട്ടു്....? എന്നിട്ടും ഞാനെന്തുകൊണ്ടവളെ സ്നേഹിക്കുന്നില്ല. അവൾക്കും വികാരങ്ങളും വികാരങ്ങളുമില്ലേ? വിവാഹം കഴിച്ചതിൽപിന്നെ ഒരു ദിവസംപോലും അവളോടു് ആത്മാർത്ഥമായി പെരുമാറിയിട്ടില്ല. ഒരു ഭാര്യയെന്നനിലയിൽ ഞാനവളെ ബഹുമാനിച്ചിട്ടില്ല. എത്രയെത്ര രാത്രിയിൽ എനിക്കുവേണ്ടി അവൾ കാത്തിരുന്നിട്ടുണ്ടു്. ഒരു ദിവസം പോലും അവളെ സിനിമാകാണാൻ കൊണ്ടുപോയിട്ടില്ല. എന്നിട്ടും അവൾ കരഞ്ഞില്ല....!

"എനിക്കു തോന്നീട്ടു വന്നു." ഹോ! അതവളുടെ ശരീരത്തിൽ ഭയങ്കരമായ മുറിവേൽപ്പിച്ചു കാണും. അവൾ ഇതുവരെ ഒരിക്കലും സംശയാസ്പദമായി പെരുമാറിയിട്ടില്ല. പിന്നെന്തിനു് തോന്നിയപ്പോൾ ആഫീസിൽനിന്നു വന്നു് അവളതു് അറിയേണ്ടവളാണു്. അവളുടെ കഥ മുഴുവനും ആദ്യരാത്രിയിൽ തന്നെ തുറന്നു പറഞ്ഞിട്ടുണ്ടു്. എന്റെ ജീവിതത്തെപ്പററി ഒരക്ഷരംപോലും ഞാനവളോടു പറഞ്ഞിട്ടില്ല. ദാമ്പത്യജീവിതം ഏററവും സുന്ദരമാണെന്നു് പുസ്തകങ്ങളിൽ നിന്നു് പഠിച്ചിട്ടുള്ളതല്ലാതെ, യാഥാർത്ഥ്യമാക്കാൻ സാധിച്ചിട്ടില്ലാത്ത അവളുടെ നിസ്സഹായത വ്യക്തമാക്കിയിട്ടു്, അവൾ പിണങ്ങി തിരിച്ചുപോയിട്ടുണ്ടു്. എന്നിട്ടും അവൾ കരഞ്ഞിട്ടില്ല.... ഒരു സ്ത്രീക്കു് ഏററവും മനോവേദനയുണ്ടാക്കുന്നതു് അവളെ തെററിദ്ധരിക്കുകയാണു്. ദൈവതുല്യനായി ആരാധിക്കുന്ന ഭർത്താവു് അവളെ തെററിദ്ധരിക്കുന്നതാണവൾക്കു് ദുസ്സഹം. അതുകൊണ്ടാണവൾ കരഞ്ഞതു്. ആശ്വാസസൂചകമായ ഒരു വാക്കുപോലും ഞാനവൾക്കു് നൽകിയില്ല. കഷ്ടം....! ഇങ്ങനെ എത്രകാലം കഴിയും.... ....?

"മരണം വരെ...." ലത ആ വാതലിൽ പിടിച്ചു കൊണ്ടു നിൽക്കുകയാണു്. എന്റെ ഓർമ്മകൾ പുളകപ്പെട്ടു. ഒരു നിലാവുള്ള രാത്രിയിൽ എന്നെ കളിയാക്കിക്കൊണ്ടു അവൾ പറഞ്ഞതാണു് ഈ ജീവിതം മരണംവരെ പോകുമെന്നു്. അതു വാസ്തവമായിരുന്നു. അങ്ങനെയല്ലേ സരളേ.... ....

.... .... .... .... .... .... .... .... .... .... .... .... .... .... ....

സരള സ്കൂളിൽപോകാൻ വരുകയാണു്. ഞാനക്ഷമനായി കാത്തുനിന്നു.

"നാളെ മുതൽ ഒൻപതുമണിക്കു വന്നില്ലെങ്കിൽ ഞാൻ പോകും. എനിക്കു സാറിന്റെ തല്ലു കൊള്ളാൻ വയ്യ."

"സാറു തല്ലുമോ....?" സരള അൽഭുതപ്പെട്ടു.

"നിന്നെപ്പോലുള്ള പെമ്പിള്ളേരെ തല്ലുകില്ലരിക്കും." ഞാനവളെ കളിയാക്കി.

"എങ്കിൽ വേഗം പോകാം." അവൾ നിർദ്ദേശിച്ചു.

"പൗഡറിടണ്ടേ?"

"വേണ്ട."

അവൾ സ്കൂളിലേക്കു നടന്നു കഴിഞ്ഞു. വീട്ടിൽവന്നു് പൗഡറിട്ടാണു് അവൾ സാധാരണ സ്കൂളിൽ പോകുന്നതു്. അവളുടെ വീട്ടിൽ ഇല്ലാഞ്ഞിട്ടല്ല. ഞാൻ പൗഡറിട്ടു് തല ചീകിവയ്ക്കുന്നതാണവൾക്കിഷ്ടം. "നിന്നെപ്പോലുള്ള പെമ്പിള്ളേരെ സാറു തല്ലുകേല്ലരിക്കും." അതവളുടെ ഹൃദയത്തിൽ തറച്ചുകാണുമോ? ശരിയാണു്. കുട്ടിയെങ്കിലും അവളൊരു സുന്ദരിയായിരുന്നു. പുസ്തകവുമെടുത്തു് കുറച്ചു പൗഡറുമായി ഞാനവളുടെ പുറകെ ഓടി. തോടിന്റെ മാവിൽവച്ചു് ഞാനവളുടെ മുഖത്തു് അതു് ഇട്ടുകൊടുത്തു. സഹപാഠിയായ രാധ അതു കണ്ടു. അവൾ നാണിച്ചു പോയി.

* * * – *

ആ പഴഞ്ചൻ തോടിനും പുതുമയുണ്ടായി. ഇരുകരയും പരന്നു കിടക്കുന്ന നെൽപ്പാടങ്ങളുടെ സംരക്ഷണത്തിനായി അണക്കെട്ടുകൾ അങ്ങി



MAR IVANIOS COLLEGE LIBRARY DIGITAL REPOSITORY

ങ്ങായി ഉയർന്നു. കാലം മാറി.. ....

പക്ഷേ, ഞാനും സരളയുമായുള്ള അടുപ്പം അകലാൻ പോകുകയാണ്. എനിക്കാസ്കൂളിനോട് യാത്രപറയേണ്ട കാലമായി. അവൾക്ക് വീണ്ടും മൂന്നു വർഷംകൂടി പഠിച്ചേ മതിയാകൂ.

വസന്തകാലത്ത് വീട്ടിൽ വെള്ളം കോരാൻ വരുമ്പോഴാണ് പിന്നെ ഞാനവളെ കണ്ടത്. ഒരു വർഷത്തെ കാളേജ് ജീവിതത്തിന്റെ മധുരസ്മരണകൾ അയവിറക്കിക്കൊണ്ടാണ് ഞാനവളോടു സംസാരിച്ചത്. ഞാനവളെ കാപ്പികുടിക്കാൻ വിളിച്ചു. അവളതു നിരസിച്ചു. വെള്ളം കോരി നിറച്ചു വച്ചിരുന്ന ചെപ്പുകുടം രണ്ടുകൈകൊണ്ടും തൂക്കിയെടുത്ത് ഞാനവളുടെ തലയിൽ വച്ചുകൊടുത്തു. ഒരു കൈ വെള്ളംകോരി അവളുടെ മുഖത്ത് ഞാൻ ഒഴിച്ചു. പിണങ്ങിയപോലെ അവൾ നടന്നകലുകയാണ്. എന്തൊരു സൗന്ദര്യം! അമ്പിളിക്കലയെപ്പോലും വെല്ലുവിളിക്കുന്ന സൗന്ദര്യം.

മററത്തെ മുല്ലയിൽ വിടർന്നു വിരിഞ്ഞു നിൽക്കുന്ന പൂക്കൾ അവളുടെ ജീവനാണ്. ചില ദിവസങ്ങളിൽ അവൾക്കതു കിട്ടാറില്ല. മററുള്ള പുഷ്പപ്രേമികളായ കസ്തൂരിക്കുട്ടികൾ പകലേതന്നെ പറിച്ചുകൊണ്ടു പോകും. ഒരു ദിവസം അവൾ വന്നിട്ട് നിരാശതയോടെ മടങ്ങിപ്പോയി. അവൾക്ക് കൊടുക്കാനായി അന്നു രാത്രിയിൽത്തന്നെ ഞാൻ മുല്ലമൊട്ടുകൾ ശേഖരിച്ചു തുടങ്ങി. അവളതു സ്വീകരിച്ചില്ല. ഞാൻ പൗഡറിട്ടു വളർത്തിയ ആ മുഖം താണുപോയി. അവളുടെ കണ്ണിൽനിന്നും രണ്ടു തുള്ളി കണ്ണുനീർ, എന്റെ കൈയിലിരുന്ന പകുതിവിരിഞ്ഞ പൂക്കളിൽ അടർന്നു വീണു. അവ പൂർണ്ണമായി വികസിച്ചു. എന്നിട്ടു അവളതു സ്വീകരിച്ചില്ല....ഒരു വർഷത്തെ പരിവർത്തനങ്ങൾ. "നമുക്കിനി സ്വാതന്ത്ര്യമായി സംസാരിക്കാൻപോലും അവകാശമില്ല. ഈ ലോകം അത്ര ഭയങ്കരമാണ്." അവളുടെ ഹൃദയം എന്നോടു മന്ത്രിച്ചു. ഒരുകൈ പൂക്കളിൽ നിന്നു് ഒരു പൂവുമാത്രം എടുത്തുകൊണ്ടവൾ ഓടിപ്പോയി. അവൾ ആ രാത്രി മുഴുവനും കരഞ്ഞു കാണും. അവൾ വളർന്നതിൽ ഞാൻ സങ്കടപ്പെട്ടു. പിന്നെ അവൾ പൂവിറുക്കാൻ വന്നിട്ടില്ല. ചില ദിവസങ്ങളിൽ അവ ആർക്കും വേണ്ടാതെ കൊഴിഞ്ഞു കിടക്കും. ഞാൻ കൊടുത്ത മുല്ലവള്ളി അവളുടെ വീട്ടിലും പൂത്തു തുടങ്ങി. എന്റെ ഹൃദയം പിടയുന്നുണ്ടായിരുന്നു. എന്നിട്ടും ഞാനവളെ സ്നേഹിച്ചു.

അവളുടെ വീട്ടിൽ ചെല്ലാൻ എനിക്കു പൂർണ്ണസ്വാതന്ത്ര്യം ഉണ്ടായിരുന്നു. എന്നാൽ രോഗിയായ അവളുടെ പിതാവ് എന്നെ വല്ലാതെ നോക്കും. എന്നെ കാണുമ്പോൾ അദ്ദേഹത്തിന്റെ ഹൃദയം നോവുകയാണ്. അതിന്റെ കാരണം വ്യക്തമാക്കാനുള്ള കരുത്ത് അദ്ദേഹത്തിനില്ലായിരുന്നു. ഒരു പൊട്ടിത്തെറിക്കലിനുകൂടി കളമൊരുക്കാതെ അദ്ദേഹം മരണമടഞ്ഞു.

MAR IVANIOS COLLEGE DIGITAL LIBRARY REPOSITORY

സരളയുടെ വിദ്യാഭ്യാസവും അതോടെ അവസാനിക്കുമെന്നായി. എന്നാൽ എസ്സ്. എസ്സ്. എൽ. സി-യുടെ ഫലം പുറത്തു വന്നപ്പോൾ അവൾ ഒന്നാമതായി പാസ്സായി. അവളെ തുടന്നു പഠിപ്പിക്കുവാൻ വീട്ടുകാരെ ഞാൻ പ്രേരിപ്പിച്ചു. പക്ഷേ, അതിനവർക്ക് നിവൃത്തിയില്ലായിരുന്നു. അഞ്ചെട്ടു കുട്ടികളെ പോററാനുള്ള മററു പോംവഴികൾ അവർ ആരാഞ്ഞു. ഇൻറർമീഡിയററ് തോററ് പി. എസ്. സി. ടെസ്റ്റ് എഴുതി ജോലിയിൽ പ്രവേശിച്ച ഞാൻ അവളെ പഠിപ്പിക്കാൻതന്നെ തീരുമാനിച്ചു. അവളുടെ വലിയച്ഛൻ അതിനെ നിരോധിച്ചു. അവളുടെ അമ്മയുടെ പൂർണ്ണസമ്മതം ഞാൻ വാങ്ങി. ആ വലിയച്ഛൻ ആ വീട്ടിൽ പിന്നെ കാലുകുത്തിയിട്ടില്ല.

സരളയും അതിൽ പ്രതിഷേധം തന്നെ രേഖപ്പെടുത്തി. എനിക്കു സംശയമായി. എന്നെ അവൾ സ്നേഹിക്കുന്നില്ലേ? ഇല്ലെങ്കിൽ എന്നെക്കാണുമ്പോൾ അവളുടെ ഹൃദയം നൊമ്പരപ്പെടുന്നതെന്തിന്? പറയുന്ന വാക്കുകൾ പതറുന്നതെ

ന്തിനു്? കരളിൽ കൊള്ളുന്ന വാക്കുകൾ പറയുമ്പോൾ അവൾ കരയാറില്ലേ? എനിക്കു പാട്ടു കേൾക്കണമെന്നു് പറയുമ്പോൾ അവൾ പാടിയിട്ടില്ലേ? പിന്നെന്തിനവൾ ആ പ്രതിഷേധം പ്രകടിപ്പിച്ചു? ഞാനാലോചിച്ചു.

"സരളയെന്നെ സ്നേഹിക്കുന്നില്ലേ?" ഞാൻ ആത്മാർത്ഥമായി ചോദിച്ചു.

"നാട്ടുകാരെന്തുപറയും?" അവൾ കരയുകയാണു്. ആ കണ്ണുനീർ ഞാൻതന്നെ തുടച്ചുമാററി.... അങ്ങനെ ഞാനവളെക്കൊണ്ടു സമ്മതിപ്പിച്ചു ... പിന്നീടുള്ള എൻെറ പരിശ്രമം മുഴുവനും സരളയുടെ പഠിത്തച്ചെലവിനുവേണ്ടിയായിരുന്നു. കാലം കാത്തുനിന്നില്ല.... അവൾ വളരുകയാണു്.... പൂർണ്ണയൗവനത്തിലേക്കു്....

"സരളേ, അടുത്തവർഷം നിന്നെ ഞാൻ വിവാഹം കഴിക്കും." ഒരു കാളേജ് കുമാരിയുടെ മുന്നിൽ എൻെറ ആഗ്രഹങ്ങൾ മറകൂടാതെ നിരത്തിവയ്ക്കുകയാണു്....

"ഇത്ര അത്യാവശ്യമോ?" അവളെന്നെ കളിയാക്കി.

"പിന്നെ ഇങ്ങനെ എത്രകാലം കഴിയും?...." ഞാൻ ഭാവിയെപ്പററി ചിന്തിച്ചു.

"മരണംവരെ.... ...." അവൾ ചിരിച്ചുകൊണ്ടാണതു് പറഞ്ഞതു്.

"വേണ്ട, ഒരു വർഷംകൂടി മതി...." ഞാനവളെ തിരുത്തി.... ....

അല്പം പരുപരുത്ത ശബ്ദത്തിലാണു് ആ വാചകം പുറത്തു വന്നതു്. എൻെറ കണ്ണുകൾ തുറന്നു. ലത കാപ്പിയുമായി മുന്നിൽ നില്ക്കുന്നു. അവളിൽ എന്തോ ചില മാററങ്ങൾ. വിറയ്ക്കുന്ന കൈകളോടെ അവൾ ആ കാപ്പി എൻെറ നേക്കു നീട്ടി. ആ കാപ്പി ഞാൻ സ്വീകരിച്ചില്ലെങ്കിൽ അവളുടെ ആത്മാവിൽ എരിഞ്ഞുകൊണ്ടിരിക്കുന്ന ആ അഗ്നിപർവതം പൊട്ടും. ലാവാ പ്രവഹിക്കും മനുഷ്യരാശി മുഴുവൻ വേദനിച്ചു നശിക്കും. ഒരു കൊച്ചു കുട്ടിയെപ്പോലെ ഞാനതനുസരിച്ചു. എന്നിട്ടും അവൾ കരയുകയാണു്. ആ കരച്ചിലിനു് എന്തോ ഒരു പ്രത്യേകത. എൻെറമേൽ ആധിപത്യം സ്ഥാപിച്ചുകൊണ്ടുള്ള ആ കരച്ചിലിൽ ഞാനൊരു ഭർത്താവായി മാറി. അന്നാദ്യമായി അവളുടെ—ഒരു ഭാര്യയുടെ—കണ്ണുനീർ ഞാൻ തുടച്ചുമാററി. അത്രയുംകാലം അവളിൽ നിന്നു് മറച്ചു വച്ചിരുന്ന—ദഹിച്ചുകൊണ്ടിരുന്ന—ആ രഹസ്യം അവളെ ഞാനറിയിച്ചു....

"എന്തുകൊണ്ടവളെ വിവാഹം കഴിച്ചില്ല?" ലത ചോദിച്ചു.

"ഞങ്ങളുടെ വിവാഹം നടക്കുമെന്നായി. പക്ഷേ...."

"എന്തുപക്ഷേ...."

"നടന്നില്ല....," ഞാൻ തുടർന്നു; "അതിൻെറ രഹസ്യം അവളുടെ വലിയച്ഛനറിയാമായിരുന്നു. നീ ആ കഥ അറിയേണ്ട ലതേ ..." ഞാൻ നിറുത്തി.

അവൾ നിർബന്ധിച്ചു. പരസ്യമായ ആ രഹസ്യം എന്തായാലും ലത അറിയും. പറയാതിരുന്നതുകൊണ്ടു പ്രയോജനമില്ല ... തിങ്ങി നിറഞ്ഞ ചിറ പൊട്ടിയേ മതിയാകൂ. ചിന്നിച്ചിതറിയ രണ്ടു മൂന്നു വാക്കുകൾ ആ മൂകതയെ ഭേദിച്ചുകൊണ്ടു കടന്നുപോയി.

"ഞങ്ങൾ.... ത.... മ്മി.... ൽ.... രക്ത.... ബന്ധമുണ്ടായിരുന്നു."

എനിക്കു പിന്നെ സംസാരിക്കാൻ കഴിഞ്ഞില്ല. സരള പരീക്ഷ എഴുതിയിട്ടു് എനിക്കയച്ച ഒരു കത്തു് ഞാനവൾക്കു് കൊടുത്തു.

"പ്രിയപ്പെട്ട ... ....,

ചേട്ടനുവേണ്ടി ഞാൻ ജീവിച്ചു; പരീക്ഷ എഴുതി സർട്ടിഫിക്കററു വാങ്ങിച്ചുകൊള്ളണം.... തിരുത്തിയാലും തീരാത്ത ഒരു തെററിനെ എനിക്കു് തിരുത്തണമെന്നാഗ്രഹമില്ല. അന്ത്യയാത്രക്കനുവാദം തരൂ ചേ.... ട്ടാ....! തെററുണ്ടെങ്കിൽ, ക്ഷമിക്കണേ.... .... സരള".

ആ സർട്ടിഫിക്കററു് കൈയിൽനിന്നു് നിലം പതിച്ചതു് ഞാനറിഞ്ഞില്ല. ലത അതെടുത്തു; ചില ഭാഗങ്ങൾ അവ്യക്തമായി വായിച്ചു.

".... Sarala .... Passed .... .... With a First Class."

MAR IVANIOS COLLEGE LIBRARY DIGITAL REPOSITORY

# സോളായും നാച്ചുറലിസവും

(എഫ്. അബിലിയൂസ് II D. C.)

വിശ്വസാഹിത്യോദ്യാനത്തിൽ മലരണിഞ്ഞും മധു ചൊരിഞ്ഞും ഹൃദയഹാരിയായി പരിലസിക്കുന്ന ഒരു സുമലതികയാണ് ഫ്രഞ്ചുസാഹിത്യം. ഈ സുമലതികയുടെ നറുമണം വിശ്വവ്യാപകമാക്കാൻ, ശേഷിയും ശേമുഷിയും ഒത്തിണങ്ങിയ ഒട്ടനവധി പ്രതിഭാശാലികൾ ആത്മാർത്ഥമായി പ്രയത്നിച്ചിട്ടുണ്ട്. ഇവരിൽ ഡ്യൂമാസ്, വിക്റ്റർ ഹ്യൂഗോ, ബൽസാക്ക്, വെർലയിൽ, ഫ്ളാബർട്ട്, എമിലിസോള, മോപ്പസാങ്ങ് തുടങ്ങിയവർ മുൻപന്തിയിൽ നിൽക്കുന്നു. ഇവരെല്ലാം തന്നെ ലോകജനതയുടെ മുക്തകണ്ഠമായ അഭിനന്ദനങ്ങൾക്കു പാത്രീഭൂതരായവരാണ്. പദസൗകുമാര്യം തിങ്ങിത്തുളുമ്പി നിൽക്കുന്ന ഫ്രഞ്ചുസാഹിത്യത്തിന്റെ സന്താനങ്ങളായ ഇവരെ ലോകം ഒരിക്കലും വിസ്മൃതി കോടിയിൽ തള്ളുകയില്ല.

ആദികാലങ്ങളിൽ മതം കലയിൽ സ്വാധീനതാശക്തി ചെലുത്തിയിരുന്നു. മതത്തിനു തത്വജ്ഞാനത്തോടു കൂടുതൽ സാദൃശ്യമുണ്ട്. തന്മൂലം തത്വജ്ഞാനം കലയിൽ സ്വാധീനതചെലുത്തി. കാലത്തിന്റെ പാഞ്ഞൊഴുക്കിൽ ശാസ്ത്രം കലയിൽ ആധിപത്യം സൃഷ്ടിക്കാൻ തുടങ്ങിയതോടു കൂടി കല ഒരു നവീനപഥം സ്വീകരിച്ചു. ഈ പന്ഥാവിനെ സുഗമമാക്കാൻ കിണഞ്ഞു പരിശ്രമിച്ചവരിൽ അദ്വിതീയനാണ് എമിലി സോളാ. അദ്ദേഹം ശാസ്ത്രത്തിൽ വിശ്വസിച്ചു. ഇതുമൂലം അദ്ദേഹത്തിന്റെ എല്ലാ കൃതികളും സൂക്ഷ്മ നിരീക്ഷണങ്ങൾക്കു വിധേയമാണ്. അദ്ദേഹം തന്നെ പ്രസ്താവിച്ചിട്ടുണ്ട്, ശാസ്ത്രങ്ങളിൽനിന്നും ഞാൻ അവയുടെ വിശാലചക്രവാളങ്ങളേയും അവയുടെ പ്രഭാവമേറിയ ഉപാധികളേയും കരസ്ഥമാക്കും. ഞാൻ ശാസ്ത്രത്തിൽ വിശ്വസിക്കുന്നു. എന്റെ

---

സ്നേഹിച്ച ഒരു ജീവിതത്തിന്റെ അവശിഷ്ടം. ഞാൻ പൊട്ടിക്കരഞ്ഞുപോയി; അവളെ ഞാനിനിയും പഠിപ്പിക്കുമായിരുന്നു ..." എന്റെ അഭിലാഷങ്ങൾ അതിരുകവിഞ്ഞു പായുകയാണ്. കണ്ണിൽനിന്നു് അടർന്നു വീണ രക്തക്കണ്ണീർ ലതയുടെ ഹൃദയത്തെ ഭേദിച്ചു കാണും.

"നമുക്കവളെ പഠിപ്പിക്കാം...." ലത ഉറപ്പു തന്നു.

"അടുത്ത ജന്മത്തിൽ ...." എനിക്കതു നിശ്ചയമുണ്ട്.

"അല്ല, നമ്മുടെ കുഞ്ഞിനു് സരളയെന്നു് പേരിടാം. അവളെ നമുക്കു പഠിപ്പിക്കാം ...." ലത എന്നെ ആശ്വസിപ്പിച്ചു....

എന്നാൽ എന്റെ പുരുഷത്വത്തെ ജ്വലിപ്പിക്കുന്ന വാക്കുകളായിരുന്നു അവ. എന്റെ ജീവിതത്തിൽ അന്നാദ്യമായി ഒരു കുഞ്ഞിന്റെ പ്രശ്നം ഉദിക്കുകയാണ്....ഞാനവളെ അന്നാദ്യമായി ആത്മാർത്ഥമായി ആശ്ലേഷിച്ചു. എന്നാൽ ആ സർട്ടിഫിക്കേററ് ഞങ്ങളുടെ മാറുകൾക്കിടയിൽ കിടന്നു ഞെരിയുന്നുണ്ടായിരുന്നു. തെററു പററിയ ഒരു ജീവിതത്തിന്റെ വിലയില്ലാത്ത ഡിഗ്രി ഞങ്ങളുടെ ഹൃദയങ്ങളെ അകററുവാൻ ശ്രമിക്കുകയാണ്. പക്ഷേ, തിരമാലകളുടെ ആലിംഗനമേററ് മദിച്ചുവന്ന ഒരിളങ്കാററ് ഞങ്ങളെ തലോടിക്കൊണ്ട് കടന്നുപോയി.

MAR IVANIOS COLLEGE LIBRARY DIGITAL REPOSITORY

കൃതികൾ സാമൂഹ്യമെന്നതിനെക്കാൾ ശാസ്ത്രീയമാകുന്നു''

1840 ഏപ്രിൽ രണ്ടാം തീയതി 'മദ്യത്തിന്റെയും മഹിളയുടേയും നാടാണെന്നു അഭിമാനിക്കുന്ന പാരീസിന്റെ ഒരു കോണിൽ വിശ്വവിഖ്യാതനായ 'എമിലി എഡ്വേർഡു' അന്റോനിസോളാ' ജനിച്ചു. ഇദ്ദേഹത്തിന്റെ പിതാവു് ഇററലിക്കാരനും മാതാവു് ഫ്രഞ്ചുകാരിയുമാണു്. ശൈശവത്തിൽ തന്നെ പിതാവു് കാലഗതി പ്രാപിച്ചതു മൂലം സ്നേഹനിധിയായ മാതാവിന്റെ സംരക്ഷണയിലാണു് സോളാ വളർന്നുവന്നതു്. പിതാവിന്റെ മരണത്തോടുകൂടി ഇദ്ദേഹത്തിനു ധാരാളം ക്ലേശങ്ങൾ അനുഭവിക്കേണ്ടിവന്നു. വളരെയധികം പ്രതീക്ഷകളോടും മധുരസ്മരണകളോടും കൂടിയാണു് വാത്സല്യനിധിയായ മാതാവു് തന്റെ മകനെ കലാലയ ജീവിതത്തിൽ പ്രവേശിപ്പിച്ചതു്. എന്നാൽ മകനെ ഒരു ബിരുദധാരിയായി കാണാനുള്ള ഭാഗ്യം ആ കാരുണ്യമൂർത്തിയായ മാതാവിനു ലഭിച്ചില്ല. കുറച്ചു നാളുകൾക്കു ശേഷം സോളാ ജീവിതവൃത്തിക്കു വേണ്ടി ഒരു ഉദ്യോഗസ്ഥനായി ജോലി നോക്കാൻ തുടങ്ങി. ഈ അവസരത്തിലാണു് സോളാ തന്റെ സാഹിത്യപ്രസ്ഥാനത്തിലേക്കു തിരിച്ചതു്. അദ്ദേഹം ധാരാളം ചെറുകഥകളും നോവലുകളും രചിക്കുകയുണ്ടായി. ഷെയിം, നാനാ, മനുഷ്യമൃഗം, മദ്യശാല മുതലായവ ഇദ്ദേഹത്തിന്റെ പ്രസിദ്ധ കൃതികളാണു്. ഷെയിമിലെ മാദലിനും സൗന്ദര്യവതിയായ നാനായും വിശ്വസാഹിത്യസാമ്രാജ്യത്തിലെ രാജ്ഞിമാരായി അംഗീകരിക്കപ്പെടാൻ യോഗ്യതയുള്ളവരാണു്.

എമിലി സോളയുടെ രചനാരീതിയെക്കുറിച്ചു് പലർക്കും പല പരാതികളുണ്ടു്. ജീവിതത്തിന്റെ എല്ലാ വശങ്ങളും ഒന്നുമൊളിക്കാതെ നഗ്നമായി നമുക്കു കാട്ടിത്തരുകയാണു് സോളാ ചെയ്തിട്ടുള്ളതു്. ജീവിതത്തെ തിരശ്ശീലയിട്ടു മൂടി അതിൽ കൂടി കാണാതെ, നേരിട്ടു കണ്ട മനുഷ്യരാശിയുടെ ആവേശങ്ങളും അഭിലാഷങ്ങളും നമുക്കു മനസ്സിലാക്കിത്തരാനാണു് അദ്ദേഹം പരിശ്രമിച്ചിട്ടുള്ളതു്.

സമ്പന്നയായ ഫ്രഞ്ചു സാഹിത്യത്തെ എമിലി സോള തന്റെ കഴിവുകൾ കൊണ്ടു് പരിപുഷ്ടിപ്പെടുത്തിയിട്ടുണ്ടു്. എന്നിട്ടും ഫ്രഞ്ചു സാഹിത്യ അക്കാഡമിയിൽ അംഗമാകാൻ അദ്ദേഹത്തെ അനുവദിച്ചിരുന്നില്ല എന്നുള്ള കാര്യം വളരെ നിരാശതാജനകമാണു്. ഫ്രഞ്ചു സാഹിത്യചക്രവർത്തിയായ ബൽസാക്കിനും ഇതേ അനുഭവമാണു് കൈ വന്നിട്ടുള്ളതെന്നോർക്കുമ്പോൾ അത്ഭുതപ്പെടാതെ തരമില്ല. 1902 സെപ്തംബർ 29-ാം തീയതി രാത്രി പതിവുപോലെ സോള കിടക്കുവാൻ ഉറക്കറയിൽ പ്രവേശിച്ചു. പ്രഭാതത്തിൽ ലോകം ദർശിച്ചതു് അദ്ദേഹത്തിന്റെ മൃതശരീരത്തെയാണു്. അങ്ങനെ വിശ്വസാഹിത്യ സാമ്രാജ്യത്തിലെ പ്രതിഭാശാലിയും ശാശ്വതസ്മരണീയനുമായ സോളാ, കുറച്ചധികം ജനങ്ങളെ നിരാശതയിൽ നിമഗ്നരാക്കിക്കൊണ്ടു കാലയവനികക്കുള്ളിൽ മറഞ്ഞു.

വിശ്വസാഹിത്യത്തിൽ നാച്ചുറലിസ്റ്റു പ്രസ്ഥാനത്തിന്റെ സ്ഥാപകനാണു് എമിലി സോളാ. നാച്ചുറലിസത്തിന്റെ ഒരു മൗലികതത്ത്വം മനുഷ്യരുടെ ജീവചരിത്രം അവരുടെ പൂർവ്വികന്മാരുടെ ജീവിതമനുസരിച്ചിരിക്കുമെന്നുള്ള ശാസ്ത്രത്തിന്റെ പാരമ്പര്യതത്ത്വമാണു്. മാതാപിതാക്കന്മാരുടെ രക്തത്തിൽ അന്തർലീനമായിരിക്കുന്ന നല്ലതും ചീത്തയുമായ കാര്യങ്ങൾ, സാഹചര്യങ്ങളുടെ വ്യത്യാസമനുസരിച്ചു്, അവരുടെ സന്തതികളിൽ ഒരു വിധത്തിലല്ലെങ്കിൽ മറെറാരുവിധത്തിൽ പ്രകടമാകാതിരിക്കയില്ല. ഭൂരിമനുഷ്യരുടെയും പൂർവ്വികന്മാർ അസാന്മാർഗ്ഗിക ജീവിതം നയിച്ചിട്ടുള്ളവരാണെന്നാണു് നാച്ചുറലിസ്റ്റുകാരുടെ വാദം. ഈ തത്ത്വങ്ങളെ ആസ്പദമാക്കി നിരീക്ഷണപൂർവ്വം എമിലി സോളാ നോവലുകളെഴുതീയിട്ടുണ്ടു്.

MAR IVANIOS COLLEGE LIBRARY
DIGITAL REPOSITORY

സോളാ നാച്ചുറലിസ്റ്റ് രീതിയിൽ എഴുതീട്ടുള്ളതാണ് പ്രസിദ്ധമായ 'റൂജൺ–മക്കാർട്ട്' ചരിതം. നീണ്ട ഇരുപത്തഞ്ചു കൊല്ലം കൊണ്ട ഗംഭീരങ്ങളായ ഇരുപതു നോവലുകൾ ഇതിനുവേണ്ടി എഴുതിത്തീർത്തു. വസ്തുക്കളുടെ സൂക്ഷ്മസ്വഭാവം മനസ്സിലാക്കുന്നതിനും യാഥാർത്ഥ്യം കണ്ടുപിടിക്കുന്നതിനുംവേണ്ടി ഇദ്ദേഹം വളരെയധികം സ്ഥലങ്ങൾ സന്ദർശിക്കുകയും ഒട്ടനവധി ഗവേഷണങ്ങൾ നടത്തുകയും ചെയ്തിട്ടുണ്ട്.

റൂജൻ–മക്കാർട്ടുചരിതം അസ്ഥിരസ്വഭാവക്കാരിയായ ഒരു സ്ത്രീയിൽനിന്നുമാണാരംഭിക്കുന്നത്. സാധുവും പ്രയത്നശാലിയും സുമുഖനുമായ ഒരു കർഷകയുവാവായ റൂജൺ അനിയന്ത്രിത സ്വഭാവക്കാരിയായ ആഡിലേഡിന്റെ ഭർത്തൃപദം സ്വീകരിച്ചു. ഈ ദാമ്പത്യബന്ധത്തിൽനിന്നു ഒരു ശിശു ഭൂജാതമായതോടുകൂടി ആ ബന്ധം ശിഥിലമാകുകയും, ദുർമാർഗ്ഗിയും മദ്യപനുമായ മക്കാർട്ട എന്ന കള്ളക്കടത്തുകാരന്റെ വെപ്പാട്ടിയായി ആഡിലേഡ് ഉയരുകയും ചെയ്തു. ഈ അധാർമ്മിക ബന്ധത്തിൽനിന്നും രണ്ടു കുട്ടികൾ ജനിക്കുന്നു. ധാർമ്മിക ബന്ധത്തിൽനിന്നുണ്ടായ റൂജൺശാഖ സമുദായത്തിലെ ഉന്നതവ്യക്തികളായി ഉയരുന്നു. എന്നാൽ അധാർമ്മികബന്ധത്തിൽനിന്നുണ്ടായ മക്കാർട്ടുശാഖ സമുദായത്തിലെ ജീർണ്ണവസ്തുക്കളായി അധ:പതിക്കുന്നു. കാലം കഴിഞ്ഞതോടെ ഈ രണ്ടു ശാഖകളും വിവാഹബന്ധം മൂലം ദൃഢപ്പെടുന്നതോടുകൂടി അവരുടെ സന്താനങ്ങൾ ഭയങ്കരന്മാരായിത്തീരുന്നു.

മക്കാർട്ടിന്റെ മകനായ അന്റേയിന്റെ മകളാണ് ഗെർവേസ്. സൗന്ദര്യവതിയായ ഗെർവേസ് തന്റെ പതിനാലാമത്തെ വയസ്സിൽ ലാൻറിയർ എന്ന സുമുഖനിൽനിന്നും ഗർഭം ധരിച്ചു. രണ്ടു പേരും നാടുവിട്ടോടി. സമുദായത്തിൽ മാന്യമായി കഴിഞ്ഞു കൂടുവാനാണ് ഗെർവേസ് ആഗ്രഹിച്ചത്. എന്നാൽ ലാൻറിയറാകട്ടെ അവൾക്കു മൂന്നു കുഞ്ഞുങ്ങളെസമ്മാനിച്ചതിനുശേഷം അവളെ നിഷ്കരുണം ശോകപാതാളത്തിൽ വലിച്ചെറിഞ്ഞിട്ട് എങ്ങോ ഓടി മറഞ്ഞു. അതോടുകൂടി അവൾ ഒരു അലക്കുകാരിയായി മാറുന്നു. ഗെർവേസിന്റെ സൗന്ദര്യത്തിൽ മതിമയങ്ങിയ 'കോപ്യൂ' അവളെ വിവാഹം കഴിക്കുന്നു. ഒരപകടത്തിൽപ്പെട്ട കാലൊടിഞ്ഞു കിടപ്പിലാകുന്ന കോപ്യൂ ഒരു തികഞ്ഞ മദ്യപനായി മാറുന്നു. അതോടേ സന്തോഷത്തിൽ കളിയാടിവന്ന കുടുംബം സന്താപത്തിലേക്കു വഴുതി വീഴുന്നു. കുടുംബത്തിന്റെ ശോകമൂകമായ അന്തരീക്ഷത്തിൽ നിന്നും സംജാതമായ വേദനയെ മാററുവാൻവേണ്ടി ഗെർവേസും തികഞ്ഞ ഒരു മദ്യാസക്തയായി മാറുന്നു. അതോടെ ആ കുടുംബം നശിക്കാൻ തുടങ്ങി. മദ്യത്തിന്റെ വിഷശക്തിമൂലം കോപ്യൂ മരണത്തിന്റെ കരാളദംഷ്ട്രയിൽ നിപതിക്കുന്നു. ദാരിദ്ര്യം മൂലം വിശന്നു വിശന്ന് ഒരു വയ്ക്കോൽ കൂനയുടെ പുറത്തു കിടന്നു ഗെർവേസ് മരിക്കുന്നു. ഗെർവേസിന്റെ ശോകനിർഭരമായ കഥയാണ് എമിലി സോളാ 'മദ്യശാല'യിൽ (L'assomoir) വർണ്ണിച്ചിരിക്കുന്നത്.

ഗെർവേസിനു ലാൻറിയറിൽനിന്നു ക്ലാഡ്, ജാക്വിസ്, എറിയൻ എന്നു മൂന്നു ആൺകുട്ടികളും കോപ്യൂവിൽ നിന്നു നാനാ എന്ന പെൺകുട്ടിയും ജനിക്കുന്നു. ഗെർവേസ് തന്റെ പതിനാലാമത്തെ വയസ്സിൽ പ്രസവിച്ച മകനാണ് ക്ലാഡ്. ക്ലാഡിനെ ആസ്പദമാക്കി രചിച്ചതാണ് Loeuvre. ഒരു ചിത്രകാരനാകാനുള്ള ക്ലാഡിന്റെ മോഹം ഉന്മാദത്തോടടുത്ത തീക്ഷ്ണതയുള്ളതാണ്. കലാവാസനയുടെ ഉഗ്രത അയാളെ കാർന്നു തിന്നുന്നതായി നമുക്കതിൽ കാണാൻ കഴിയും.

രണ്ടാമത്തെ മകൻ ജാക്വിസിന്റെ കഥയാണ് മനുഷ്യമൃഗം (Human Beast). ഒരു യുവാവിന്റെ ഭീകരമായ പ്രേമാവേശമാണിതിന്റെ



MAR IVANIOS COLLEGE LIBRARY DIGITAL REPOSITORY

# പരിവർത്തനം

## (ചന്ദ്രൻ II D. C.)

ഇത്രനാളുമെൻ ചേതനയേതോ
വ്യർത്ഥസ്വപ്നത്തിലാണ്ടുകിടന്നു
എത്രനേരമായെന്മിഴിക്കോണിൽ
നിദ്ര ശങ്കിച്ചു ശങ്കിച്ചു നിൽപ്പൂ
ഇന്നുമൊത്തിരി വൈകിയുന്നരാൻ;
പൊന്നുഷസ്സു ഞാൻ കണ്ടതേയില്ല.
നൃത്തലോലപുലരിതൻ കാൽച്ചില-
മ്പൊച്ചപോൽ കിളിപ്പാട്ടു കേട്ടില്ല.
അച്ചിലമ്പണിക്കാലടിയേൽക്കെ-
പ്പൊന്നശോകം കിഴക്കു പൂചൂടി
കാത്തു നിന്നൊരു താരകം മാഞ്ഞു,
കാട്ടുപിച്ചകപ്പൂവു പൊഴിഞ്ഞു;
കാററുചെന്നക്കഥകൾ പറഞ്ഞു;
കേട്ടു പുൽക്കൊടി കണ്ണീരു വാർത്തു.

കണ്ണുനീരൊപ്പിമാററുവാൻ ചെന്നു
മഞ്ഞപ്പട്ടുറുമാലുമായ് വെട്ടം
അപ്പൊഴൊക്കെയും ഞാനുറക്കത്തിൽ
വ്യർത്ഥസ്വപ്നത്തിലാണ്ടുകിടന്നു
അങ്കവാൽമഴവില്ലുകാരൻെറ
ശംഖനാദമുണർത്തിയില്ലെന്നെ
അങ്കണം തുത്ത കൈയിൽ കണ്ണാടി-
ക്കങ്കണം കളിയാക്കിച്ചിരിക്കെ,
എത്തിനോക്കിപ്പുലരൊളിയെന്നെ-
ത്തൊട്ടുണർത്താൻ ശ്രമിച്ചപോലോർമ്മ.
കണ്ണുചിമ്മി ഞാൻ കണ്ടുപലതും,
കണ്ടതല്ലവ പണ്ടൊരുനാളും
വ്യക്തമല്ലത്,യെങ്കിലും കേൾക്കാം
വിപ്ലവത്തിൻെറ കാൽപ്പെരുമാററം.

---

പ്രധാന കഥ. നിയന്ത്രണാതീതമായ ചില അന്തശ്ശക്തികളെപ്പററിയാണ് സോളാ ഈ കഥയിൽ പറയുന്നതു്. മൂന്നാമത്തെ മകനായ എററിയന്നെ ആസ്പദമാക്കി എഴുതിയതാണ് 'Germinal'. കൽക്കരിഖനികളിൽ നിന്നുമുയരുന്ന ജീവസ്പന്ദങ്ങൾ നമുക്കിതിലൂടെ കാണാൻ കഴിയും.

കോപ്പൃവിൻെറ മകളാണ് നാനാ. ഇവളുടെ ജീവിതകഥയെ ആസ്പദമാക്കി എഴുതിയിട്ടുള്ളതാണ് സുപ്രസിദ്ധ നോവലായ നാനാ. ഈ നോവൽ പുറത്തിറങ്ങിയപ്പോൾ ലക്ഷക്കണക്കിനു പ്രതികൾ വിററഴിയുകയുണ്ടായി. ഗെർവേസിൻെറ സംരക്ഷണയിൽ അനിയന്ത്രിതയായി വളരുന്ന നാനാ വിശ്വവിഖ്യാതയായ ഒരു വേശ്യയായി രൂപാന്തരപ്പെടുന്നു. കടലിൽനിന്നും പൊന്തിവരുന്ന വീനസിൻെറ ഭാഗമഭിനയിക്കുന്ന നാനാ പാരീസ്സുജനതയുടെ വികാരങ്ങളുടെ പിരി മുറുക്കുകയാണ് ചെയ്യുന്നതു്. ഈ വികാരങ്ങളുടെ വേലിയേററത്തിലും സമാധാനപരമായി കുടുംബം നയിക്കാൻ ആഗ്രഹമുള്ള ഒരു മാതാവിനെ നാം നാനായിൽ കാണുന്നു. സൗന്ദര്യറാണിയായ നാനായുടെ പേരുകേട്ടാൽ വികാരാവേശത്താൽ കോൾമയിർ കൊള്ളുന്ന പാരീസ്സ്, രോഗിയും വിരൂപിണിയുമായ നാനായുടെ മരണന്നിൽ പരാങ്മുഖയാവുകയാണ് ചെയ്യുന്നതു്!

ഇങ്ങനെ വേശ്യാലയങ്ങളേയും, മദ്യശാലകളേയും, തൊഴിലാളികളേയും പശ്ചാത്തലമാക്കി നോവൽ രചിക്കാനുള്ള കഴിവ് എമിലിസോളായിൽ മാത്രമേ കാണാൻ കഴിയൂ. ധാരാളം തലമുറകളെ നമുക്കു ഈ റൂജൺ–മക്കാർട്ടു ചരിത്രത്തിൽ കാണാൻ കഴിയും. ഇരുപതു നോവലുകളാണ് അദ്ദേഹം ഇതിനുവേണ്ടി എഴുതീട്ടുള്ളതു്. ഇതിൽ നൂറു കണക്കിനു കഥാപാത്രങ്ങളുണ്ട്. ഓരോന്നും ഓരോ വിധത്തിലുള്ള സ്വഭാവക്കാർ. കാലത്തിൻെറ പാഞ്ഞൊഴുക്കിൽ മാതാപിതാക്കളുടെ സ്വഭാവവിശേഷങ്ങൾ പിൻതലമുറയിൽ പ്രകടമാകുമെന്നുള്ള വിശ്വാസത്തെ ഇദ്ദേഹം തൻെറ നോവലുകളിൽ സസൂക്ഷ്മം ചിത്രീകരിച്ചിട്ടുണ്ട്.

MAR IVANIOS COLLEGE LIBRARY DIGITAL REPOSITORY

# മണ്ണിലൊരു മാലാഖ

### (ആർ. മോഹൻദാസ്)

സരസുവിനെ നിങ്ങളാരും അറിയുകയില്ല. പത്തൊൻപതുവയസ്സുപ്രായം; കൊഴുത്ത ശരീരം; തിളങ്ങുന്ന കണ്ണുകൾ; കറുപ്പുനിറം; വീട്ടുവേലകൾ ചെയ്യാൻ ബഹുമിടുക്കത്തിയാണ്. എല്ലാവരേയും അവൾക്കു ബഹുമാനമാണ്. എന്നാൽ അവളെ അക്കും അത്ര ഇഷ്ടമല്ല. അവൾ വേലക്കാരിയാണ്.

എനിക്കവളെ സ്നേഹമാണ്. അവൾക്കെന്നേയും; കൊച്ചനുജനെപ്പോലെ. അന്ന് എനിക്ക് പതിനാലു വയസ്സേയുള്ളു. എങ്കിലും സ്നേഹിക്കാനറിയാം. ഒരു ചേച്ചിയെ ഞാൻ സ്വപ്നം കണ്ടിരുന്നുവെങ്കിൽ ആ രൂപത്തിന് സരസുവുമായി വളരെയധികം സാദൃശ്യം സംഭവിക്കാറുണ്ട്. അതിൽ ഞാൻ ഇപ്പോഴും അൽഭുതപ്പെടാറുണ്ട്.

ഹോസ്റ്റലിലെ ജാലകപ്പഴുതിലൂടെ വെള്ളിനിലാവ് ഇഴുകി ഇറങ്ങുന്നതും നോക്കി ഞാൻ മലർന്നുകിടന്നു. ശരീരഭാഗങ്ങളിൽ തണുപ്പ് ഊർന്നിറങ്ങുന്നു. എങ്കിലും എനിക്കു പുതയ്ക്കാൻ തോന്നിയില്ല. അങ്ങനെ കിടന്ന് മനോരാജ്യങ്ങൾ വെട്ടിപ്പിടിക്കുക, എനിക്കൊരു സുഖമാണത്.

വീട്ടിലായിരിക്കുമ്പോൾ എന്റെ എല്ലാ കാര്യങ്ങളിലും ശ്രദ്ധചെലുത്തുന്നത് സരസു മാത്രമാണ്. ഒരു സരസ്സ് പോലെ അവൾ വീട്ടിന്റെ എല്ലാ ഭാഗത്തും ഒഴുകി നടക്കും.

അവൾക്കു ജോലിതീരുമ്പോൾ രാത്രി മണി എട്ടാകും. പിന്നീട് എന്റെ പഠനമുറിയുടെ മൂലയിൽ എന്റെ വായിലേക്കുറ്റുനോക്കിക്കൊണ്ടിരിപ്പാണ്. ഏതോ മതപ്രസംഗം കേട്ടുകൊണ്ടിരിക്കുന്ന ഭക്തയെപ്പോലെ അവൾ ശ്രദ്ധയോടെ കേട്ടുകൊണ്ടിരിക്കും.

അവൾ പഠിച്ചിട്ടില്ല. എങ്കിലും ഞാൻ ഇംഗ്ലീഷും ഹിന്ദിയും വായിക്കുന്നതു കേൾക്കുമ്പോൾ ഗൗരവം പിടിച്ച് കണ്ണുംനട്ടിരിക്കുന്നതു കണ്ടാൽ എനിക്കു ചിരിവരും. ഞാൻ ചിരിച്ചാൽ അവൾ നാണിച്ചുപോകും. അവളെ നാണിപ്പിക്കുന്നത് എനിക്കൊരു രസമാണ്.

എന്റെ ഭാവിയെപ്പറ്റിയുള്ള പ്രതീക്ഷകൾ എന്റെ മാതാപിതാക്കളെക്കാളേറെ സരസുവിനാണെന്ന് ഞാൻ ഇന്നു വിശ്വസിക്കുന്നു. സരസുവിന്റെ അറിവിൽ ഏറ്റവും വലിയ ഉദ്യോഗം മന്ത്രിയാവുക എന്നതാണ്. പഠിച്ചു പാസ്സായി മന്ത്രിയാകുമെന്നാണ് അവളുടെ വിശ്വാസം. ആ വിശ്വാസം മാറ്റി വേറെന്തെങ്കിലുമാക്കി കിട്ടണമെന്ന് ഞാൻ താഴ്മയായി അപേക്ഷിച്ചിട്ടുണ്ട്. രക്ഷയില്ല. അതിൽനിന്ന് അണുവിട വ്യതിചലിക്കാൻ അവൾ തയ്യാറല്ല. ചിലപ്പോൾ അവളുടെ വിഡ്ഢിത്തം നിറഞ്ഞ ചോദ്യങ്ങൾ കൊണ്ടു പൊറുതിമുട്ടുമ്പോൾ ഞാൻ ദേഷ്യം പിടിച്ചു പറയും.

"പോ പെണ്ണേ. അടുക്കളയിൽ ചെന്നു മന്ത്രിയായിക്കോ".

പെട്ടെന്നവൾ നിശ്ശബ്ദയാകും. കൺപീലികൾ നനയും. ചുണ്ടു വിറയ്ക്കും.

അതു കാണുമ്പോൾ എനിക്ക് വല്ലാതെ തോന്നും.

"സരസൂ, ഞാൻ പഠിച്ചു മന്ത്രിയാവാം. നീ കരയേണ്ട." ഞാൻ പറയും.

പെട്ടൊന്നൊരു വെളിച്ചം ആ കണ്ണുകളിൽ പ്ര

MAR IVANIOS COLLEGE LIBRARY DIGITAL REPOSITORY

കാശിക്കാറുണ്ട്. ആഹ്ലാദത്തിന്റെ പൂത്തിരി കൊളുത്തിയ ചുണ്ടുകളിൽ പുഞ്ചിരി വിടരാറുണ്ട്.

ഉടനെതന്നെ അവൾക്കൊരു സംശയം.

"പഠിച്ചു മന്ത്രിയായാൽ എന്നെ കുഞ്ഞുമോൻ മറക്കുമോ?"

"ഇല്ല."

"തീർച്ച?"

"തീർച്ച."

നിധികണ്ടെത്തിയ ആഹ്ലാദത്തോടെ അവൾ അവിടെ നിന്നു് പുറത്തേയ്ക്കോട്ടം. അതും നോക്കി കുറച്ചുനേരം ഞാൻ അങ്ങനെ നിന്നു പോകും.

ദിവസങ്ങൾ കടന്നുപോയി.

ഒരു ദിവസം അച്ഛൻ അമ്മയോട് പറഞ്ഞു.

'ഈ സരസുവിനെ പറഞ്ഞയക്കണമല്ലോ.'

അമ്മ അച്ഛനെ നോക്കി.

'പിന്നെ...'

ഒരു സിഗററിനു് തീ പിടിപ്പിച്ചുകൊണ്ട് അച്ഛൻ തുടർന്നു.

'ചന്തമുക്കിൽ മുറുക്കാൻകട ഇട്ടിരിക്കുന്ന ഗോപാലന്റെ അളിയൻ ഒരുത്തനുണ്ട്. അവൻ സരസുവിനെ കണ്ടു. അവനിഷ്ടപ്പെട്ടെന്ന് ഗോപാലൻ പറഞ്ഞു. അതങ്ങു നടത്തിയാലെന്തെന്നാലോചിക്കയാ...."

എനിക്കു മനസ്സിലായി. സരസുവിന്റെ വിവാഹത്തെപ്പററിയാണവർ ആലോചിക്കുന്നത്.

'എന്നാലവളോടൊന്നു ചോദിക്കണ്ടേ?"

"എന്തിനാ? കല്യാണം ഇഷ്ടപ്പെടാത്ത പെൺപിള്ളേരൊണ്ടോ?"

എന്നിട്ടദ്ദേഹമൊന്നു ചിരിച്ചു.

സരസുവിനു് അടുത്ത ബന്ധുക്കളാരുമില്ല. അച്ഛനോ, അമ്മയോ ഉണ്ടോയെന്ന് എനിക്കിന്നും തിട്ടമില്ല. കുട്ടിക്കാലം മുതൽക്കുതന്നെ വീട്ടിൽ സരസു ഉണ്ടെന്ന് എനിക്കറിയാം. സരസു വീട്ടിൽനിന്നു് പോകുമെന്നോർത്തപ്പോൾ വല്ലാത്ത ഖേദമുണ്ടായി.

"എവിടെയാ ഗോപാലന്റെ അളിയൻ? ജോലിവല്ലതും...."

'അവനു് മുറുക്കാൻ കടയാ....'

ഞാൻ പുറത്തിറങ്ങിയപ്പോൾ ഇടവഴിയിൽ ഒരു ലഹള നടക്കുകയാണ്, അയൽവീട്ടിലെ ജാനകിയും സരസുവും തമ്മിൽ. നാട്ടുകാര്യങ്ങളും വീട്ടുകാര്യങ്ങളും പറഞ്ഞ കൂട്ടത്തിൽ സരസു ഞാൻ മന്ത്രിയാകയാവുന്നതിനുള്ള സാദ്ധ്യതകളെപ്പററി പ്രസംഗിച്ചു. ആ ഭാഗം ജാനകിയ്ക്കുത്ര പിടിച്ചില്ല.

"എടീ ഇങ്ങനെ പഠിച്ചാലക്കൊണ്ടൊന്നും മന്ത്രിയാവാൻ പററല്ല."

അവൾ പറഞ്ഞു.

സരസുവിനു് അരിശംകൊണ്ടു.

'അതു് പള്ളുംക്രൂസൻ ഗോവിന്ദേണ്ണൻ വിചാരിച്ചാലാ പററാത്ത. എന്റെ കുഞ്ഞുമോൻ....'

പറഞ്ഞു തീർന്നില്ല. അതിനുമുമ്പു് ജാനമ്മ സരസുവിന്റെ നെഞ്ചിലൊരിടി പാസ്സാക്കി. കാരണമില്ലാതില്ല. ഗോവിന്ദൻ അവളുടെ ഭർത്താവാണു്. ഭർത്താവിനെ പള്ളുംക്രൂസൻ എന്നു് വിളിച്ചാക്ഷേപിച്ചാൽ പതിഭക്തിയുള്ള ഒരു ഭാര്യയ്ക്കുതു സഹിക്കാൻ കഴിയുമോ?

എനിക്കവിടെ നിൽക്കാൻ ലജ്ജതോന്നി. സരസുവിന്റെ മൂക്കിനു ഒരിടികൊടുക്കാൻ തക്ക ദ്വേഷ്യമുണ്ട്. എന്തൊരു നാശമാണ്! വീട്ടിൽ പറയുന്നതു് സഹിക്കാം. നാട്ടാരോടും ഞാൻ മന്ത്രിയാവുമെന്നും, അവരെല്ലാം എന്റെ ആജ്ഞ അനുസരിച്ച് നടന്നോളണമെന്നും പറഞ്ഞാൽ അവർ കേൾക്കുമോ?

ഞാൻ അവിടെ നിന്നു് ഓടിരക്ഷപ്പെട്ടു.

സുവനഭംഗികൾ കണ്ടു രസിക്കാൻ ഞാനും കൂട്ടുകാരും തീരുമാനമെടുത്തു. പിന്നെയധികം ചിന്തിക്കേണ്ട ആവശ്യം ഒന്നുമില്ല. പിറേറന്നു കാലത്തു് പുലർന്നപ്പോൾ ഞങ്ങൾ നാലുമൈൽ അകലെയുള്ള കാട്ടിലേക്കു് യാത്രയായി. തെച്ചി

MAR IVANIOS COLLEGE LIBRARY DIGITAL REPOSITORY

പ്പുഴവും, പേരക്കയും, കാരയ്ക്കയും, തിന്ന് ഞങ്ങൾ നടന്നു. ഉച്ചകഴിഞ്ഞു. ആർക്കും വിശപ്പില്ല. ആർക്കും വീട്ടിലേക്കു പോകണമെന്ന് ആശയുമില്ല. വൈകുന്നതുവരെ ഞങ്ങൾ കാട്ടിനുള്ളിൽ ചുററിത്തിരിഞ്ഞു. പറവകൾ പറന്നടുക്കുന്നതു് നോക്കിനിൽക്കാൻ വളരെ ഭംഗിയാണു്. വിശേഷിച്ച് സായന്തനവേളയിൽ സ്വർണ്ണ നിറമുള്ള മഞ്ഞവെയിൽ പറവകളുടെ പള്ളയിൽകൊള്ളുമ്പോൾ വെട്ടിത്തിളങ്ങും. കാടിന്റെ മീതെ ടാർച്ച് അടിച്ചുകൊണ്ട് ആ തിളക്കം കടന്നുപോകും. ചിലപ്പോൾ അവയൊന്നിച്ച് ചിലയ്ക്കാറുണ്ട്. കർണ്ണസാന്ദ്രമായ കളഗീതികൾ മനുഷ്യന്റെ ഹതവിധിയിൽ അനുശോചനം നടത്തുകയാണോ എന്ന് പലപ്പോഴും ഞാൻ സംശയിച്ചിട്ടുണ്ട്.

"വീടുകളിൽ പോകണ്ടേ?"

എല്ലാവരും അക്കാര്യം ഓർക്കാൻ നിർബന്ധിതരായി. വീട്ടിൽ തികച്ചും കയ്പുള്ള അനുഭവമായിരിക്കും സ്വാഗതം ചെയ്യുക എന്നെനിക്കു തോന്നി. അതു തികച്ചും വാസ്തവമായിരുന്നു. എനിക്കുവേണ്ടി ഒരോലത്തുമ്പ് അരങ്ങി കഴിഞ്ഞിരുന്നു. എന്നെപ്രതി കാത്തിരിക്കയാണെല്ലാവരും.

ഗേററിനടുത്തുചെന്ന് ഞാൻ അറച്ചുനിന്നു. അകത്തെ വിശേഷമറിയാൻ അതിയായ അഗ്രഹമുണ്ട്. എങ്ങനെ? സരസു ഒന്നു പുറത്തു വന്നെങ്കിൽ.

ഞാൻ തല സാവധാനം അകത്തേക്കുകടത്തി.

'ഇങ്ങോട്ടുവാടാ.'

അച്ഛൻ ഉറക്കെപ്പറഞ്ഞു. കണ്ണുകളിൽനിന്ന് കോപം തെറിക്കുന്നെന്ന് തോന്നി. ഞാൻ അകത്തു കടന്നു. വിറയ്ക്കുന്ന പാദങ്ങൾ തറയിൽ ഉറപ്പിച്ചു നിറുത്താൻ ശക്തിപോരാ. എന്റെ കണ്ണുകൾ നിറഞ്ഞു. അച്ഛൻ ഓലത്തുമ്പുമായി അടുക്കുകയാണ്.

"വേണ്ടച്ഛാ! ഇനി കുഞ്ഞുമോൻ പോവൂല. ഞാൻ വിടൂല...." സരസു അച്ഛനോട് അപേക്ഷിച്ചു. അവൾ എന്റെ അച്ഛനെ അച്ഛാ എന്നാണ് വിളിച്ചു ശീലിച്ചത്. അമ്മയും സരസുവിനെ പിൻതാങ്ങി. ഞാൻ രക്ഷപ്പെട്ടു.

അച്ഛൻ സരസുവിനെത്തന്നെ നോക്കിനിന്നു. എന്നിട്ട് ഒരുറിച്ചിരിയോടെ പറഞ്ഞു.

"നിന്നെ കെട്ടിക്കൊണ്ടുപോയാൽ പിന്നെങ്ങനെയാ?"

സരസു എന്തോ ദൃഢനിശ്ചയത്തോടെ തീർത്തു പറഞ്ഞു.

"എന്നെ ആരും കെട്ടിക്കൊണ്ടു പോവണ്ട. ഞാൻ പോവൂല്ല."

എല്ലാവരും ചിരിച്ചു.

വിവാഹനിശ്ചയവും വിവാഹവുമൊക്കെ വളരെവേഗത്തിലായിരുന്നു. വിവാഹം കഴിഞ്ഞ് ഭർത്തൃഗൃഹത്തിലേക്കു തിരിച്ചപ്പോൾ പൊട്ടിക്കരഞ്ഞുകൊണ്ട് അവൾ എന്നെ കെട്ടിപ്പിടിച്ചു.

എനിക്കും കരയാതിരിക്കാൻ കഴിഞ്ഞില്ല. വിവാഹത്തിനവൾ തെല്ലും സമ്മതം പ്രകടിപ്പിച്ചിരുന്നില്ല. വിവാഹദിവസംപോലും ആ കൃത്യം എന്തോ പാപകർമ്മംചെയ്യുന്നതുപോലെ അവൾ വെറുത്തു.

അങ്ങനെ സരസു ആ വീട്ടിന് മറക്കാനാവാത്ത ഒരു സ്വപ്നമായി അവശേഷിച്ചു.

വൽസരങ്ങൾ എത്ര വേഗമാണ് മറഞ്ഞുകൊണ്ടിരുന്നതു്.

സരസുവിനെപ്പററി പിന്നെ ഞാൻ ഒന്നുമറിഞ്ഞിരുന്നില്ല. വീട്ടിലും അതിനെപ്പററി പറയുന്നില്ല. ഞാൻ ഹൈസ്കൂൾ ക്ലാസുകൾ പിന്നിട്ട് കാളേജിലേക്കു യാത്രയായി.

ഹോസ്റ്റലിലെ ജീവിതവുമായി ഇഴുകിച്ചേരാൻ വളരെ കാലതാമസം വേണ്ടിവന്നില്ല. കൂട്ടുകാരുണ്ട്, നല്ലവരായ രക്ഷകന്മാരുണ്ട്, സൗകര്യപ്രദങ്ങളായ മുറിയും, ആഹാരവും; പിന്നെന്തുവേണം?

ഒരു ദിവസം!

അന്ന് ഞാൻ വീണ്ടും സരസുവിനെ കാണുക

യാണ്. ഞാൻ തെരുവീഥിയിൽക്കൂടി നടക്കുമ്പോൾ എന്നെ തൊട്ടുവിളിച്ചുകൊണ്ട് ഒരു ചെറുക്കൻ പറഞ്ഞു.

"കുഞ്ഞമ്മ വിളിക്കുന്നു."

എനിക്കമ്പരപ്പു തോന്നി.

തിരിഞ്ഞുനോക്കുമ്പോൾ കുപ്പച്ചുമട്ടുമായി ഒരു സ്ത്രീ എന്നെനോക്കി മന്ദഹസിക്കുന്നു. എനിക്കാളുമനസ്സിലായില്ല. അസ്ഥിപഞ്ജരംപോലെ ശോഷിച്ചു വിളറിയ ഒരു സ്ത്രീ!

"കുഞ്ഞുമോനു സുഖാണോ?"

സരസു!

ഞാനത്ഭുതപ്പെട്ടു.

"തന്നെ. സരസു ഇവിടാണോ?"

അവളൊന്നു മന്ദഹസിച്ചു. ആ ചിരിക്കുമാത്രമേ വ്യത്യാസമില്ലാതുള്ളു.

"കുഞ്ഞുമോൻ നല്ലോണം പഠിക്കണം."

"പഠിച്ചിട്ടു മന്ത്രിയാകാം."

ഉടൻതന്നെ ഞാൻ ഉത്തരം കൊടുത്തു. പെട്ടെന്നെനിക്കതു് ഓക്കാൻ കഴിഞ്ഞതിൽ ഞാൻ അഭിമാനിച്ചു.

മററു കുപ്പച്ചുമട്ടുകാരികൾ പൊട്ടിച്ചിരിച്ചു. സരസു ചിരിച്ചില്ല. ഇപ്പോഴും അവൾ എന്നെ മന്ത്രിയായി കാണാൻ ആഗ്രഹിക്കുന്നുണ്ടാവും.

ഒരു രണ്ടണാ തുട്ടെടുത്ത് എന്റെനേരെ നീട്ടിക്കൊണ്ട് അവൾ പറഞ്ഞു.

"കുഞ്ഞുമോൻ മുട്ടായി മേടിക്ക്."

എനിക്കു ചിരിക്കാതിരിക്കാൻ കഴിഞ്ഞില്ല ഞാൻ പൊട്ടിച്ചിരിച്ചുകൊണ്ട് അതു് കൈനീട്ടിവാങ്ങി. ഞാൻ പ്രതീക്ഷിച്ചതുപോലെതന്നെ അവളുടെ കണ്ണുകളിൽ ഒരു വെളിച്ചം പരന്നു. ഞാൻ അതു് നിരസിച്ചിരുന്നുവെങ്കിൽ അവൾ കരയുമായിരുന്നുവെന്ന് എനിക്ക് തീർച്ചയുണ്ട്.

അവൾ യാത്രപറഞ്ഞപ്പോൾ എനിക്കു വേദന തോന്നി.

യാത്രയുടെ തുടക്കത്തിൽ പെട്ടെന്നവൾ ചുമച്ചു. ഞാൻ ഞെട്ടിപ്പോയി. ആ ചുമ സൂക്ഷിക്കേണ്ടതാണ്. അതു് അവളെ ഓർമ്മിപ്പിക്കണമെന്നു് തോന്നി. അപ്പോഴേക്കും അവൾ അകന്നു കഴിഞ്ഞിരുന്നു. അകലെ നിന്നു്—സരസുവിന്റെ തൊണ്ടയിൽ നിന്നു്—ഞെരുങ്ങി പുറത്തുവന്ന ചുമ ആവർത്തിക്കപ്പെടുന്നുവെന്നു എനിക്കു തോന്നി.

അപ്പോഴാണ് അവളുടെ വീട്ടിനേയും ഭർത്താവിനേയുംപററി ചോദിക്കാൻ മറന്നുപോയതോർത്തതു്.

രണ്ടാഴ്ച കഴിഞ്ഞതുകൊണ്ടാണെന്നു് തോന്നുന്നു, സരസുവിനെപ്പററി ചിന്തിക്കാൻ ഞാൻ മറന്നിരുന്നു. ഒരു ഞായറാഴ്ച.

സരസുവിന്റെ ബന്ധക്കാരൻ ചെറുക്കൻ ഹോസ്റ്റലിൽ വന്നു. എങ്ങനെയാണെന്നറിഞ്ഞില്ല. അവൻ എന്നെ കണ്ടെത്തി.

"എന്താടാ?"

"ഉദാസീനതയോടെ ഞാൻ ചോദിച്ചു."

"കുഞ്ഞമ്മയ്ക്കു് മാമനെ കാണണമെന്നു പറഞ്ഞു."

അവൻ എന്റെനേരെ നോക്കിപ്പറഞ്ഞു. 'മാമൻ' എന്ന വാക്കുകൊണ്ട് അവൻ ഉദ്ദേശിക്കുന്നതു് എന്നെയാണ്.

"ഉം? സരസുവിനെന്താ?"

"ചൊമച്ചു് ചൊമച്ചു് ചാവാറായി."

പിന്നെ അധികതാമസമുണ്ടായില്ല. വാർഡനെക്കണ്ട് കാര്യമറിയിച്ചപ്പോൾ അദ്ദേഹം അനുവാദം നൽകി

സരസുവിന് എഴുന്നേൽക്കാനാവില്ല. ധാരാളം ചുമയ്ക്കുന്നു.

നാലു തൂണുകളെ തലോടുന്ന ഒരോലപ്പുരയുടെ അകത്താണവൾ. വല്ലാത്ത ദുർഗ്ഗന്ധം.

ഞാൻ അകത്തു കടന്നപ്പോൾ അവൾ കണ്ണുതുറന്നു. ചുററം കുറേ പെണ്ണുങ്ങളുണ്ട്. അവർ മാറിനിന്നു.

"കുഞ്ഞുമോനേ ....!"

അവൾ വിളിച്ചു.

MAR IVANIOS COLLEGE LIBRARY
DIGITAL REPOSITORY

ഞാൻ അവളെ നോക്കിനിന്നു.

"എന്നോടു് ദേഷ്യം തോന്നല്ലേ...."

അവൾ അപേക്ഷിച്ചു

"ആശുപത്രിയിൽ പോയോ?"

പെണ്ണുങ്ങൾക്കു് മറുപടി ഏറെ പറയാനുണ്ടു്. അതിനുമുമ്പു് ഞാൻ ചോദിച്ചു.

"സരസുവിന്റെ ഭർത്താവെവിടെ?"

'അവനിവിടെയല്ല കുഞ്ഞേ. ഒരുകൊല്ലമായിട്ടു ഒരു പെണ്ണും അവനുമായിട്ടു് വേറെ താമസമാ."

'ഞാനിതാ വരുന്നു. ....'

ഞാൻ പുറത്തിറങ്ങി.

ടാക്സി ആശുപത്രിയിൽ എത്തി. സരസുവിനെ അഡ്മിററുചെയ്തപ്പോൾ ഞാൻ ദീർഘശ്വാസം വിട്ടു. അവളെ ആശ്വാസവചനങ്ങൾ കൊണ്ടു് തലോടിയശേഷം ഞാൻ ഹോസ്റ്റലിലേക്കു പോയി.

പിറേറന്നു് ഉണർന്നപ്പോൾ ആരോ പറഞ്ഞു.

"വാർഡർ വിളിക്കുന്നു."

കാര്യമെന്തെന്നറിയാൻ ആഫീസിൽ ചെന്നു.

"ഹോസ്പിററലിൽ നിങ്ങളുടെ സിസ്റ്റർ കിടക്കുകയല്ലേ? ഉടനേതന്നെ അങ്ങോട്ടു ചെല്ലു ..."

ഞാനോടി.

സരസു!

സരസുവിനു് എന്താണു്?

അവൾ മരിക്കുമോ?

ഉള്ളിലൊരു വേവലാതി.

സരസുവിനെ കണ്ടെത്തിയപ്പോൾ ഞാൻ കിതയ്ക്കുന്നുണ്ടായിരുന്നു.

"സരസൂ നിനക്കെന്താ?"

ചെന്നയുടനെ ഞാൻ ചോദിച്ചു.

"ഒന്നുമില്ല കുഞ്ഞേ. ഇവിടിരിക്കൂ". ഞാൻ ഇരുന്നു.

തലേദിവസത്തേക്കാൾ അവൾക്കു് ആശ്വാസമുണ്ടെന്നു് എനിക്കു തോന്നി.

"കുഞ്ഞുമോൻ രാഷ്ട്രീയം പഠിച്ചിട്ടുണ്ടോ?"

പൊടുന്നനെ അവൾ ചോദിച്ചു.

ഞാൻ അമ്പരപ്പോടെ അവളെ നോക്കി. ചുററും ഡാക്ടറും നഴ്സും മററാരൊക്കെയോ നില്ക്കുന്നു.

'ഇല്ല, എന്തിനാ?"

രാഷ്ട്രീയം പഠിക്കാതിരുന്നാ മന്ത്രിയാവാൻ ചാൻസു കിട്ടുല്ലെന്നാ അദ്ദേഹം പറഞ്ഞതു്."

എനിക്കു ചിരിവന്നു.

അവൾക്കീ ഇംഗ്ലീഷ് വാക്കു് ഭർത്താവിൽ നിന്നു കിട്ടിയതാണെന്നു വ്യക്തമാണു്.

ഞാൻ ഡാക്ടരുടെ മുഖത്തു നോക്കി.

വ്യാകുലത നിറഞ്ഞ ആ കണ്ണുകൾ ആ സ്നേഹമയിയുടെ മരണം വിദൂരമല്ലെന്നു് പ്രകടമാക്കുന്നുണ്ടായിരുന്നു.

---

ശുഭാപ്തിചിന്തകൻ ഓരോ അപകടത്തിലും അവസരങ്ങൾ കാണുന്നു. അശുഭാപ്തിചിന്തകൻ ഓരോ അവസരത്തിലും അപകടങ്ങൾ കാണുന്നു

—അജ്ഞാതനാമാ.

വേദന കൂടാതെ ഒന്നും ആരംഭിക്കുന്നില്ല, ഒന്നും അവസാനിക്കുന്നില്ല. മററുള്ളവരുടെ വേദനയിൽ നിന്നാണു നാം ജനിക്കുന്നതു്; നമ്മുടെ വേദനയിൽ മരിക്കയും ചെയ്യുന്നു.

—ഫ്രാൻസിസ് തോംസൺ.

---

MAR IVANIOS COLLEGE LIBRARY DIGITAL REPOSITORY

# മംഗലപ്പുഴ സെമിനാരി

(കെ കൃഷ്ണമൂർത്തി. P. U. C.)

**ചി**ത്രകലയും ശില്പകലയും ഒത്തിണങ്ങിയ ഒരു കലാനിലയം തന്നെയാണ് മംഗലപ്പുഴസെമിനാരി. ഇതു ആലുവായിൽ, പെരിയാററിൻെറ തീരത്താണ് സ്ഥിതി ചെയ്യുന്നതു്. ഈ ഉത്തുംഗസൗധം കാണുവാൻ എനിക്കു് ഭാഗ്യം സിദ്ധിച്ചതു് 1958-ൽ ആണ്—അതായതു് C. M. S. ഇംഗ്ലീഷ് ഹൈസ്കൂളിലെ XI-ാം സ്റ്റാൻഡാർഡിൽ പഠിക്കുന്ന വിദ്യാർത്ഥികളുടെ ഒരു വിനോദയാത്രയ്ക്കിടയിൽ.

ഒരു ദിവസം സായംസന്ധ്യാസമയത്താണ് ഞങ്ങൾക്കു് അവിടെ ചെന്നു ചേരാൻ സാധിച്ചതു്. ആലുവായിൽ ചെന്നതിൻെറ പ്രധാനോദ്ദേശം തന്നെ ഈ പ്രസിദ്ധമായ സെമിനാരിയും D. D. T. ഫാക്ടറിയും സന്ദർശിക്കണമെന്നതായിരുന്നു. ഏതായാലും ഞങ്ങൾ എല്ലാവരും കൂടി ഏകദേശം 6 മണിക്കു് സെമിനാരിയിൽ ചെന്നു. പ്രകൃതിദേവിയുടെ കടാക്ഷം ഏററവും രോമാഞ്ചമണിഞ്ഞു നില്ക്കുന്ന ഒരു ഉയന്ന പ്രദേശത്താണ് അതിൻെറ സ്ഥാനം. ഒരു ഭാഗത്തുകൂടി മനോഹരമായ പെരിയാർനദി കുതിച്ചു പാഞ്ഞു് ഒഴുകുന്നു. മണൽപ്പരപ്പിൽ ആളുകൾ കൂട്ടംകൂടിയിരുന്നു വർത്തമാനം പറയുന്നു. തെങ്ങിൻതോപ്പും തേൻമാവുകളും നിറഞ്ഞ ആ ഭാഗം ഞങ്ങൾക്കു് ഒരു നവജീവൻ നൽകി. യാത്രാക്ഷീണം മറഞ്ഞു! ശരീരത്തിനാകെ ഒരു ഉന്മേഷം. ആ പ്രദേശത്തിൻെറ ഭംഗി വർണ്ണിക്കാൻ ആയിരം തലയുള്ള അനന്തനുപോലും കഴിയുമോ എന്നതു് സംശയമാണ്.

സെമിനാരിക്കു് ചുററും പൂന്തോട്ടങ്ങളുണ്ടു്. അവിടത്തെ പൂക്കളും അവയിലെ സുഗന്ധം വഹിച്ചുകൊണ്ടു പോകുവാൻ ഓടിയെത്തുന്ന മന്ദമാരുതനും മാത്രം മതി ജീവിതസുഖത്തിന്. ഈ പൂന്തോട്ടങ്ങളിൽ ചിലതു് വേദപുസ്തകത്തിലെ ചില പ്രധാന ഭാഗങ്ങളെ സൂചിപ്പിക്കുന്നുണ്ടു്. ഒരു വിശുദ്ധ തടാകവും ഒരു ആട്ടിൻക്കൂട്ടുകൂടിയ ചെറിയ ഒരു പുരയും പ്രത്യേകം സ്മരണീയമാണ്. അതെല്ലാം കണ്ടശേഷം ഞങ്ങൾ ദേവാലയത്തിനകത്തു് കയറി. മാർബിൾ കല്ലാൽ നിർമ്മിതമായ ആ ദേവാലയത്തിൻെറ ഉയരം എത്രയെന്നു് ഊഹിക്കാൻ സാധിക്കുന്നില്ല. ഭിത്തിയിൽ ഓരോ ഭാഗത്തും പുണ്യവാന്മാരുടെ പ്രതിമകൾ കാണാം. എത്ര മനോഹരമായിട്ടാണ് അവ നിർമ്മിച്ചിരിക്കുന്നതു്! യേശുഭഗവാൻെറ സ്തുതിഗീതങ്ങൾ പാടി നടന്നിരുന്ന ആ പുണ്യവാളന്മാർ ഇന്നു് ദിവ്യോദയം ചെയ്തിരിക്കുകയാണോ എന്നു് തോന്നിപ്പോകും, അവ കണ്ടാൽ. അവയെല്ലാം തന്നെ ഇററലി, ഫ്രാൻസ് തുടങ്ങിയ സ്ഥലങ്ങളിൽ നിന്നും കൊണ്ടുവന്നവയത്രേ. അവയും മാർബിൾ. ഇതിലും കൂടുതലായി എന്നെ ആകർഷിച്ചതു് പ്രധാനമണ്ഡപമായിരുന്നു. സ്വർണ്ണത്തിലുള്ള എത്ര കുരിശുകൾ! സത്യത്തിനും, ലോകനന്മക്കും സാക്ഷ്യം വഹിക്കുന്ന ആ കുരിശുകൾ ഞങ്ങളിൽ ഓരോരുത്തരേയും ആകർഷിച്ചു. സ്വർണ്ണച്ചങ്ങലയാലും മററും അലംകൃതമായ ആ മണ്ഡപത്തിൻെറ മദ്ധ്യത്തിലായി ഒരു ചെറിയ മണ്ഡപം. നാലു ചെറിയ കാലുകൾ ആണ് അതിനുള്ളതു്. പച്ച നീലമാർബിൾകൊണ്ടു് നിർമ്മിതമായ അവയിൽ ഓരോന്നിനും അനേകായിരം രൂപാ വിലവരും എന്നു ഞങ്ങൾക്കു അവിടത്തെ അച്ചന്മാർ പറഞ്ഞു് മനസ്സിലാക്കിത്തന്നു. അതിനുള്ളിൽ സത്യത്തിനും, ലോകക്ഷേമത്തിനും വേണ്ടി എത്രയോ കഷ്ടതകൾ അനുഭവിച്ചു്

MAR IVANIOS COLLEGE LIBRARY DIGITAL REPOSITORY

# വരണമാല്യം

(ജി. സോമൻ P. U. C.)

വിടരുകയാണിന്നാരാമത്തിൽ
വാടാമലരുകൾ നീളേ
ഓടിപ്പകരുകയല്ലേ, അതുകളിൽ
നീട്ടറവണ്ണരും കാവ്യം.
നീലച്ചാർത്തിണിചന്ദ്രികയിൽ ഭുവി
മാലററമരും നാകം
ശ്രീലവസന്തപ്പൊലിമയിലാശാ-
താലം നിറയും പൂരം.
ലോലസമീരൻ വനവനി ചുററി-
ത്താളം തുള്ളുകയല്ലേ?
അരുളിപ്പൂക്കൾ ചേർത്തുകൊരുത്തെൻ
കരളിൽ ചാർത്താനായി;
പുളകവുമേന്തിവരും തരുണീ, ഞാൻ
കളവുകളോതുകയില്ല.
പാടിനടക്കും മാമകജീവിത-
നാടകരംഗംതോറും;
കല്ലും, മുള്ളും, കാട്ടുകളും ചേ-
ർന്നല്ലലിനല്ലുകൾ തന്നെ.
നീയോ തരുണീ, മഴവില്ലെതിരൊളി-
കായം മാനസതാരം!
മർത്ത്യന്നു സുഖമാം യൗവനകാലം,
മുഗ്ദ്ധമനോഹരഗീതം.
ചിത്തം മോഹനസങ്കല്പങ്ങൾ
കൊത്തി വിടർത്തും കാലം
അരുളിപ്പൂവിൽ മാല്യവുമായെൻ
ചാരത്തെത്തും റാണീ!
എന്നിലുറഞ്ഞു നിറഞ്ഞു ഉള്ളമ്പും
സുന്ദരഗാനമതെന്ന്യേ;
ഒന്നും പുനരിങ്ങേകാനില്ലയി
നിന്നിഷ്ടം പോലാവാം!

MAR IVANIOS COLLEGE LIBRARY
DIGITAL REPOSITORY

ഒടുവിൽ തന്റെ ജീവനെ ത്യാഗത്തിന്റെ ബലിപീഠത്തിൽ ആഹുതി ചെയ്ത ആ പുണ്യാത്മാവായ ക്രിസ്തുവിന്റെ മനോഹരമായ ഒരു പ്രതിമയാണ് വച്ചിരിക്കുന്നത്. ആ കണ്ണുകളിൽനിന്നു പ്രവഹിക്കുന്ന തേജഃപ്രസരം! ഹാ! എന്തൊരു നിശ്ശബ്ദതയാണ് അവിടെ കളിയാടുന്നത്! ആ പ്രതിമയിൽത്തന്നെ നോക്കി നിന്ന ഞങ്ങൾ അപ്രകാരം തന്നെ കുറച്ചു സമയത്തേക്ക് അവിടെ നിന്നുപോയി. ആ പുണ്യസ്വരൂപന്റെ മുൻപിൽ അപരാധങ്ങൾ ഏററു പറഞ്ഞ് താണുവീണു നമസ്കരിക്കുവാൻ തന്നെ ഞങ്ങൾ നിശ്ചയിച്ചു. ഞങ്ങൾ അവിടെവച്ച് പ്രാർത്ഥിക്കുകയും ചെയ്തു.

അതു കഴിഞ്ഞ് ആ സൗധത്തിന്റെ മുകൾഭാഗത്തേക്ക് ഞങ്ങൾ കയറി. അവിടെനിന്ന് പരിസരപ്രദേശങ്ങളെയെല്ലാം ദർശിച്ചു. സെമിനാരിയിലെ ഇലക്ട്രിക്ക് ഓർഗണും ഞങ്ങളെ ആകർഷിച്ചു. അതിൽനിന്നും ഉയന്ന മധുരഗാനങ്ങൾ എത്ര ഇമ്പമേറിയതാണ്! എല്ലാ ഭാഗവും സന്ദർശിച്ചശേഷം അവിടെ പഠിക്കുന്ന അച്ചന്മാരുടെ ഹോസ്റ്റൽ സന്ദർശിച്ചു. എന്നെയും മററ് എല്ലാവരെയും സഹായിച്ച്, ആ ഭാഗങ്ങൾ കാണിച്ച് വേണ്ടവിധം മനസ്സിലാക്കിത്തന്ന ആ അച്ചന്മാരുടെ ഭൂതദയ എങ്ങനെ വർണ്ണിക്കേണ്ടു! എന്തൊരു സ്നേഹം! എത്ര സുസ്മേരമായ മുഖം! കളങ്കമില്ലാത്ത വാക്കുകൾ! എന്റെ ജീവിതത്തിൽ തീരാത്ത ഒരു മുദ്ര പതിച്ചതു ആ സെമിനാരിയാണ്. അവിടുത്തെ സ്തുതിഗീതങ്ങൾ ഇന്നും എന്റെ കാതുകളിൽ മുഴങ്ങിക്കൊണ്ടിരിക്കുന്നു. അവിടുത്തെ അച്ചന്മാരുടെ ഭൂതദയയും സ്നേഹശീലവും എന്റെ ജീവിതത്തിൽ പ്രദർശിപ്പിക്കാൻ ഞാൻ ശ്രമിക്കുകയാണ്.

# 'മനോമോഹനമായ ടാജ്'

(റാഹേൽ വറുഗീസ്)

ഞങ്ങൾ 36 ഡി. എസ്. എസ്. വിദ്യാർത്ഥികളും 2 അദ്ധ്യാപകന്മാരും ചേർന്ന് ഒരു ഭാരതപര്യടനം നടത്തുകയുണ്ടായി. ഏതാണ്ട് 23 ദിവസങ്ങൾ അതിലേയ്ക്കു ചെലവഴിച്ചു. ഞങ്ങളുടെ പര്യടനോദ്ദേശങ്ങൾ പലതുംസഫലമായി. ഭാരതത്തിലെ സംസ്കാരകേന്ദ്രങ്ങളായ മദ്രാസ്, കൽക്കട്ട, ഡൽഹി, ബോംബെ എന്നീ വിവിധ പട്ടണങ്ങൾ ആവോളം കണ്ടു. എന്നാൽ ഇപ്പോൾ പര്യടനത്തെപ്പററി ഒന്നു വിചിന്തനം ചെയ്തു നോക്കിയതിൽ എനിക്ക് അയവിറക്കുവാനുള്ളതു് മററൊന്നുമല്ല.... ....ആഗ്രായിൽ ഷാജഹാനാൽ നിർമ്മിതമായ സുശോഭനമായ 'ടാജ് മഹൽ'– അതേ, വെറും മാർബിൾകൊണ്ടുമാത്രം പണിതീർത്തിട്ടുള്ള ശുഭ്രസൗധം.

ടാജ്മഹലിനെപ്പററി ചെറുപ്പത്തിലേ എനിക്ക് ഗ്രഹിക്കുവാനിടയായിട്ടുണ്ട്; ഷാജഹാൻ തന്റെ പ്രേമഭാജനത്തിന്റെ സ്മരണയ്ക്കായി ലക്ഷോപലക്ഷം രൂപ ചെലവഴിച്ച് നിർമ്മിച്ചതാണ്, അതു് ലോകത്തിലെ അൽഭുതങ്ങളിലൊന്നാണ് എന്നും മററും....മററും. എന്റെ ഉള്ളിൽ അന്നു തുടങ്ങിയതാണ് ഒരു മോഹം, ആ പ്രസിദ്ധ ശവകുടീരം ഒരു നോക്കു കാണണമെന്ന്.... ....

ഡിസംബർ 28, 1959—അതൊരു സുദിനമായിത്തന്നെ ഞങ്ങൾ കരുതി—ഡൽഹിയിലെ ഒരു ഹോട്ടലിൽനിന്ന് ഉച്ചഭക്ഷണവുംകഴിഞ്ഞ് പ്രത്യേകംസജ്ജമാക്കിയിരുന്ന ബസ്സിൽ ഞങ്ങൾ കയറി ഇരിപ്പായി—എവിടേക്കു? ആഗ്രായിലേക്ക് ഒരു ഉല്ലാസയാത്ര—യാത്ര സുഖകരംതന്നെ. പക്ഷേ, മണലരണ്യത്തിലൂടെ കടന്നുപോകുന്ന ഒരു പ്രതീതി. ഒട്ടകങ്ങൾ, മയിലുകൾ, കുരങ്ങന്മാർ, കാററിക്കാഴ്ചകൾ, കരടി, (നാട്ടുകരടിയാണേ!) ഗോപുരങ്ങൾ അങ്ങനെ പലതും യാത്രയിൽ സന്ദർശിക്കുവാനിടയായി. സമയം വൈകിത്തുടങ്ങി—എങ്ങും അന്ധകാരം വ്യാപിച്ചു. ഹാവൂ! മണി ഒൻപതുമായി–ഡ്രൈവർ ടാജ് മഹലിന്റെ വാതില്ക്കൽ ബസ്സ് നിറുത്തി.

ടാജ്മഹലിന്റെ പരിസരമെല്ലാം അനന്യസാധാരണമായ ഒരു പ്രശാന്തത—സർവ്വത്ര കൂരിരുട്ട്—എന്തുചെയ്യാം! അതിനകത്തേക്ക് കാലുകുത്തുവാൻ പോലും ഭയംതോന്നി. ആ കാളരാത്രി ബസ്സിലിരുന്നുതന്നെ കഴിച്ചുകൂട്ടി—എന്തിനു? മററൊന്നിനുമല്ല—ഉദയസൂര്യന്റെ ചെങ്കതിരുകളേററ് പ്രശോഭിക്കുന്ന ടാജ്മഹലിനെ ഒരു നോക്കു കാണുന്നതിന്.

സൂര്യൻ ഉദിച്ചയുടൻതന്നെ ഞങ്ങൾ രണ്ടു കാവൽക്കാരാൽ അനുഗതരായി ടാജിന്റെ കവാടത്തിനകത്തേക്കു പ്രവേശിച്ചു. അപ്പോൾ ഹരിതനിറത്തിലുള്ള വൃക്ഷലതാദികളുടെ വെൺമയേറിയ ആ സൗധം മുന്നിൽ കാണപ്പെട്ടു. സൗധത്തിന്റെ നടുവിലുള്ള വിസ്തൃതമായ മകുടത്തിന്റെ മാററുകൂട്ടാനെന്നവണ്ണം ഈരണ്ടു ചെറിയ മകുടങ്ങൾകൂടി ഇരുവശങ്ങളിലായി ഘടിപ്പിച്ചിട്ടുണ്ട്. ശവകുടീരത്തിന്റെ മുന്നിൽക്കൂടി ഒഴുകുന്ന വെള്ളത്തിൽ കാണുന്ന അതിന്റെ യഥാർത്ഥ പ്രതിബിംബം മനുഷ്യരെ മനംകുളിർപ്പിക്കുന്ന സംഗതിയാണ്. സൗധത്തിലേക്കുള്ള പാതയുടെ ഇരുവശങ്ങളിൽ നിൽക്കുന്ന സ്തൂപികാഗ്രവൃക്ഷങ്ങൾ ശവകുടീരത്തിന്റെ മോടിപിടിപ്പിക്കുന്നുണ്ട്.



MAR IVANIOS COLLEGE LIBRARY
DIGITAL REPOSITORY

# വിടരേണ്ട ഒരു പുഷ്പം

## (ബി. ഗിൽബർട്ട്)

'ശേഖർ പിക്ചറിന് വരുന്നുണ്ടോ?'

ആ നിശ്ശബ്ദതയെ ഭഞ്ജിച്ചത് ശേഖറിന്റെ ഉത്തമ സ്നേഹിതനായ മധുവാണ്. കുനിഞ്ഞിരുന്ന് കരഞ്ഞുകൊണ്ടിരുന്ന ശേഖർ ഒന്നു ഞെട്ടി. കണ്ണുനീർക്കണങ്ങളാൽ ആവരണം ചെയ്യപ്പെട്ട ആ മുഖം ഒന്നുയർന്നു. ക്രമാധികമായ മനഃക്ലേശം അവന്റെ സുന്ദരമായ മുഖകമലത്തിൽ കാർമേഘപടലങ്ങൾ സൃഷ്ടിച്ചിരുന്നു. അവൻ കൃത്രിമപ്പുഞ്ചിരിയാൽ മുഖം പ്രകാശമാനമാക്കാൻ ശ്രമിക്കുകയാണ്. എന്നാൽ പുഞ്ചിരി മാറിക്കഴിഞ്ഞിരിക്കുന്നു. ആ മുഖം ഇപ്പോൾ വികസിക്കേണ്ടതല്ല. വിടരാൻ വൈകിയ താമരമൊട്ടിന്റെ കഥ പറയാനുണ്ടോ? പ്രസന്നവദനനായിരുന്ന ശേഖർ ഭാവിയുടെ വിചാരശരത്താൽ നിലം പതിച്ചിരിക്കുകയാണ്. ഏതായാലും ഒരു പിഞ്ചുഹൃദയത്തെ വേദനിപ്പിച്ചത് കഠിനമായിപ്പോയി. ഒരു മനുഷ്യനാണ് ആവിധം കാട്ടിയതെങ്കിൽ എങ്ങിനെയെങ്കിലും ആശ്വാസം നേടാമായിരുന്നു. പക്ഷേ, പ്രകൃതിയോട് മനുഷ്യൻ എന്താണു ചെയ്യുക?

തന്റെ പിക്ചർ! ഞാൻ മനോവേദനയിൽ മുഴുകിയിരിക്കുന്നു. ചോദ്യം കേട്ടില്ലേ, പിക്ചറിന് പോകുന്നില്ലേയെന്ന്? ശേഖർ അത് പറഞ്ഞില്ല. അവൻ അത് മനസ്സിൽ വിചാരിച്ചതേയുള്ളു.

"ഞാൻ വരുന്നില്ല. താൻ പോക്കൂ."

ആ ചുണ്ടുകൾ എങ്ങിനേയോ ഇത്രയും പറഞ്ഞു തീർത്തു.

"എന്താ, കുനിഞ്ഞിരുന്ന് കരയുകയാണല്ലോ. ഹേയ്, എന്താ സംഗതി?

മധു ദ്രുതഗതിയിലാണ് ചോദിച്ചത്. ആ ചോദ്യത്തിൽ അല്പംപോലും മാർദ്ദവമുണ്ടായിരുന്നില്ല. സഹതാപമുള്ള ഹൃദയത്തിൽ നിന്നാണ് അതു വന്നിരുന്നതെങ്കിൽ............!

നീറുന്ന ഹൃദയമുണ്ടോ അതിനു മറുപടി നല്കുന്നു?

മധുവിന് അന്ന് സിനിമാകാണാൻ പോയേ തീരൂ. അവൻ ചില കൂട്ടുകാരെയൊക്കെ ക്ഷണിക്കുകയും ചെയ്തിരുന്നു. അവരെല്ലാം ആ ക്ഷണം നിരസിക്കുകയാണുണ്ടായത്. അതിനും

---

ശവകുടീരത്തിനകത്തു പ്രവേശിച്ചാൽ വഴുതി വീഴുമോ എന്നു സംശയിക്കേണ്ടിയിരിക്കുന്നു. ഭിത്തികളിൽ ചെയ്തിട്ടുള്ള ചിത്രവേലകൾ അതിവിചിത്രം തന്നെ! ഞങ്ങളെ അനുഗമിച്ചിരുന്ന കാവൽക്കാർ, കുടീരത്തിനുള്ളിൽവച്ച് ഒരു ഗാനം ആലപിച്ചപ്പോൾ, അതിന്റെ പ്രതിധ്വനി 15 മിനിട്ടുനേരം നീണ്ടുനിന്നു.

ടാജ്മഹലിനെ വർണ്ണിക്കുന്നതിൽ ഞാൻ പരാജയമടഞ്ഞോ എന്നു സംശയിക്കുന്നു. ഏതായാലും ഞാൻ അതിനെ ചുററിനടന്ന് കണ്ടതിനു ശേഷം ഒരു ഫോട്ടോയും എടുത്തിട്ട് മടങ്ങി.

ആഗ്രായിലുള്ള ഈ ഹൃദ്യഹർമ്മ്യം അഥവാ കലയുടെ സമാഹാരമായ ടാജ്മഹൽ ചെന്ന് കാണുന്നതിന് മററുള്ളവർക്ക് പ്രചോദനം നൽകിക്കൊണ്ട് എന്റെ ഈ എളിയ ലേഖനം ഉപസംഹരിച്ചുകൊള്ളുന്നു.



MAR IVANIOS COLLEGE LIBRARY DIGITAL REPOSITORY

കാരണമുണ്ട്. പരീക്ഷ അടുക്കാറായി. ഇനിയെങ്കിലും നന്നായി പഠിക്കണം എന്ന് അവക്ക് ആഗ്രഹമുണ്ട്.

ലോഡ്ജിൻെറ ഗേററ് കടന്നപ്പോഴാണ് മധു ശേഖറിനെ കണ്ടത്. അവൻ പുസ്തകവുമായി മാവിൻചുവട്ടിൽ കുനിഞ്ഞിരിക്കുകയായിരുന്നു. ഒററനോട്ടത്തിൽ മധുവിനു തോന്നിയത് ശേഖർ പഠിക്കുന്നെന്നാണ്. ഏതായാലും ശേഖറിനെ ഒന്നു വിളിച്ചു നോക്കാം. അവൻ പാവമല്ലേ, ചിലപ്പോൾ വന്നേക്കും. ഈ വിധമുള്ള വിചാരങ്ങളോടെയാണ് അയാൾ ശേഖറിനെ സമീപിച്ചത്.

"പോക്കു. പി—ന്നെ പറയാം."

വിക്കുകൾ നിറഞ്ഞ വാക്കുകളാണ് ശേഖറിൻെറ നാവിൽനിന്ന് പുറത്തേക്കു വന്നത്.

മധു ദ്രുതഗതിയിൽ നടന്നകന്നു. ദരിദ്രനായ ഒരു സ്നേഹിതൻെറ ദുഃഖത്തിൽ സഹതപിക്കുവാൻ ധനികനായ മധുവിന് എങ്ങനെ കഴിയും? അവൻ ഇതിനകം തിയേററിൽ എത്തിക്കഴിഞ്ഞു. പിന്നെ ടിക്കററിന് ബദ്ധപ്പെടുകയാണ്. ഒരുവൻ ദുഃഖിക്കുന്നു; ദുഃഖത്താൽ പരവശനാകുന്നു. മറെറാരുവൻ അതേസമയം സന്തോഷിക്കുന്നു. അവൻ സുഖപ്രദമായ രംഗങ്ങൾ ആരായുകയാണ്.

ശേഖറിൻെറ ഹൃദയാന്തർഭാഗത്തേക്ക് കുത്തിയിറക്കപ്പെട്ടത്, വിചാരവികാരങ്ങളാൽ പണിതെടുത്ത ഒരു ക്രൂരമ്പാണ്. അവൻ സന്ധ്യവരെ ആ മാവിൻ ചുവട്ടിലിരുന്ന് കണ്ണുനീർ വാർത്തു. അതിനുശേഷം സ്വബോധമററവനെപ്പോലെ ലോഡ്ജിലേക്ക് തിരിച്ചു. പിന്നീട്ട് അന്നത്തെ ഊണുപോലും ഉപേക്ഷിച്ച് ശയ്യയെ ശരണം പ്രാപിക്കുകയും ചെയ്തു.

അവൻ പലതും ആലോചിക്കുകയാണ്. എല്ലാം ഭാവിയെക്കുറിച്ചും, സ്നേഹനിധിയായ അമ്മയേയും അമ്മാവനെയും കുറിച്ചും മാത്രമായിരുന്നു. അവൻെറ മുറിയിലെ ഓരോ സാധനങ്ങളും വളരെവേഗം കറങ്ങുന്നതുപോലെ അവനു തോന്നി. ശേഖർ രണ്ടുകണ്ണും കൈകൾകൊണ്ടു മൂടി, കമിഴ്ന്നു കിടന്നു. ജന്നലിൽക്കൂടി കടന്നുവന്ന അന്തിക്കാററ് അവനെ തലോടി. പക്ഷികളെല്ലാം തങ്ങളുടെ കൂടുകളെ അഭയം പ്രാപിച്ചുകഴിഞ്ഞു. പ്രകൃതി മൂകത അവലംബിച്ചു. വിചാരതരംഗങ്ങൾ ആ ഹൃദയത്തെ കുത്തിത്തകർക്കുകയാണ്. അവന് ഇനി ലോകത്ത് ആശ്രിതനായി ആരാണുള്ളത്? സർവേശ്വരനൊഴികെ ആരുമില്ല. ജീവിതം നരകതുല്യമായി അവന് അനുഭവപ്പെടുകയാണ്. അവൻ വേദനയാൽ ഉഴറുകയാണ്.

* * * * *

രാമചന്ദ്രക്കുറുപ്പ് ഒരു വലിയ ധനികനായിരുന്നു. അദ്ദേഹത്തിന് കണക്കിലധികം സ്വത്തുക്കളുമുണ്ടായിരുന്നു. മക്കളില്ലാതിരുന്ന ആ ദമ്പതികൾക്ക് ദൈവത്തോടുകൂടുതൽ അടുക്കുവാൻ കഴിഞ്ഞു. അപ്പോൾ അവർ ധനത്തെയല്ല, ദൈവത്തെയാണ് സ്നേഹിച്ചത്. പ്രാർത്ഥനകളുടെയും വഴിപാടുകളുടെയും ഫലമെന്നവണ്ണം അവർക്ക് ഒരു പുത്രൻ ജനിച്ചു. അതാണ് വേണു. വേണുവിനെ അങ്ങേയററംവരെ പഠിപ്പിക്കണമെന്ന ആഗ്രഹം ആ മാതാപിതാക്കളിൽ ഉദയംചെയ്തു. അതനുസരിച്ച് വേണുവിന് പത്തു വയസ്സായപ്പോൾത്തന്നെ മാതാപിതാക്കളെപ്പിരിഞ്ഞു ഇംഗ്ലണ്ടിലേക്കു പോകേണ്ടിവന്നു. ആ വേർപെട്ട ജീവിതം അവനെ ആദ്യം വ്യസനാധീനനാക്കി തീർത്തെങ്കിലും മാതാപിതാക്കളുടെ ആജ്ഞക്ക് അവൻ കീഴ്പ്പെടേണ്ടിവന്നു.

ക്രമേണ ഇംഗ്ലണ്ടിലെ വൻമാളികകൾ അവൻെറ ശ്രദ്ധയെ ആകർഷിച്ചു. അങ്ങനെ അവിടത്തെ ജീവിതം അവന് സുഖപ്രദമായി തോന്നിത്തുടങ്ങി. വർഷത്തിൽ ഒരു പ്രാവശ്യം മാത്രമേ വേണു മാതാപിതാക്കളെ സന്ദർശിക്കുന്നതിനു സ്വദേശത്തേക്കു വരുമായിരുന്നുള്ളു.

രണ്ടാംലോകമഹായുദ്ധം ചീറിയടുത്തു. ക്ഷാമം പല ഭാഗങ്ങളിലും ബാധിച്ചു. അതു ലോക

MAR IVANIOS COLLEGE LIBRARY DIGITAL REPOSITORY

ത്തിൽ പല മാററങ്ങൾക്കും കാരണഭൂതമായി. അനേകലക്ഷം ജനങ്ങളുടെ ജീവഹാനിക്കും രണ്ടാംലോകമഹായുദ്ധം ഇടയാക്കിത്തീർത്തു. രാമചന്ദ്രക്കുറുപ്പിൻെറ സ്വത്തുക്കളിൽ ഭൂരിഭാഗവും നഷ്ടപ്പെട്ടു. അദ്ദേഹത്തിൻെറ വൻ മാളികയും തകർന്നുപോയി. അദ്ദേഹവും പത്നിയും ഒരു കുടിലിലേക്ക് താമസം മാററുകയും ചെയ്തു.

"മാളികമുകളേറിയ മന്നൻെറ
തോളിൽ മാറാപ്പു കേററുന്നതും ഭവാൻ."

വേണുവിന് വിദ്യാർത്ഥിജീവിതം വെറുപ്പായി തോന്നി. മാത്രമല്ല, യുദ്ധം വരുത്തിക്കൂട്ടിയ വിനകൾ കാണുവാൻ അവൻ വെമ്പൽകൊള്ളുകയാണ്. അവൻ അച്ഛനെഴുതി. "ഞാൻ നാട്ടിലേക്ക് മടങ്ങുന്നു" എന്ന്. രാമചന്ദ്രക്കുറുപ്പ് അന്ധാളിച്ചുപോയി. ഇനി എങ്ങനെയാണ് ഓമനപ്പുത്രനെ സ്വീകരിക്കുക? അച്ഛൻെറ മറുപടിക്കുപോലും കാത്തു നിൽക്കാതെ വേണു നാട്ടിലേക്കു തിരിച്ചു. കണ്ട മാത്രയിൽ ഇരുവരും ആലിംഗനബദ്ധരായിക്കഴിഞ്ഞു. കുറുപ്പ് ഓരോ സംഗതിയും വിവരിച്ചു പറഞ്ഞു. വിവാഹിതനാകണമെന്ന മാതാപിതാക്കളുടെ ആഗ്രഹത്തിന് വേണു കീഴടങ്ങി.

